# ജനപഥം

ഒക്ടോബർ 2012


## ഉള്ളടക്കം


6
**സമഗ്രവികസനം പ്രവാസി പങ്കാളിത്തത്തോടെ**
കെ.സി. ജോസഫ് - പ്രവാസി മന്ത്രി

10
**ഗൾഫ് പ്രവാസത്തിന്റെ അൻപതു വർഷങ്ങൾ**
വാൾട്ടർ ഡിക്രൂസ്/നാഫി മുഹമ്മദ്

16
**പ്രവാസം; പറിച്ചുനട്ട ജീവിതങ്ങൾ**
മുസാഫിർ

22
**അതിരുകൾ മായുന്ന ആകാശങ്ങൾ**
എസ്.എൻ. റോയ്

28
**ഏകാന്തതയുടെ അൻപതുവർഷങ്ങൾ**
സിഹാബുദ്ദീൻ പൊയ്ത്തുംകടവ്

30
**ചാവക്കാട് : പ്രൗഢിയോടെ മിനിഗൾഫ്**
സക്കീർ ഹുസൈൻ

32
**വിപുലമാകുന്ന ചക്രവാളം**
മണമ്പൂർ സുരേഷ്







4
**ഗാന്ധിജിയുടെ കേരള യാത്രകൾ**
വിനു എ.

26
**ഫോട്ടോ ഫീച്ചർ : എമർജിങ് കേരള**

34
**ഒക്ടോബറിന്റെ ഓർമ**
**സബർമതിയിൽനിന്നും ഒരു പിടിമണ്ണ്**
ദേവദത്ത് ജി. പുറക്കാട്

37
**സത്യഗ്രഹം അർഥവും വ്യാപ്തിയും**
ഡോ. ടി. മാത്യു ഫിലിപ്പ്

39
**അനുസ്മരണം**

40
**ചരിത്രം പറയുന്ന പൊലീസ് മ്യൂസിയം**
മുഖത്തല ശ്രീരാജ്

44
**ദേവഭൂമി ഉത്തരാഞ്ചൽ-യാത്രാ വിവരണം**
ഉണ്ണിക്കൃഷ്ണൻ ഉളിയക്കോവിൽ

2 ആരോഗ്യം, ഹരിതജാലകം
41 ജില്ലകളിലൂടെ
46 ചരിത്രത്തിലൂടെ
47 വാർത്തയിൽ
48 പെൺജീവിതം
50 പുസ്തകപരിചയം
51 സമീക്ഷ
52 കാലത്തിനൊപ്പം

■ ഡോ. ബീന വേണു

# ഇഞ്ചിയും മുളകും ഉയരങ്ങളിലേക്ക്



വറ്റൽമുളകിനും ഇഞ്ചിക്കും അന്താരാഷ്ട്ര മാർക്കറ്റിൽ കൂടുതൽ മാന്യത ലഭ്യമായിരിക്കുന്നു. മഞ്ഞളിന് ലഭിച്ച അംഗീകാരത്തിനു പിന്നാലെയാണിത്. കാൻസർ ഗവേഷണരംഗത്താണ് ഇവയുടെ പ്രസക്തി. ആധുനിക ആഹാരശീലവും ജീവിതരീതികളും സംഘർഷവും തെരക്കും കാൻസർ രോഗങ്ങൾക്കിടയാക്കുന്നു. ആധുനിക സാഹചര്യങ്ങൾ കാൻസർ രോഗികളുടെ എണ്ണത്തിൽ വമ്പിച്ച വർധനയ്ക്കു കാരണമാകുന്നു.

കാൻസർ ചികിത്സയ്ക്കായി നാം വളരെയധികം ധനം ചെലവിടുന്നുണ്ട്. എന്നാൽ നമ്മുടെ നിത്യാഹാരത്തിൽ ഒന്നു ശ്രദ്ധിച്ചാൽ മാരക രോഗങ്ങളിൽ നിന്നും രക്ഷപെടാൻ കഴിയുമെന്നാണ് വാഷിംഗ്ടൺ ആസ്ഥാനമായുള്ള അമേരിക്കൻ അസോസിയേഷൻ ഓഫ് കാൻസർ റിസർച്ചിന്റെ അഭിപ്രായം.

അവർ വറ്റൽ മുളകും ഇഞ്ചിയും അടിസ്ഥാനമാക്കി പഠനം നടത്തി. പാൻക്രിയാസിലെ കാൻസർ മുഴകളെ മുളക് തടയും. അതേസമയം ഇഞ്ചി അണ്ഡാശയ കാൻസറിനെ തടയുന്നു. ഇഞ്ചിയുടെ ഗുണം കേരളീയരായ നാം വളരെ പണ്ടേ അറിഞ്ഞിരുന്നു. നൂറ്റൊന്നു കൂട്ടാൻ കറിയെന്നോ ആയിരത്തൊന്നു കൂട്ടാൻ കറിയെന്നോ വിശേഷിപ്പിക്കപ്പെടുന്ന ഇഞ്ചിക്കറിയാണ് നമ്മുടെ സദ്യകളിലെ പ്രധാന വിഭവം. തൂശനിലയിൽ ആദ്യം വിളമ്പുന്നതും ഇഞ്ചിതന്നെ.

മുളക് ചേർക്കാത്ത കേരളീയ ഭക്ഷണം അപൂർവമാണ്. മുളകിൽ അടങ്ങിയിട്ടുള്ള കാപ്സിയാസിൻ എന്ന ആൽക്കലോയ്ഡാണു മുളകിന് എരിവും ചൂടും നൽകുന്നത്. ഈ രാസഘടകമാണ് കാൻസർ കോശങ്ങളെ നശിപ്പിക്കുന്നത്. ആ പ്രക്രിയയെ apoptosis എന്നു വിളിക്കുന്നു. Apoptosis, autophagy എന്നീ പ്രക്രിയകളിലൂടെയാണ് ഇഞ്ചി അണ്ഡാശയ കാൻസർ കോശങ്ങളെ നശിപ്പിക്കുന്നത്.

യൂണിവേഴ്സിറ്റി ഓഫ് മിച്ചിഗൺ കോംപ്രിഹെൻസീവ് കാൻസർ സെന്ററാണ് അണ്ഡാശയ കാൻസർ കോശങ്ങളെ നശിപ്പിക്കാൻ ഇഞ്ചിക്കാവുമെന്ന് കണ്ടെത്തിയത്. ഇവയ്ക്ക് ഇതര കാൻസർ ഔഷധങ്ങളെപ്പോലെ പാർശ്വഫലമില്ലായെന്നുമാത്രമല്ല നൂറിൽ നൂറ് ഫലവത്തുമത്രേ! ■



■ പ്രശാന്ത് വെമ്പായം

# സ്കൂട്ട് മരം African Tulip Tree
## (ഫൗണ്ടൻ മരം) (Spathodea Campanulata)



10 മുതൽ 35 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ആഴാന്ത കുടുംബത്തിൽപ്പെട്ട ഒരു മരമാണിത്. ആഫ്രിക്കയാണ് സ്വദേശം. 19 ാം നൂറ്റാണ്ടിലാണ് അലങ്കാരത്തിനുവേണ്ടി കൊണ്ടുവന്നത്. ജനുവരി മുതൽ വേനൽക്കാലം വരെ പൂവുണ്ടാകും. ഓറഞ്ച് കലർന്ന ചുവപ്പുനിറമാണ്. പൂവിന്റെ അഗ്രങ്ങളിലെ ഇളം മഞ്ഞനിറം ഇതിന് ശോഭ കൂട്ടുന്നു. പൂക്കൾ കുലയായാണ് കാണപ്പെടുന്നത്. മൊട്ടിനുള്ളിൽ ജലം ഉണ്ടാകും. ഇത് അമർത്തിയാൽ ജലം പുറത്തേക്ക് വരും. ഇതിനാൽ ഫൗണ്ടൻ മരം എന്നും അറിയപ്പെടുന്നു.

ഒരു ഫലത്തിൽ 500 ഓളം വിത്തുകളുണ്ടാകും. വിത്തുവിതരണം കാറ്റുവഴിയാണ്. അഴാന്തയുടെ വിത്തുമായി ഇതിന് വളരെ സാമ്യമുണ്ട്. ■

# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഒക്ടോബർ 2012
പുസ്തകം 1 ലക്കം 8
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**അശ്വതി വി.പി.**
**നാഫിഹ് എം.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**എൻ. സുനിൽകുമാർ**
ഫോൺ : 0471-2517036

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ഡോ. സി. വേണുഗോപാൽ,** പത്തനംതിട്ട
- **പി.എസ്. രാജശേഖരൻ,** ഇടുക്കി
- **പി.ആർ. റോയി,** ആലപ്പുഴ
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **ടി.സി. ജോസഫ്,** കോട്ടയം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **സി. ഉണ്ണിക്കൃഷ്ണൻ,** ന്യൂഡൽഹി



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2518171**


## മുഖക്കുറിപ്പ്

# പ്രവാസം ഒരു തുടർച്ച

പ്രവാസത്തിന് മനുഷ്യകുലത്തോളംതന്നെ ചരിത്രമുണ്ട്. മലയാളിയുടെ പ്രവാസത്തിനും നൂറ്റാണ്ടുകളുടെ ദൈർഘ്യമുണ്ട്. പണ്ട് സിലോണിലേക്കും ബർമയിലേക്കും തൊഴിൽതേടിപോയ മലയാളി, പിന്നെ സിങ്കപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലേക്ക് ജീവിതം മെച്ചപ്പെടുത്തുന്നതിന് കപ്പൽ കയറി. എന്നാൽ അതൊക്കെ ഒരു ന്യൂനപക്ഷത്തിന്റെ യാത്രകളായിരുന്നു.

അറുപതുകളുടെ അവസാനവും എഴുപതുകളുടെ ആദ്യവും തുടങ്ങുന്ന പേർഷ്യൻ യാത്രകൾ നമ്മുടെ സാമൂഹിക ചരിത്രംതന്നെ മാറ്റിയെഴുതി. ആദ്യം പേർഷ്യയെന്നും പിന്നെ ദുബായ് എന്നും ഇപ്പോൾ ഗൾഫ് എന്നും പറയുന്ന രാജ്യങ്ങളിലേക്ക് മലയാളിയുടെ ഒഴുക്കിന് ഇന്നും വലിയ കുറവു വന്നിട്ടില്ല.

അവിദഗ്ധ തൊഴിലാളികളുടെ ഗൾഫ് കുടിയേറ്റം ആ കാലത്തെ പ്രതിഭാസമായിരുന്നു. അത് ഒരു പരിധിവരെ സാധാരണക്കാരന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമായി. പിന്നെ തൊഴിൽ വൈദഗ്ധ്യം നേടിയ ഒരു തലമുറ തൊഴിൽതേടി, മെച്ചപ്പെട്ട ജീവിതം തേടി മണലാരണ്യത്തിലേക്കു വിമാനം കയറി. ഇപ്പോൾ തൊഴിൽ വൈദഗ്ധ്യമില്ലാത്തവർക്ക് തൊഴിൽതേടി എങ്ങോട്ടും പോകാൻ കഴിയില്ലെന്ന സാഹചര്യമാണുള്ളത്.

തൊഴിൽ വൈദഗ്ധ്യമുള്ളവരുടെ വിദേശയാത്രകളെ മസ്തിഷ്ക ചോർച്ചയെന്നാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്കിൽ പ്രതിപാദിക്കുന്നത്. സ്വന്തം രാജ്യത്ത് വിനിയോഗിക്കേണ്ട വൈദഗ്ധ്യവും നൈപുണ്യവും വിദേശമണ്ണിൽ ഉപയോഗപ്പെടുത്തുന്നു. ഇത് രാജ്യത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും ദോഷകരമായി ബാധിക്കുന്നു. മലയാളികളിൽ പത്തിൽ ഒരാൾ വിദേശത്താണെന്നാണ് കണക്ക്.

പ്രവാസത്തിന്റെ പുതിയ കണക്കുകൾ അനുസരിച്ച് വിദേശത്തേക്കുള്ള കുടിയേറ്റം കുറയുന്നുണ്ട്. വിദേശത്തു പോയി സാധാരണ ജോലികൾ ചെയ്യുന്ന തൊഴിലാളിക്ക് വിദേശത്തു കിട്ടുന്നതിനൊപ്പമോ അതിനേക്കാൾ കൂടതലോ ആണ് അതേ തൊഴിൽ ചെയ്താൽ ഇവിടെ കിട്ടുന്ന കൂലി. വിദേശത്ത് വേതനത്തിൽ വർധനയുണ്ടായിട്ടില്ല. എന്നാൽ ഇവിടെ ക്രമാതീതമായി കൂലി വർധിച്ചു. എങ്കിലും മലയാളി വിദേശത്തുപോയി പണിയെടുക്കുന്നതിനാണ് താത്പര്യം കാണിക്കുന്നത്. സാമൂഹിക പദവിയിലെ 'സ്ഥാനം' വളരെ പ്രധാനമാണ്.

ജീവിത ചലനങ്ങളെയാകെ സ്വാധീനിച്ച ഗൾഫ് കുടിയേറ്റത്തിന്റെ അമ്പതാം വാർഷികത്തിൽ ആ ജീവിതത്തിന്റെ ചരിത്രം ഓർമിക്കേണ്ടതുണ്ട്. അതിനുള്ള ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. പ്രവാസത്തെക്കുറിച്ച് സി.ഡി.എസ്. നടത്തിയ പഠനത്തിന്റെ സംക്ഷിപ്തവിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭക്ഷണം, വസ്ത്രധാരണം, ശീലങ്ങൾ, ജീവിതസാഹചര്യങ്ങൾ, ചിന്തകൾ, ആശയങ്ങൾ ഇങ്ങനെ എല്ലാ മേഖലയിലും പ്രവാസജീവിതത്തിന്റെ ചിഹ്നങ്ങൾ നമുക്ക് കാണാൻ കഴിയുന്നു. കേരളീയ സാമൂഹിക ജീവിതത്തെയാകെ സ്വാധീനിച്ച ഗൾഫ് കുടിയേറ്റത്തിന്റെ ചരിത്രം ഇനിയും തുടരുക തന്നെ ചെയ്യും.

മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾക്കു വേണ്ടിയുള്ള മനുഷ്യന്റെ അടങ്ങാത്ത ത്വര അവനെ ലോകത്തിന്റെ എല്ലാ കോണുകളിലും എത്തിച്ചു. ഇന്ന് മലയാളി എത്തിപ്പെടാത്ത രാജ്യമില്ല. പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ മലയാളിക്കുള്ള സഹജമായ വാസന നിലനിൽക്കുന്നിടത്തോളം പ്രവാസം ഒരു തുടർക്കഥതന്നെയാകും.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ

■ വിനു എ.



# ഗാന്ധിജിയുടെ കേരളയാത്രകൾ

ചരിത്രത്തിലെ അത്ഭുതകരമായ സാന്നിധ്യമാണ് ഗാന്ധിജി. അദ്ദേഹത്തിന്റെ സ്വപ്നങ്ങളെയും സമരവഴികളെയും കൂട്ടുപിടിച്ചാണ് നാം ഇന്നു കാണുന്ന ഒരു രാഷ്ട്രമായി മാറിയത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ തന്റെ സമരത്തിന്റെ വിജയവഴികൾതേടി സഞ്ചരിച്ച മഹാത്മാവ് അഞ്ചുതവണ കേരളം സന്ദർശിച്ചു. വൈദേശികഭരണം അവസാനിപ്പിക്കാനുള്ള സമരത്തിൽ പങ്കാളികളാകാൻ ജനങ്ങളോട് ആഹ്വാനം ചെയ്യാനായിരുന്നു ആ യാത്രകൾ.

### ഒന്നാം സന്ദർശനം

1920 ആഗസ്റ്റ് 18 നായിരുന്നു ഗാന്ധിജിയുടെ ആദ്യ സന്ദർശനം. അത് ഖിലാഫത്ത് പ്രസ്ഥാനം ശക്തിപ്പെട്ട നാളുകളായിരുന്നു. കോഴിക്കോട് റെയിൽവേ സ്റ്റേഷനിലെത്തിയ അദ്ദേഹത്തെ ഖാൻ ബഹദൂർ പി.കെ. മുത്തുക്കോയ തങ്ങൾ സ്വീകരിച്ചു. രണ്ടു യോഗങ്ങളിലാണ് അന്ന് ഗാന്ധിജി പങ്കെടുത്തത്. കോൺഗ്രസ് നേതൃയോഗമായിരുന്നു അതിലൊന്ന്. വൈകിട്ട് കടപ്പുറത്ത് ബഹുജനസമ്മേളനത്തിലും അദ്ദേഹം പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു: 'നാം ആത്മാഭിമാനമുള്ള ഒരു ജനതയാണെങ്കിൽ, നമ്മുടെ അന്തസിനെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും നമുക്കുതന്നെ ബോധമുണ്ടെങ്കിൽ, സർക്കാർ അടിച്ചേൽപ്പിച്ചിരിക്കുന്ന ഈ ഇരട്ട അപമാനം സഹിക്കുന്നത് അന്യായവും അനുചിതവുമാണ്. കൊള്ളിവെപ്പും കൊലപാതകവും നടത്തിയവരെ ശിക്ഷിക്കേണ്ടത് സർക്കാരിന്റെ കടമയാണെങ്കിൽ, നിരപരാധികളായ ആളുകളെ നിഷ്ഠൂരം മർദിക്കുകയും അപമാനിക്കുകയും ചെയ്ത ഉദ്യോഗസ്ഥരെ ശിക്ഷിക്കേണ്ട കടമ പതിന്മടങ്ങാണെന്ന് ഓർക്കണം'. കെ. മാധവനായരായിരുന്നു ഗാന്ധിജിയുടെ പ്രസംഗം തർജമ ചെയ്തത്.

### രണ്ടാം സന്ദർശനം

സാമൂഹിക ഉച്ചനീചത്വങ്ങൾ ശക്തിപ്പെട്ട കാലത്താണ് വൈക്കം സത്യാഗ്രഹം ആരംഭിക്കുന്നത്. അവർണ ഹിന്ദുക്കൾക്ക് വൈക്കം ക്ഷേത്രത്തിനുചുറ്റുമുള്ള റോഡുകളിലൂടെ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നതിനെ എതിർത്തുകൊണ്ടായിരുന്നു ഈ സമരം. കെ. കേളപ്പൻ, ടി.കെ. മാധവൻ, ഇ.വി. രാമസ്വാമി നായ്ക്കർ, കെ.പി. കേശവമേനോൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന സത്യഗ്രഹത്തോട് ഗാന്ധിജിക്ക് മതിപ്പുണ്ടായിരുന്നു. എന്നാൽ അതിനിടെ, 1925 ഫെബ്രുവരിയിൽ തിരുവിതാംകൂർ നിയമസഭ വൈക്കം ക്ഷേത്രറോഡിൽ പ്രവേശനം തടഞ്ഞുകൊണ്ടുള്ള പ്രമേയം പാസാക്കിയത് സത്യഗ്രഹികൾക്ക് വലിയ നിരാശ നൽകി. അവർ ഗാന്ധിജിക്കെഴുതി: ഇനി ഞങ്ങൾക്ക് മുന്നോട്ടുപോകാൻ അങ്ങയുടെ ഉപദേശവും സഹായവും ആവശ്യമാണ്.

1925 മാർച്ച് എട്ടു മുതൽ 18 വരെ ഗാന്ധിജി കേരളത്തിൽ സന്ദർശനം നടത്തി. അയിത്തോച്ചാടനപ്രവർത്തനങ്ങൾക്ക് പുതുശക്തി പകർന്ന ആ യാത്രയിൽ വർക്കല ശിവഗിരിമഠവും അദ്വൈതാശ്രമവും വിവേകോദയം ഹൈസ്കൂളും ബാലരാമപുരത്തെ പുലയസ്കൂളും തുടങ്ങി നിരവധിയിടങ്ങൾ അദ്ദേഹം സന്ദർശിച്ചു. ശ്രീനാരായണഗുരുവുമായി അദ്ദേഹം ചർച്ച നടത്തിയതും ഈ യാത്രയിലാണ്. രണ്ടു ഘട്ടങ്ങളിലായി വൈക്കത്ത് ചെലവഴിച്ച ഗാന്ധിജി, സവർണഹിന്ദുക്കളോടും സത്യഗ്രഹികളോടും പൊതുജനങ്ങളോടും ചർച്ചകൾ നടത്തി. നിരവധി പൊതുയോഗങ്ങളിലും പങ്കെടുത്ത അദ്ദേഹം സാമൂഹിക തിന്മകൾക്കെതിരായുള്ള പോരാട്ടം ശക്തിപ്പെടുത്താൻ ആഹ്വാനം ചെയ്തു. ആലുവ യു.സി കോളേജിൽ പ്രസംഗിക്കവേ, അദ്ദേഹം സൂചിപ്പിച്ചു- ജീവിതത്തിന്റെ കവിത സ്ഥിതിചെയ്യുന്നത് അധ്വാനത്തിലാണ്. അധ്വാനം അഭിമാനക്ഷയമാ

ണെന്നുള്ള ധാരണ കേവലം മിഥ്യയാണ്. നിത്യവൃത്തിക്ക് ന്യായമായ ഏതുജോലി ചെയ്യുന്നതിലും യാതൊരു അഭിമാനഭംഗവും ഉണ്ടാകാനില്ല. ശരീരത്തിനും മനസ്സിനും ആത്മാവിനും ഒരുപോലെ സംസ്കരണം നൽകുകയാണ് യഥാർഥ വിദ്യാഭ്യാസത്തിന്റെയും പരിഷ്കാരത്തിന്റെയും ലക്ഷ്യം.

ഈ യാത്രയെക്കുറിച്ച് അദ്ദേഹം 'യങ് ഇന്ത്യ'യിൽ ഒരു ലേഖനം എഴുതി: മനോഹരമായ ജലഗതാഗതപാതകളും അതുപോലെ മനോഹരങ്ങളായ റോഡുകളുംകൊണ്ട് അനുഗൃഹീതമാണ് തിരുവിതാംകൂർ. 7625 ചതുരശ്ര മൈലാണ് വിസ്തീർണം. അതിന്റെ ഭൂരിഭാഗവും മലകളും കാടുകളുമാണ്. വടക്കേ അറ്റത്തുകൂടിയാണ് ഞാൻ അവിടേക്കെത്തിയത്. വൈക്കം വടക്കേ അതിർത്തിയാലാണ്. അവിടേക്ക് പോകേണ്ടത് മനോഹരമായ ജലമാർഗത്തിലൂടെയാണ്. ഇരുകരകളിലും സസ്യങ്ങൾ സമ്പുഷ്ടമായി വളരുന്നു. പ്രധാനമായത് തെങ്ങാണ്.

## മൂന്നാം സന്ദർശനം

1927 ഒക്ടോബറിലായിരുന്നു അടുത്ത സന്ദർശനം. നാഗർകോവിലിൽനിന്നും ആരംഭിച്ച യാത്ര ഒമ്പതു മുതൽ 27 വരെ നീണ്ടു. ഖാദിയുടെ പ്രചാരണാർഥമായിരുന്നു യാത്രയെങ്കിലും അപ്പോഴും നടമാടിയ അയിത്തം, തൊട്ടുകൂടായ്മ തുടങ്ങിയ ദുരാചാരങ്ങൾ അദ്ദേഹത്തെ വേദനിപ്പിച്ചു. യാത്രയുടെ ആരംഭത്തിൽ നടത്തിയ പ്രസംഗത്തിൽത്തന്നെ ഗാന്ധിജി ഇക്കാര്യം പ്രസ്താവിച്ചു. "ഇന്ത്യയിൽ മറ്റൊരിടത്തും ഇല്ലാത്തവിധത്തിൽ ഇവിടെ അയിത്തം നിലനിൽക്കുന്നുവെന്ന വസ്തുത എന്നെ വളരെയധികം വേദനിപ്പിക്കുന്നു. പ്രബുദ്ധമായ സംസ്ഥാനത്തിലാണ് അയിത്തം, തൊട്ടുകൂടായ്മ, തുടങ്ങിയവ ആഴത്തിൽ നിലനിൽക്കുന്നത് എന്നുകാണുമ്പോൾ ഞാൻ അങ്ങേയറ്റം അപമാനിതനാവുന്നു. ഹിന്ദുമതത്തിന്റെ കാതലിനെ കാർന്നുതിന്നുന്ന ശാപമാണ് അയിത്തമെന്ന് ഉത്തമബോധത്തോടുകൂടി ഞാൻ പറയുന്നു."

സാമൂഹികതിന്മകൾക്കെതിരെ അഹിംസയുടെ മാർഗത്തിലുള്ള പോരാട്ടമാണ് നടത്തേണ്ടതെന്നു പറഞ്ഞ അദ്ദേഹം സ്നേഹമാണ് ഏറ്റവും വലിയ ശക്തിയെന്ന് ഉദ്ബോധിപ്പിച്ചു. തിരുവനന്തപുരത്ത് വനിതകളുടെ ഒരു സമ്മേളനത്തിൽ അദ്ദേഹം പ്രസംഗിച്ചു. ഖാദിയുടെ മഹത്വത്തെക്കുറിച്ചായിരുന്നു അദ്ദേഹം സംസാരിച്ചത്. സമരത്തിന്റെ ധനശേഖരണാർഥം ടിക്കറ്റുവച്ചാണ് പരിപാടി സംഘടിപ്പിച്ചത്. ഇതിനെ ഗാന്ധിജി വിമർശിച്ചു. 10 ന് അവിടെ താമസിച്ച്, അടുത്ത ദിവസം കൊല്ലത്തെത്തി. അവിടെ പൗരാവലി നൽകിയ സ്വീകരണത്തിൽ പ്രസംഗിച്ചു. ഗ്രാമങ്ങളിലെ ദരിദ്രന്റെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ചർക്കയിൽ നൂൽക്കേണ്ടതിന്റെയും ഖാദിവസ്ത്രം ധരിക്കേണ്ടതിന്റെയും ആവശ്യം ഊന്നിപ്പറഞ്ഞ അദ്ദേഹം മദ്യപാനം മൂലമുണ്ടാകുന്ന സാമൂഹികവിപത്തുകൾക്കുനേരെയും വിരൽചൂണ്ടി.

12 ന് ആലപ്പുഴയിലെത്തിയ ഗാന്ധിജി അവിടെ സംഘടിപ്പിച്ച പൊതുയോഗത്തിൽ പങ്കെടുത്തു. ചുമതലയിൽനിന്ന് ഒഴിഞ്ഞുമാറിനിന്ന് പണക്കിഴികൾ സംഭാവന നൽകുന്നതിനെ വിമർശിച്ച അദ്ദേഹം 13 ന് എറണാകുളത്ത് പ്രസംഗിച്ചു: "ഇന്ന് എന്നെ സന്ദർശിച്ച നേത്യാരമ്മയുടെ സഹോദരി ശ്രീമതി രത്നം ഭംഗിയായി നൂറ്റെടുത്ത നൂൽക്കിഴികൾ എനിക്കുതന്ന കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു. മഹാരാജാവിന്റെ കുടുംബത്തിൽ ഖാദിക്ക് ലഭിച്ചിരിക്കുന്ന ഈ സ്ഥാനമായിരിക്കണം എറണാകുളത്ത് ഇത്രയ്ക്ക് അനുകൂലമായ അന്തരീക്ഷമുണ്ടാക്കിയിരിക്കുന്നത്" അദ്ദേഹം ചൂണ്ടിക്കാട്ടി

ഒക്ടോബർ 14 ന് ഗാന്ധിജി തൃശൂരിൽ എത്തി. നൂൽനൂൽപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചായിരുന്നു പ്രസംഗം. തേക്കിൻകാട് മൈതാനത്തെ പ്രസംഗവും സ്കൂൾ സന്ദർശനങ്ങളുമായിരുന്നു അവിടത്തെ പ്രധാന പരിപാടികൾ. അടുത്ത ദിവസം പാലക്കാടെത്തിയ അദ്ദേഹം ശബരി ആശ്രമം സന്ദർശിച്ചു. ഖാദിക്ക് പിന്നിലുള്ള ലക്ഷ്യവും വികാരവും രാജ്യത്തെ ജനലക്ഷങ്ങളുടെ ജീവിതുമായി അഭേദ്യമായി ബന്ധപ്പെട്ടതാണെന്ന് വിശദമാക്കിയ അദ്ദേഹം വിശ്വഭാരതി വായനശാല പ്രവർത്തകരുടെ പരിശ്രമത്താൽ സ്ഥാപിതമായ ഖാദി വസ്ത്രാലയവും ഉദ്ഘാടനം ചെയ്തു. 26 ന് കോഴിക്കോടെത്തിയ ഗാന്ധിജി ആര്യസമാജം പ്രവർത്തകരെ അഭിസംബോധന ചെയ്തു. രാജ്യത്തെ പാവപ്പെട്ടവന്റെ പൗരുഷത്തെ നശിപ്പിക്കുന്ന തിന്മയാണ് മദ്യപാനമെന്ന് അദ്ദേഹം പ്രസ്താവിച്ചു.

## നാലാം സന്ദർശനം

1934 ജനുവരി 10 മുതൽ 22 വരെ നീണ്ട നാലാമത്തെ കേരളസന്ദർശനത്തിന്റെ തുടക്കം ശബരി ആശ്രമത്തിൽ നിന്നായിരുന്നു. ചെർപ്പുളശ്ശേരിയിൽ നടന്ന യോഗത്തിൽ മനുഷ്യന് മഹത്വം കല്പിക്കാത്ത എല്ലാ മതാചാരങ്ങളും ഹീനവും ക്രൂരവുമാണെന്ന് അദ്ദേഹം പറഞ്ഞു. ഒറ്റപ്പാലം സന്ദർശിച്ചശേഷം അദ്ദേഹം ഗുരുവായൂരിലെത്തി. ജനുവരി 11 ന് അവിടെ നടത്തിയ പ്രഭാഷണത്തിൽ ഇങ്ങനെ പ്രസ്താവിച്ചു: ആരാധനസ്വാതന്ത്ര്യവും റോഡുകളിൽ നടക്കുക, സ്കൂളിൽ ചേരുക തുടങ്ങിയവയ്ക്കുള്ള സ്വാതന്ത്ര്യവും മറ്റു ഹിന്ദുക്കൾ അനുഭവിക്കുന്നതുപോലെ അനുഭവിക്കാൻ ഹരിജനങ്ങൾക്കും അവകാശമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് സംശയത്തിന്റെ ലാഞ്ഛനപോലുമില്ലാതെ ഞാൻ പറയും, ഗുരുവായൂർ ക്ഷേത്രം തുടങ്ങിയ പുരാതനപ്രധാനമായ ക്ഷേത്രങ്ങൾ ഹരിജനങ്ങൾക്കും തുറന്നുകൊടുക്കുന്നതുവരെ ഹിന്ദുക്കൾ തങ്ങളുടെ ധർമം നിറവേറ്റിയെന്ന് പറയാനാവില്ല.

അയിത്തത്തിന്റെ അർഥശൂന്യതയെക്കുറിച്ചാണ് ഗാന്ധിജി പ്രധാനമായും ഈ യാത്രയിൽ ഓർമിപ്പിച്ചത്. ജനുവരി 12 ന് പയ്യന്നൂർ വഴി കണ്ണൂർ, തലശ്ശേരി, മാഹി, വടകര, കൊയിലാണ്ടി വഴി കോഴിക്കോട്ടെത്തി. കോഴിക്കോട് ടൗൺഹാളിൽ കെ. മാധവൻനായരുടെ ചിത്രം അനാച്ഛാദനം ചെയ്തു. മാതൃഭൂമിയുടെ സ്ഥാപകരിൽ ഒരാളായ മാധവൻനായരെ അനുസ്മരിച്ച് മാതൃഭൂമിയിൽ നടന്ന ചടങ്ങിലും അദ്ദേഹം പങ്കെടുത്തു. മലബാർ ക്രിസ്ത്യൻ കോളേജിൽ വിദ്യാർഥികൾ നൽകിയ പണക്കിഴി സ്വീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: നിങ്ങളുടെ ഹൃദയത്തിന് ഒരു പരിവർത്തനം വരുത്തുവാൻ നിങ്ങൾ തീർച്ചപ്പെടുത്തുകയും ഭൂമുഖത്തുള്ള മറ്റുള്ളവരെ നിങ്ങൾ സമന്മാരായി കാണുമെന്ന ഉറപ്പോടെയുമാണ് ഈ പണക്കിഴി നൽകുന്നതെങ്കിൽ ഞാൻ സന്തോഷത്തോടെ സ്വീകരിക്കും.

ജനുവരി 14 ന് കൽപ്പറ്റയിലും അദ്ദേഹം സന്ദർശനം നടത്തി. കോഴിക്കോട് കടപ്പുറത്തു ചേർന്ന പൊതുയോഗത്തിലും അദ്ദേഹം പ്രസംഗിച്ചു. അയിത്തോച്ചാടനത്തിനായിരുന്നു അദ്ദേഹം പ്രാമുഖ്യം കല്പിച്ചത്. ഇതേ ആവശ്യത്തിനായി സാമൂതിരിയുമായി ചർച്ച നടത്തുകയും ചെയ്തു. തൃശൂരിലെ രാമകൃഷ്ണ ഗുരുകുലവും സന്ദർശിച്ചു. പെരുവനം, ഇരിങ്ങാലക്കുട, ചാലക്കുടി, ആലുവ, തൃപ്പൂണിത്തുറ, എറണാകുളം, തുരവൂർ, ആലപ്പുഴ, നെടുമുടി തുടങ്ങിയ സ്ഥലങ്ങളിലെ പൗരാവലികളുടെ സ്വീകരണത്തിലും അദ്ദേഹം സംബന്ധിച്ചു. ചങ്ങനാശേരിയിൽ ആനന്ദാശ്രമം ഉദ്ഘാടനം ചെയ്തശേഷം വർക്കലയിൽ ശ്രീനാരായണഗുരു ആശ്രമവും സന്ദർശിച്ചു. ഇതിനിടെ കൊല്ലത്തെ ഹരിജൻകോളനിയും സന്ദർശിക്കുകയുണ്ടായി. തിരുവനന്തപുരത്തെത്തിയ ഗാന്ധിജി മഹിളാസമ്മേളനത്തിൽ പ്രസംഗിച്ചശേഷം പാപ്പനംകോടുവഴി നെയ്യാറ്റിൻകരയിലേക്കുപോയി. പിന്നീട് തക്കലവഴി നാഗർകോവിലിലേക്കും അവിടെനിന്നും കന്യാകുമാരിയിലേക്കും പോയി.

## അഞ്ചാം സന്ദർശനം

മഹാത്മാഗാന്ധിയുടെ അവസാനത്തെ കേരളസന്ദർശനം 1937 ജനുവരി 12 മുതൽ 19 വരെയായിരുന്നു. ഈ സന്ദർശനവേളയിൽ തിരുവനന്തപുരത്തും കൊല്ലത്തും വൈക്കത്തും സ്വീകരണങ്ങൾ നടന്നു. അവിടെയെല്ലാം നടന്ന പൊതുയോഗങ്ങളിൽ ഗാന്ധിജി പ്രസംഗിച്ചു. ഈ സന്ദർശനവേളയിൽ പ്രധാനമായും അദ്ദേഹം ഊന്നിപ്പറഞ്ഞത് ഹിന്ദിയുടെ പ്രചാരണത്തെക്കുറിച്ചായിരുന്നു. രാഷ്ട്രഭാഷയെന്ന നിലയിൽ ഹിന്ദിയെ മാറ്റണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിലെ സാംസ്കാരിക നായകരിലും എഴുത്തുകാരിലും വലിയ സ്വാധീനമാണ് ഗാന്ധിജിയുടെ സന്ദർശനം ഉണ്ടാക്കിയത്. ■

■ **കെ.സി. ജോസഫ്**
പ്ലാനിങ്-പ്രവാസി മന്ത്രി

# സമഗ്രവികസനം പ്രവാസി പങ്കാളിത്തത്തോടെ

മനുഷ്യചരിത്രം പലതരം കുടിയേറ്റങ്ങളുടേതാണ്. ചരിത്രാതീതകാലം മുതൽ തുടങ്ങുന്നതാണ് മനുഷ്യന്റെ പലായനത്തിന്റെ കഥ. യുദ്ധം, കലാപം, ഭൂമിയുടെ കിടപ്പ്, മനുഷ്യബന്ധങ്ങളുടെ സവിശേഷത, ജീവിക്കുവാനുള്ള ത്വര, യാത്രയ്ക്കായുള്ള അഭിവാഞ്ഛ ഇങ്ങനെ പലകാരണങ്ങൾകൊണ്ടാണ് മനുഷ്യർ പലപ്പോഴും സുഖകരമായ ജീവിതസാഹചര്യങ്ങൾ തേടി യാത്രതുടങ്ങിയത്.

ജീവിതം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആരംഭിച്ച ഗൾഫ് കുടിയേറ്റത്തിന്റെ 50 ാം വർഷമാണിത്. 1970-80 കളിലെ സാഹചര്യങ്ങളല്ല ഇന്ന് ഗൾഫ് രാജ്യങ്ങളിലുള്ളത്. വിദ്യാഭ്യാസവും തൊഴിൽപരമായ നിപുണതയും അവർ സ്വായത്തമാക്കിക്കഴിഞ്ഞു. ഇനി എത്രകാലം മലയാളികൾക്ക് ഗൾഫിൽ അവസരങ്ങൾ ലഭിക്കുമെന്നു പറയാൻ നമുക്കു സാധിക്കില്ല. അതിനാൽ കേരളത്തിൽ സംജാതമായിരിക്കുന്ന നിക്ഷേപ അനുകൂലസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് കൂടുതൽ പ്രവാസികൾ മുന്നോട്ടുവരേണ്ടതാണ്. പുതിയൊരു കേരളത്തിന്റെ പിറവിയിൽ പങ്കാളികളാകാനുള്ള സുവർണാവസരമാണ് ഇന്ന് കേരളത്തിലുള്ളത്. ലോക സമ്പദ്ഘടനയോട് ഏറെ ബന്ധപ്പെട്ടു കിടക്കുന്നതാണ് നമ്മുടെ സംസ്ഥാനം. 34.3 ലക്ഷം പ്രവാസി കേരളീയരുള്ളതായാണ് പഠനം സൂചിപ്പിക്കുന്നത്.



സാമ്പത്തിക മാന്ദ്യകാലത്തും വിവിധ വിദശ രാജ്യങ്ങളിലുണ്ടായ ആഭ്യന്തര കലാപങ്ങളെത്തുടർന്നും നിരവധിപേരാണ് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്കു മടങ്ങിയത്. പല രാജ്യങ്ങളിൽനിന്നും വീടും ഉപജീവന മാർഗവുമുപേക്ഷിച്ച് ഇവർ നാട്ടിലേക്കു മടങ്ങാൻ നിർബന്ധിതരായി. മാത്രമല്ല പ്രവാസികളും അവരുടെ ആശ്രിതരും കേരളത്തിലും വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നു. ഇത്തരത്തിൽ പ്രവാസികൾക്ക് നാട്ടിലും വിദേശത്തുമായുണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. പ്രവാസികളുടെ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിന് നിരവധി പുതിയ പദ്ധതികളാണ് ഐക്യ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക -റൂട്ട്സിലൂടെ നടപ്പിലാക്കിയത്.

കേരളത്തിന്റെ വികസന സ്വപ്നങ്ങൾ യാഥാർഥ്യമാക്കാനുള്ള ഇഛാശക്തിയാണ് എമർജിങ് കേരള വെളിവാക്കുന്നത്. ഇതൊരു വലിയ സംരംഭത്തിന്റെ ആരംഭമാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ പ്രവാസികളുടെ പങ്ക് എന്നും വളരെ വലുതാണ്. ഇന്ന് കേരളത്തിൽ വിപുലമായ നിക്ഷേപ സാധ്യതകളാണ് നിലവിലുള്ളത്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രവാസി നിക്ഷേപകരെ സ്വാഗതം ചെയ്യുകയാണ്. വിദേശ മലയാളി സമൂഹം പ്രതിവർഷം 55,000 കോടി രൂപയിലധികം കേരളത്തിലേക്ക് അയക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് കരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെ 20 ശതമാനത്തിലധികമാമെന്നത് വിസ്മരിക്കാവുന്നതല്ല. സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ പ്രവാസി നിക്ഷേപത്തിൽ വൻകുതിപ്പാണ് മുൻവർഷത്തേക്കാളുണ്ടായിട്ടുള്ളത്. സമ്പത്തിക പ്രതിസന്ധിയിലും വികസന മുരടിപ്പിലും കേരളത്തിൽ സമൃദ്ധിയുടെയും പ്രതീക്ഷയുടെയും സാമ്പത്തിക വളർച്ചയുടെയും കാരണം പ്രവാസി മലയാളികളുടെ കഠിനാധ്വാനവും അവരുടെ വിയർപ്പുമാണ്. അവർക്ക് കേരളത്തിന്റെ വികസന സംരംഭങ്ങളിൽ പങ്കെടുക്കുവാനുള്ള അവസരമുണ്ടാക്കിക്കൊടുക്കുകയാണ് ഇന്നുവേണ്ടത്. എമർജിങ് കേരളയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയുടെ മുന്നിൽ പ്രധാനപ്പെട്ട പത്ത് ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. അതിലെ രണ്ട് ആവശ്യങ്ങൾ പ്രവാസി സമൂഹത്തിനുവേണ്ടിയുള്ളതാണ്.

> പ്രവാസികളുടെ പറുദീസയായ ഗൾഫ് നാടുകളുൾപ്പെടെയുള്ള രാജ്യങ്ങളിൽ എന്നും മലയാളികൾക്ക് അവസരങ്ങളുണ്ടാകണമെന്നില്ല. മടങ്ങിവരുന്നവരും മടങ്ങിവന്നവരുമായി പ്രവാസി സമൂഹത്തിന്റെ പുനരധിവാസം കേരളത്തിലെ ഗവൺ മെന്റ് ഗൗരവമായി ചർച്ചചെയ്യേണ്ടതാവശ്യമാണ്.

(1) എയർ കേരള എക്സ്പ്രസ് ആരംഭിക്കുവാനുള്ള തടസങ്ങൾ മാറ്റണം. അതിന് കേന്ദ്രാനുമതി ലഭിക്കണം.

(2) പ്രവാസി മലയാളികൾ നാട്ടിലേക്ക് മടങ്ങുമ്പോൾ കൊണ്ടുവരാവുന്ന സ്വർണാഭരണങ്ങളുടെ അളവ് സംബന്ധിച്ച് പരിധി ഉയർത്തണം. ഈ രണ്ടുകാര്യങ്ങളിലും പ്രധാനമന്ത്രിയുടെ ഭാഗത്തുനിന്നും വളരെ അനുകൂലമായ നിലപാടാണുണ്ടായിട്ടുള്ളത്.

പ്രവാസികളുടെ പറുദീസയായ ഗൾഫ് നാടുകളുൾപ്പെടെയുള്ള രാജ്യങ്ങളിൽ എന്നും മലയാളികൾക്ക് അവസരങ്ങളുണ്ടാകണമെന്നില്ല. മടങ്ങിവരുന്നവരും മടങ്ങിവന്നവരുമായി പ്രവാസി സമൂഹത്തിന്റെ പുനരധിവാസം കേരളത്തിലെ ഗവൺമെന്റ് ഗൗരവമായി ചർച്ചചെയ്യേണ്ടതാവശ്യമാണ്. ചെറുതും വലുതുമയ വ്യവസായ സംരംഭങ്ങളിൽ മുതൽമുടക്കാൻ പ്രവാസികൾക്ക് പ്രത്യേക താത്പര്യമാണ്. അതുകൊണ്ടുതന്നെയാണ് കഴിഞ്ഞ ഗവൺമെന്റ് കണ്ണൂർ വിമാനത്താവളത്തിന് നിശ്ചയിച്ച ഏറ്റവും കുറഞ്ഞ ഷെയർ തുക രണ്ടു ലക്ഷം ആയിരുന്നത് ചെറുകിട നിക്ഷേപകർക്കുകൂടി പങ്കെടുക്കത്തക്കതരത്തിൽ യു.ഡി.എഫ് സർക്കാർ 50,000 രൂപയാക്കി കുറച്ചിരിക്കുന്നതും.

ഇൻഫർമേഷൻ ടെക്നോളജി, ടൂറിസം, ആരോഗ്യം, ഡയറി തുടങ്ങി ചെറുകിടവ്യവസായ സംരംഭങ്ങളിലും വൻകിട പദ്ധതികളിലും മുതൽമുടക്കാൻ പ്രവാസി സമൂഹത്തിന് താത്പര്യം. ഇതിന് അനുകൂല സാഹചര്യമൊരുക്കാൻ ഗവൺമെന്റ് നടപടിയാരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നോർക്കയുടെ തിരുവനന്തപുരം ഓഫീസിൽ നോർക്ക ബിസിനസ് സെന്റർ ഉടൻ ആരംഭിക്കുന്നതാണ്. വ്യവസായ വകുപ്പുമായി സഹകരിച്ചായിരിക്കും ഇത് നടപ്പാക്കുന്നത്.

പ്രവാസികൾ നേരിടുന്ന ഒരു വലിയ പ്രശ്നമാണ് വിമാനയാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങൾ. ഗൾഫ് സെക്ടറിലെ എയർ ഇന്ത്യയുടെ അമിതമായ ചാർജ് വർധന ഒരു വലിയ പരാതിയാണ്. എയർ ഇന്ത്യാ സമരത്തെത്തുടർന്ന് വർഷത്തിൽ ഒരിക്കലെങ്കിലും നാട്ടിൽവരുന്ന പ്രവാസികളിൽ പലർക്കും അതിനു സാധിച്ചിട്ടില്ല. പ്രവാസി മലയാളികളുടെ ഒരു വലിയ ആവശ്യം ഗൾഫ് നാടുകളിൽനിന്നും നാട്ടിലെത്താൻ സൗകര്യമുണ്ടാക്കുകതന്നെയാണ്. 2005 ൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ കേരള ഗവൺമെന്റ് എയർകേരള എക്സ്പ്രസ് പദ്ധതിക്ക് തുട



ക്കം കുറിച്ചിരുന്നു. എന്നാൽ മാറിവന്ന സർക്കാർ ഇതിനുവേണ്ടി ഏതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഇന്ന് സിയാലിന്റെ എം.ഡി വി.ജെ. കുര്യനെ എയർ കേരള എക്സ്പ്രസ് സാധ്യതാപഠനം നടത്തുന്നതിന് ചുമതലയേൽപ്പിച്ചിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം ഇപ്പോൾ അനുകൂലമാണെന്നത് എയർ കേരള എക്സ്പ്രസിന്റെ സാധ്യത വർദ്ധിപ്പിക്കുന്നു.

വിദേശത്ത് തൊഴിൽതേടി പോകുന്നവരെ തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിനുള്ള സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിങ് പ്രോഗ്രാം കൂടുതൽ പ്രയോജനകരമായി പുനസംഘടിപ്പിച്ച് നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. വിദേശത്തുപോകുന്ന ഉദ്യോഗാർഥികൾ അനധികൃത റിക്രൂട്ടുമെന്റുകാരുടെ ചതിയിൽപ്പെട്ട് വഞ്ചിതരാകാതിരിക്കാൻ ബോധവത്കരണ പരസ്യങ്ങളും അറിയിപ്പുകളും നൽകുന്നതിനൊപ്പം പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം എല്ലാ ജില്ലയിലും മാസത്തിൽ രണ്ടു തവണ സംഘടിപ്പിക്കുന്നു.

തിരുവനന്തപുരത്ത് യു.എ.ഇ. കോൺസുലേറ്റ് സ്ഥാപിക്കാനുള്ള നിർദേശത്തിന് കേന്ദ്രപ്രവാസികാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിരിക്കുകയാണ്. കേരളം, കർണാടകം, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് തിരുവനന്തപുരത്തെ കോൺസുലേറ്റിന്റെ പരിധിയിൽ വരുന്നത്. ഇതിന്റെ ഭാഗമായി യു.എ.ഇയിൽ ഇന്ത്യാ ഗവൺമെന്റ് കോൺസുലേറ്റ് ആരംഭിക്കുന്ന കാര്യവും കേന്ദ്രത്തിന്റെ പരിഗണനയിലാണ്. 2013ലെ പ്രവാസി ഭാരതീയ ദിവസ് ഇത്തവണ കേരളത്തിലാണ് നടക്കുന്നത്. സ്വാഭാവികമായും പ്രവാസി പ്രശ്നങ്ങൾക്ക് തൃപ്തികര മായ പരിഹാരം കണ്ടെത്തുവാൻ ഇത് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

2005 ൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ കേരള ഗവൺമെന്റ് എയർ കേരള എക്സ്പ്രസ് പദ്ധതിക്ക് തുടക്കം കുറിച്ചിരുന്നു. എന്നാൽ മാറിവന്ന സർക്കാർ ഇതിനുവേണ്ടി ഏതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഇന്ന് സിയാലിന്റെ എം.ഡി വി.ജെ. കുര്യനെ എയർ കേരള എക്സ്പ്രസ് സാധ്യതാ പഠനം നടത്തുന്നതിന് ചുമതലയേൽപ്പിച്ചിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം ഇപ്പോൾ അനുകൂലമാണെന്നത് എയർ കേരള എക്സ്പ്രസിന്റെ സാധ്യത വർധിപ്പിക്കുന്നു.



പ്രവാസികളുടെ പ്രശ്നങ്ങൾ സർക്കാർ ഗൗരവമായിട്ടാണ് കാണുന്നത്. പ്രവാസി ക്ഷേമ പെൻഷൻ പദ്ധതിയിൽ ചേരുന്നതിനുള്ള പ്രായം 60 ആക്കാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പ്രവാസി സംഘടനകളുടെ ആവശ്യംകൂടി അംഗീകരിച്ചാണ് സർക്കാർ ഈ തീരുമാനമെടുത്തിട്ടുള്ളത്. നിലവിൽ 18 നും 55 നും ഇടയ്ക്ക് പ്രായമുള്ള അഞ്ചു വർഷം അംശാദായം അടക്കുന്ന പ്രവാസികൾക്കാണ് പെൻഷന് അർഹതയുള്ളത്. ഇവർക്ക് 2014 നവംബർ മുതൽ പെൻഷൻ ലഭിച്ചുതുടങ്ങും. മൊത്തം 90827 പേർ പെൻഷൻപദ്ധയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവാസി ജനസംഖ്യയുടെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ ഇത് വളരെ കുറവാണ്. ആയതിനാൽ കൂടുതൽ ആളുകളെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീവ്രശ്രമങ്ങൾ നടത്തുന്നതാണ്. പെൻഷൻപദ്ധതിയിൽ വിധവാ ധനസഹായം പ്രസാവാനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം, ഭവന വായ്പ, സ്വയംതൊഴിൽ വായ്പ, ചികിത്സാ സഹായം, വാർധക്യകാല ആശ്വാസം തുടങ്ങി നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. പ്രവാസികളുടെ ക്ഷേമത്തിനുള്ള ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ട് സ്കീമിൽ കേന്ദ്രസർക്കാർ ഇപ്പോൾ ഭേദഗതി വരുത്തിയിട്ടുണ്ട്.

പ്രവാസി ക്ഷേമപദ്ധതികൾക്ക് പരമാവധി മുൻഗണന നൽകാൻ ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. തിരികെ വന്ന പ്രവാസികളുടെ പുനരധിവാസത്തിന് 2012-13 ൽ രണ്ടു കോടി രൂപ വിവിധ പദ്ധതികളിലേക്ക് മൂലധന സബ്സിഡി നൽകുന്നതിനും വകയിരുത്തിയിട്ടുണ്ട്. വിദേശമലയാളികൾക്ക് പണം നിക്ഷേപിക്കുവാനും അവർക്ക് വായ്പകൾ നൽകുന്നതിനുമായി ഒരു ബാങ്ക് സ്ഥാപിക്കുന്നതന്റെ വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. ഇതിന് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമാണ്.

സൗദി അറേബ്യയിൽ അറിവില്ലായ്മ കൊണ്ടുണ്ടാകുന്ന ചെറിയ വീഴ്ചകൾക്ക് ജയിലുകളിൽ കഴിയുന്നവരെയും ഗുരുതരമായ രോഗങ്ങൾക്കടിമപ്പെട്ട നിർധനരായവരെയും നാട്ടിലേക്ക് തിരികെ വരാൻ സൗജന്യ വിമാനടിക്കറ്റ് നൽകുന്ന 'സ്വപ്ന സാഫല്യം' പദ്ധതി നടപ്പിലാക്കി. ഇത് മറ്റു ഗൾഫ് നാടുകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഗൾഫ് നാടുകളിലെ ഇന്ത്യൻ എംബസികളിലേക്ക് വിവിധ പരാതികൾ അയച്ചുകൊടുത്ത് എംബസികളുടെ സഹായത്തോടെ പരിഹാരം കണ്ടുവരുന്നുണ്ട്. പ്രവാസി കേരളീയരുടെ കുടുംബങ്ങൾ നാട്ടിൽ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് ലഭിക്കുന്ന വിവിധ പരാതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. പ്രവാസികൾക്ക് സംസ്ഥാനത്ത് സുരക്ഷിത നിക്ഷേപത്തിന് സഹായസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ബിസിനസ് സെന്റർ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ജയിലിൽ കഴിയുന്ന പ്രവാസികൾക്ക് നിയമപ്രശ്നങ്ങളിൽ വേണ്ടുന്ന സഹായം ലഭ്യമാക്കുന്നതിന് പ്രവാസി നിയമസെൽ ആരംഭിക്കുവാൻ ഇതിനകം തീരുമാനിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ ക്ഷേമപ്രവർത്തന



ങ്ങൾ ഏകോപിപ്പിക്കുവാനായി പ്രധാനപ്പെട്ട ഗൾഫ് രാജ്യങ്ങളിൽ നോർക്ക ഉപദേശക സമിതികൾ രൂപീകരിക്കുന്നതായിരിക്കും.

വിദേശമലയാളികളുടെ സമ്പത്ത് കേരളത്തിന്റെ വികസനത്തിന് സ്വരൂപിക്കുവാൻ കഴിയുന്ന രീതിയിലും പ്രവാസി വികസന ബോണ്ട് തുടങ്ങുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇതിനുപുറമെ കേരളത്തിന്റെ പ്രധാന പദ്ധതികളായ കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, കോഴിക്കോട്-തിരുവനന്തപുരം മോണോ റെയിൽ തുടങ്ങിയ പദ്ധതികളിൽ ഗൾഫ് മലയാളികളുടെ നിക്ഷേപം സ്വരൂപിക്കാനും ലക്ഷ്യമിടുന്നു.

പ്രവാസികളുടെ പരിരക്ഷയ്ക്ക് ഗൾഫ് രാജ്യങ്ങളിൽ സൗദി അറേബ്യയിലാണ് സംസ്ഥാന സർക്കാർ രൂപീകരിക്കുന്ന അഡ്വൈസറി കമ്മിറ്റി ആദ്യം നിലവിൽ വന്നത്. ഗൾഫിലെ ജയിലുകളിലുള്ള മലയാളികളുടെ മോചനം, കേസുകളിൽ കുടുങ്ങിയവരുടെ സംരക്ഷണം തുടങ്ങിയവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അഡ്വൈസറി കമ്മിറ്റി നോർക്കയുടെ മേൽനോട്ടത്തിലാകും പ്രവർത്തിക്കുക. ഗൾഫിൽ ഏറ്റവും കൂടുതൽ മലയാളികൾ ജോലിചെയ്യുന്നത് സൗദിയിലാണ്. ചൂഷണത്തിൽനിന്നും തട്ടിപ്പുകളിൽനിന്നും പ്രവാസി മലയാളികൾക്ക് സംരക്ഷണം നൽകുന്നതിനായി ഒരു നിയമസഹായസെൽ രൂപീകരിക്കണമെന്ന് നിയമസഭാ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 60 വയസായി ഉയർത്തുന്നതിന് നടപടിയെടുത്തിട്ടുണ്ട്. പ്രവാസി സമൂഹത്തിന്റെ നിരന്തരമായുള്ള ആവശ്യമായിരുന്നു ഇത്. തൊഴിൽ മതിയാക്കി നാട്ടിലേക്കു തിരിച്ചുപോരുമ്പോൾ ധനസഹായം, 60 വയസിനു മുകളിൽ പെൻഷനും ഒപ്പും ലൈഫ് ഇൻഷുറൻസ് പോളിസിയുടെ സംരക്ഷണവും ലഭിക്കുന്നു. കേന്ദ്രസർക്കാരിന്റെ നിലവിലുള്ള പെൻഷൻ പദ്ധതിയുടെ പോരായ്മ 60 വയസിനുമുമ്പ് പദ്ധതിയിൽ നിക്ഷേപിച്ച പണം പിൻവലിക്കാൻ സാധിക്കില്ലായെന്നതായിരുന്നു. ഇതിൽനിന്നും വ്യത്യസ്തമായി പ്രവാസി പെൻഷൻ പദ്ധതിയിൽ ചേരുന്നവർക്ക് 60 വയസിനുമുമ്പ് നാട്ടിൽ തിരിച്ചെത്തുന്നവരുടെ പുനരധിവാസത്തിന് ഒരു നിശ്ചിത തുക പിൻവലിക്കാൻ സാധിക്കും.

ഗൾഫിൽ കഴിയുന്ന ഓരോ മലയാളിയുടെയും മനസ്സ് നാട്ടിൽതന്നെയാണ്. ഒരുപക്ഷേ കേരളത്തിൽ ജീവിക്കുന്നവരെക്കാൾ കേരളത്തിലെ ഓരോ ചലനങ്ങളും നിരീക്ഷിക്കുന്നത് ഗൾഫിലെ മലയാളി സമൂഹമാണ്. ഇന്നല്ലെങ്കിൽ നാളെ അവർ നാട്ടിൽ മടങ്ങിയെത്തേണ്ടവരാണ്. അവരുടെ സ്വപ്നം ആധുനിക സൗകര്യങ്ങൾ ഉള്ള വികസിതമായ ഒരു കേരളമാണ്. രാഷ്ട്രീയ തർക്കങ്ങൾ ഉന്നയിച്ച് അവരുടെ സ്വപ്നങ്ങൾ ഒരിക്കലും തല്ലിക്കൊഴിക്കാൻ പാടില്ല.

ഗൾഫ് മലയാളികൾക്ക് ക്ഷേമനടപടികളാണ് ആവശ്യം. വികസനകാര്യങ്ങളിൽ രാഷ്ട്രീയ തർക്കമുണ്ടാകാൻ പാടില്ലായെന്നതാണ് സർക്കാരിന്റെ ആഗ്രഹം. എല്ലാവരുടെയും സഹകരണത്തിനായി സർക്കാർ പരിശ്രമിക്കുന്നുണ്ട്. കേരളത്തിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിൽനിന്നും നാം വളരെയധികം പിന്നാക്കം പോയി. അതിൽനിന്നും മോചനമുണ്ടാകും. സമഗ്രമായ വികസനമാണ് കേരളം ആഗ്രഹിക്കുന്നത്. ഗൾഫിലെ ഓരോ മലയാളിയും ആഗ്രഹിക്കുന്നത് വികസന സ്വപ്നങ്ങൾ യാഥാർഥ്യമാക്കുന്നതിനാണ്. അതിന് സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാ ശ്രമങ്ങളുമുണ്ടാകും. ■



■ വാൾട്ടർ ഡിക്രൂസ്/നാഫി മുഹമ്മദ്

# ഗൾഫ് പ്രവാസത്തിന്റെ അൻപതു വർഷങ്ങൾ

മണലാരണ്യങ്ങളിൽ ഭാഗ്യം തേടിയുള്ള മലയാളിയുടെ പ്രയാണം അമ്പതാണ്ട് പിന്നിടുന്നു. കടലലകളെ കരളുറപ്പ് കൊണ്ട് നേരിട്ട് ലാഞ്ചുകളിൽ സാഹസിക യാത്ര ചെയ്ത് അറബിക്കടൽ താണ്ടിയ പ്രവാസത്തിന്റെ ആദ്യ തലമുറ ഉരുകുന്ന ചൂടിലും എല്ലു തുളയ്ക്കുന്ന തണുപ്പിലും പുതിയ സ്വപ്നങ്ങൾ തേടി. അറേബ്യൻ മരുഭൂമികളിൽ കിനിഞ്ഞ പെട്രോൾ അവരുടെ ഭാഗധേയം തിരുത്തിയെഴുതി; കേരളത്തിന്റെയും.

എണ്ണപ്പാടത്തെക്കാൾ തപിക്കുന്ന വിരഹത്തിന്റെയും വേർപാടിന്റെയും എത്രയോ ഗ്രീഷ്മങ്ങൾ കേരളത്തിൽ ഗൾഫ് സമ്പത്ത് തീർത്ത വസന്തങ്ങൾക്കു പിന്നിൽ ഒളിഞ്ഞു കിടക്കുന്നു

ഒരു ചരിത്രത്തിലും രേഖപ്പെടുത്തപ്പെടാതെ, അലമാലകളിലും മരുഭൂമിയിലും അപ്രത്യക്ഷമായ എത്രയോ കാൽപാടുകൾ പ്രവാസത്തിന്റെ വഴിത്താരകളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അവരെ പരാമർശിക്കാതെ ആധുനിക കേരളത്തിന്റെ ചരിത്രം അപൂർണമാണ്

ഗൾഫ് കുടിയേറ്റം അര നൂറ്റാണ്ട് പിന്നിടുമ്പോൾ കേരളത്തിന്റെയും ലോകത്തിന്റെയും ഭൂപടങ്ങളിൽ ഗണ്യമായ മാറ്റങ്ങൾ ദൃശ്യമാണ്. ജനാധിപത്യ



പോരാട്ടങ്ങളുടെ മുല്ലപ്പൂമണം പരക്കുന്ന മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ, വികസിത രാജ്യങ്ങളുടെ പട്ടികയിലേക്ക് ഉയരാൻ വെമ്പുന്ന ഇന്ത്യ, സാദ്ധ്യതകളുടെ വാതായനങ്ങൾ തുറന്ന് ലോകത്തെ സ്വാഗതം ചെയ്യുന്ന കേരളം, ശാസ്ത്ര-സാങ്കേതിക വാർത്താ വിനിമയ മേഖലകളിലെ മുന്നേറ്റത്തിന്റെ പിൻബലത്തിൽ കേരളം കൂടുതൽ നിക്ഷേപസൗഹൃദ സംസ്ഥാനമായി വളർന്നുകൊണ്ടിരിക്കുകയാണ്. ആഗോള സംരംഭകർ കേരളത്തിലേക്ക് ശ്രദ്ധ തിരിക്കുന്നു. ലോകത്തിലെ തന്നെ മികച്ച വിദഗ്ദ്ധ തൊഴിൽ സേനയെ വാർത്തെടുക്കുന്ന കേന്ദ്രങ്ങളിലൊന്നായി കേരളം മാറിയിരിക്കുന്നു.

തൊഴിൽ മേഖലയിലും വേതന വ്യവസ്ഥയിലും കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ കേരളത്തിൽ പ്രവചനാതീതമായ മാറ്റങ്ങളാണുണ്ടായത്. അവിദഗ്ദ്ധ മേഖലയിൽ പോലും വേതനം നിരവധി ഇരട്ടി ഉയർന്നു. ഗൾഫിലെ ഒരു അവിദഗ്ദ്ധ തൊഴിലാളിക്ക് ലഭിക്കുന്നതിന് തുല്യമോ അതിലേറെയോ വരുമാനം കേരളത്തിൽ ആ മേഖലയിൽ ഇന്ന് ലഭ്യമാണ്.

പ്രത്യേക വൈദഗ്ദ്ധ്യ മേഖലയിൽ കേരളത്തിൽ നൂതന സംരംഭങ്ങൾ നിരവധി എത്താൻ വഴി തുറന്നതോടെ കൂടുതൽ മനുഷ്യവിഭവ ശേഷി കേരളത്തിന് ആവശ്യമായി വന്നിരിക്കുകയാണ്. വിദേശ കുടിയേറ്റം വഴിയുള്ള മസ്തിഷ്ക ചോരണവും മനുഷ്യവിഭവ ശേഷിയുടെ നഷ്ടവും വിദേശനാണ്യത്തിന്റെ വരവിനെക്കാൾ കേരളത്തിന് നഷ്ടമുണ്ടാക്കുന്നുവെന്നാണ് പുതിയ പഠനങ്ങൾ നൽകുന്ന സൂചന.



കേരളത്തിലെ മാറിയ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ വിദേശത്തു നിന്ന് തിരിച്ചുവരുന്നവരുടെ എണ്ണത്തിൽ വർധനയുണ്ടായതായും വിദേശത്തേക്കുള്ള ഒഴുക്ക് ക്രമാനുഗതമായി കുറഞ്ഞുവരുന്നതായും ചൂണ്ടിക്കാണിക്കപ്പെടുന്നു. എങ്കിലും ഗൾഫ് കുടിയേറ്റത്തിന് ഇന്നും ഗ്ലാമർ നഷ്ടപ്പെട്ടിട്ടില്ല. സാമ്പത്തികേതരമായ പല കാരണങ്ങളും കുടിയേറ്റത്തെ ശക്തിപ്പെടുത്തുന്ന ഘടകങ്ങളിൽപ്പെടുന്നു.

സ്വന്തം നാട്ടിൽ അഭിമാനത്തോടെ തൊഴിൽ ചെയ്ത് ജീവിക്കുന്നതിനുള്ള സാഹചര്യം എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നതാണ്. സവിശേഷമായ സാമൂഹിക സാഹചര്യങ്ങൾ നമ്മുടെ നാടിന്റെ ചരിത്രത്തിൽ ഒരു പ്രവാസി സമൂഹത്തെ സൃഷ്ടിച്ചു. പ്രവാസി സമൂഹത്തെ ഉൾച്ചേർത്തുകൊണ്ടുമാത്രമേ ഇനിയുള്ള വികസന പദ്ധതികൾ നമുക്ക് സൃഷ്ടിക്കുവാൻ കഴിയൂ. എണ്ണത്തിൽ കുറവാണെങ്കിലും പ്രവാസം ഒരു അനിവാര്യതയായി നിലനിൽക്കുന്നു. സമ്പദ്ഘടനയുടെ ദൃഢമായ നിലനില്പ് പ്രവാസി സമ്പത്തിന്റെ അടിത്തറയിലാണെന്നത് ഒരു യാഥാർഥ്യമാണ്. ജീവിതരീതിയിൽ, സദാചാരസങ്കല്പത്തിൽ, വസ്ത്രധാരണത്തിൽ, ഭക്ഷണകാര്യത്തിൽ, ബന്ധങ്ങളിൽ എല്ലാം പ്രവാസജവിതത്തിന്റെ സ്വാംശീകരണങ്ങൾ നമ്മുടെ സമൂഹത്തിൽ പ്രകടമായിരിക്കുന്നു. പ്രവാസം നമ്മുടെ ചരിത്രത്തിന്റെ ഭാഗമാണ്; അനിവാര്യതയാണ്.

> തൊഴിൽ മേഖലയിലും വേതന വ്യവസ്ഥയിലും കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ കേരളത്തിൽ പ്രവചനാതീതമായ മാറ്റങ്ങളാണുണ്ടായത്. അവിദഗ്ദ്ധ മേഖലയിൽ പോലും വേതനം നിരവധി ഇരട്ടി ഉയർന്നു. ഗൾഫിലെ ഒരു അവിദഗ്ദ്ധ തൊഴിലാളിക്ക് ലഭിക്കുന്നതിന് തുല്യമോ അതിലേറെയോ വരുമാനം കേരളത്തിൽ ആ മേഖലയിൽ ഇന്ന് ലഭ്യമാണ്.

തൊഴിൽ തേടിയുള്ള മലയാളി കുടിയേറ്റത്തിന്റെ പുതിയ പ്രവണതകൾ അന്വേഷിക്കുന്ന സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ കെ.സി.സക്കറിയ, എസ്. ഹൃദയരാജൻ എന്നിവർ തയാറാക്കിയ പഠന റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങളിലേക്ക്

## കേരളം മടങ്ങി വരുന്നു

വിദേശത്തേക്കു കുടിയേറുന്ന മലയാളികളുടെ എണ്ണത്തിൽ 2015 ഓടെ ഗണ്യമായ കുറവുണ്ടാകുമെന്ന് 1998 മുതലുള്ള കണക്കുകൾ വ്യക്തമാക്കുന്നു. 1998 ൽ സംസ്ഥാനത്തുനിന്നുള്ള വിദേശകുടിയേറ്റക്കാരുടെ എണ്ണം 1.36 ദശലക്ഷമായിരുന്നു. 2003 ൽ ഇത് 1.84 ദശലക്ഷമായി ഉയർന്നു. 2008 ൽ കുടിയേറ്റക്കാരുടെ എണ്ണം 2.19 ആയി. 2011 ൽ വിദേശമലയാളികളുടെ എണ്ണം 2.28 ദശലക്ഷത്തിൽ എത്തി. എണ്ണത്തിൽ വർധനയുണ്ടെങ്കിലും അത് നാമമാത്രമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

2011ൽ വിദേശവാസം അവസാനിപ്പിച്ച് കേരളത്തിൽ തിരിച്ചെത്തിയവരുടെ എണ്ണം 1.15 ദശലക്ഷമാണ്. 2008ൽ 1.16 ലക്ഷം പേർ മടങ്ങിയെത്തിയിട്ടുണ്ട്. ഈ രണ്ട് കണക്കുകളിലും നേരിയ കുറവുണ്ടെങ്കിലും വിദേശ കുടിയേറ്റം കുറയുന്നതായാണ് പൊതുവേയുള്ള പ്രവണത. കേരളത്തിലെ പല പരമ്പരാഗത ഗൾഫ് ഗ്രാമങ്ങളിലും പുറത്തേക്കുള്ള ഒഴുക്ക് മന്ദീഭവിക്കുകയും തിരിച്ചുവരവിന് വേഗതയേറുകയും ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ നിന്നുള്ള വിദേശമലയാളികളുടെ എണ്ണം 1998ൽ 98,000 ആയിരുന്നത് 2003ൽ 1.34 ലക്ഷമായി വർധിച്ചു. എന്നാൽ 2008ൽ 1.21 ലക്ഷത്തിലേക്കും 2011ൽ 91,000ലേക്കും താഴുകയാണ് ചെയ്തിരിക്കുന്നത്.

ആഗോളമാന്ദ്യത്തിന് ശേഷം ഗൾഫിലെ തൊഴിൽ മേഖലയിലുണ്ടായ തിരിച്ചടി, കേരളത്തിലെ തൊഴിൽ മേഖലകളിലുണ്ടായ വേതന വർധന, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും ബംഗ്ലാദേശ് പോലുള്ള രാജ്യങ്ങളിൽ നിന്നും കുറഞ്ഞ ശമ്പളത്തിന് പണിയെടുക്കാൻ തയാറായി ഗൾഫിലേക്കെത്തുന്ന തൊഴിലാളികൾ, ഗൾഫ് വിസയുടെയും യാത്രയുടെയും ചെലവിലുണ്ടായ വൻ വർധന തുടങ്ങിയവയൊക്കെ വിദേശ കുടിയേറ്റത്തിന് തിരിച്ചടിയായിട്ടുണ്ട്.

കേരളത്തിലെ 100 കുടുംബങ്ങളിൽ 27.1 ശതമാനം കുടുംബങ്ങളിൽ മാത്രമാണ് ഒരു വിദേശമലയാളിയുള്ളത്. സംസ്ഥാനത്തെ 82 ശതമാനം കുടുംബങ്ങളിലും പ്രവാസി സാന്നിദ്ധ്യമില്ല. സംസ്ഥാനത്തെ നാലിൽ മൂന്ന് കുടുംബങ്ങളിലും പ്രവാസിയോ മുൻ പ്രവാസിയോ ഇല്ലെന്നും പഠനം ചൂണ്ടിക്കാട്ടുന്നു.

എന്നാൽ അന്യസംസ്ഥാനങ്ങളിലേക്കുള്ള മലയാളി കുടിയേറ്റത്തിൽ നേരിയ വർധനയും പ്രകടമാണ്. 931,000 മലയാളി

കളാണ് 2011 ലെ കണക്കുകൾ പ്രകാരം അന്യസംസ്ഥാനങ്ങളിൽ പണിയെടുക്കുന്നത്. 2008 ൽ ഇത് 914,000 പേരായിരുന്നു. അന്യസംസ്ഥാനങ്ങളിൽ എത്തുന്ന മലയാളികൾ അവിടെ തന്നെ തങ്ങാനോ അല്ലെങ്കിൽ വിദേശത്ത് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ കണ്ടെത്താനോ ആണ് ശ്രമിക്കുന്നതെന്നും പഠനം വ്യക്തമാക്കുന്നു.

## വിദേശനാണ്യവരവിൽ വർധന

വിദേശത്തേക്ക് കുടിയേറുന്ന മലയാളികളുടെ എണ്ണം വർധിക്കുന്നതിനെക്കാൾ വേഗതയിൽ പ്രവാസി മലയാളികൾ നേടിത്തരുന്ന വിദേശനാണ്യത്തിന്റെ തോത് വർധിക്കുന്നു. 2008-11 കാലയളവിൽ മലയാളികളുടെ വിദേശകുടിയേറ്റത്തിൽ നാലു ശതമാനം വർധനയുണ്ടായപ്പോൾ പ്രവാസി വരുമാനത്തിലുണ്ടായ വർധന 15 ശതമാനമാണ്. 2011 ൽ ഏകദേശം 49,695 കോടി രൂപയാണ് പ്രവാസികൾ നാട്ടിലേക്കയച്ചത്. 2008 ൽ ഇത് 43,288 കോടി രൂപയായിരുന്നു.

പ്രവാസികളിൽനിന്നുള്ള വരുമാനം കേരളത്തിന്റെ സമ്പദ് ഘടനയിൽ ഏറ്റവും ശക്തമായ ഘടകമായിത്തുടരുന്നു. സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര ഉത്പാദനത്തിന്റെ 31 ശതമാനമാണ് പ്രവാസികൾ സംഭാവന ചെയ്യുന്നത്. സംസ്ഥാനത്തെ പ്രതിശീർഷ വരുമാനത്തിൽ പ്രവാസികളുടെ പങ്ക് ഏറെ പ്രതിഫലിക്കുന്നു. പ്രവാസി വരുമാനം പരിഗണിക്കാതെയുള്ള കേരളത്തിന്റെ പ്രതിശീർഷ വരുമാനം 52,000 രൂപയാണെങ്കിൽ പ്രവാസികൾ നേടിത്തരുന്ന വിദേശനാണ്യംകൂടി കൂട്ടുമ്പോൾ ഇത് 68,000 രൂപയായി ഉയരുന്നു.

## മനുഷ്യവിഭവശേഷി നഷ്ടം തിരിച്ചടി

പ്രവാസികളിൽനിന്നുള്ള വരുമാനം ഉയരുമ്പോഴും കുടിയേറ്റംവഴിയുണ്ടാകുന്ന മനുഷ്യവിഭവശേഷിയിലെ നഷ്ടം കേരളത്തിന് വൻ തിരിച്ചടിയാവുകയാണ്. കഴിവുതെളിയിച്ച തൊഴിൽ സേനയുടെ ദൗർലഭ്യം എല്ലാ മേഖലയിലും സംസ്ഥാനത്തിന് പ്രതികൂല സാഹചര്യമാണ് സൃഷ്ടിക്കുന്നത്. ഉന്നത വൈദഗ്ധ്യ വിദ്യാഭ്യാസം നേടിയ മലയാളികളിൽ 30 ശതമാനവും വിദേശത്ത് തൊഴിൽ തേടുന്നതായി പഠനം വ്യക്തമാക്കുന്നു.

വിവിധ മേഖലകളിൽ തൊഴിൽ വൈദഗ്ധ്യം നേടിയവരിൽ 25 മുതൽ 30 ശതമാനം വരെ കേരളം വിടുന്നു. കുടിയേറ്റം വഴിയുള്ള മനുഷ്യ വിഭവശേഷിയുടെ നഷ്ടം കേരളത്തിനേൽപ്പിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഇനിയും കാര്യമായ പഠനങ്ങൾ നടന്നിട്ടില്ല. കേരളത്തിനു പുറത്തുള്ള മലയാളികളുടെ വിദ്യാഭ്യാസത്തിനും മറ്റാവശ്യങ്ങൾക്കുംവേണ്ടി ഗണ്യമായ ഒരു വിഹിതം സംസ്ഥാനത്തിന് നീക്കിവക്കേണ്ടിയും വരുന്നു. വിദേശമലയാളികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി 1703 കോടി രൂപയാണ് 2011 ൽ സംസ്ഥാനം നീക്കിവച്ചത്. ആകെ വാർഷിക വരുമാനത്തിന്റെ 3.4 ശതമാനം വരും ഇത്.

## ഗൾഫിനെ പിന്തള്ളി കേരളം

കഴിഞ്ഞ ഒരു ദശകത്തിനിടയിൽ കേരളത്തിലെ അവിദഗ്ധമേഖലയിൽ നിന്നുള്ള തൊഴിലാളികളുടെ വേതനം 150 രൂപയിൽനിന്നും 450 രൂപയായി ഉയരുകയുണ്ടായി. എന്നാൽ ഗൾഫ് മേഖലയിൽ ഇതിനാനുപാതികമായ വർധന ഉണ്ടായിട്ടില്ല. ആഗോള സാമ്പത്തികമാന്ദ്യത്തെത്തുടർന്ന് പല മേഖലയിലും വേതനത്തിൽ കുറവാണുണ്ടായത്. ഇതിനു പുറമെ വിദേശ യാത്രയ്ക്കും തൊഴിൽ കണ്ടെത്തുന്നതിനുമുള്ള ചെലവുകളും കുതിച്ചുകയറി. ഇതിന്റെ ഫലമായി പ്രവാസികളുടെ വരുമാനത്തിലും ഗണ്യമായ കുറവ് സംഭവിച്ചു. യു.എ.ഇയിലെ ആയിരം അവിദഗ്ധ തൊഴിലാളികളിൽ നടത്തിയ പഠനം സൂചിപ്പിക്കുന്നത് 11,869 രൂപ മാത്രമാണ് ശരാശരി തൊഴിലാളിയുടെ പ്രതിമാസ വരുമാനമെന്നാണ്. എന്നാൽ ഇതേ മേഖലയിൽ കേരളത്തിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് ഇതിനു തുല്യമായതോ ഇതേക്കാൾ ഉയർന്നതോ ആയ കൂലി ലഭിക്കുന്നുണ്ട്. എന്നിട്ടും വിദേശ കുടിയേറ്റം തുടരുന്നതിന് സാമ്പ

> കഴിഞ്ഞ ഒരു ദശകത്തിനിടയിൽ കേരളത്തിലെ അവിദഗ്ധമേഖലയിൽ നിന്നുള്ള തൊഴിലാളികളുടെ വേതനം 150 രൂപയിൽനിന്നും 450 രൂപയായി ഉയരുകയുണ്ടായി. എന്നാൽ ഗൾഫ് മേഖലയിൽ ഇതിനാനുപാതികമായ വർധന ഉണ്ടായിട്ടില്ല. ആഗോള സാമ്പത്തികമാന്ദ്യത്തെത്തുടർന്ന് പല മേഖലയിലും വേതനത്തിൽ കുറവാണുണ്ടായത്. ഇതിനു പുറമെ വിദേശ യാത്രയ്ക്കും തൊഴിൽ കണ്ടെത്തുന്നതിനുമുള്ള ചെലവുകളും കുതിച്ചുകയറി.



| രാജ്യം | എണ്ണം | | | | ശതമാനം | | | |
|---|---|---|---|---|---|---|---|---|
| | 2011 | 2008 | 2003 | 1998 | 2011 | 2008 | 2003 | 1998 |
| യു.എ.ഇ. | 883313 | 918122 | 670150 | 421959 | 38.7 | 41.9 | 36.5 | 31 |
| സൗദി അറേബ്യ | 574739 | 503433 | 489988 | 510895 | 25.2 | 23 | 26.7 | 37.5 |
| ഒമാൻ | 195300 | 167628 | 152865 | 139571 | 8.6 | 7.6 | 8.3 | 10.2 |
| കുവൈറ്റ് | 127782 | 129282 | 113967 | 68163 | 5.6 | 5.9 | 6.2 | 5 |
| ബഹറിൻ | 101556 | 101344 | 108507 | 74654 | 4.5 | 4.6 | 5.9 | 5.5 |
| ഖത്തർ | 148427 | 121613 | 98953 | 62969 | 6.5 | 5.5 | 5.4 | 4.6 |
| മറ്റു പശ്ചിമേഷ്യൻ രാജ്യങ്ങൾ | 6696 | 0 | 2047 | 0 | 0.3 | 0.0 | 0.1 | 0.0 |
| **ആകെ** | **2037813** | **1941422** | **1636477** | **1278211** | **86.4** | **88.5** | **89.0** | **93.9** |
| യു.എസ്.എ. | 68076 | 102440 | 98271 | 29862 | 3.0 | 4.7 | 5.3 | 2.2 |
| കാനഡ | 9486 | 13695 | 4777 | 0 | 0.4 | 0.6 | 0.3 | 0.0 |
| യു.കെ. | 44640 | 38894 | 22520 | 0 | 2.0 | 1.8 | 1.2 | 0.0 |
| മറ്റു യൂറോപ്യൻ രാജ്യങ്ങൾ | 10602 | 9861 | 14331 | 0 | 0.5 | 0.4 | 0.8 | 0.0 |
| ആഫ്രിക്ക | 12834 | 12600 | 15696 | 0 | 0.6 | 0.6 | 0.9 | 0.0 |
| സിങ്കപ്പൂർ | 11160 | 11504 | 14331 | 0 | 0.5 | 0.5 | 0.8 | 0.0 |
| മാൽഡിവാസ് | 7254 | 7091 | 13649 | 0 | 0.3 | 0.3 | 0.7 | 0.0 |
| മലേഷ്യ | 13392 | 12052 | 4777 | 0 | 0.6 | 0.5 | 0.3 | 0.0 |
| മറ്റു ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങൾ | 16182 | 8766 | 7507 | 0 | 0.7 | 0.4 | 0.4 | 0.0 |
| ആസ്ട്രേലിയ/ ന്യൂസിലന്റ് | 24552 | 21364 | 6142 | 0 | 1.1 | 1.0 | 0.3 | 1.0 |
| മറ്റു രാജ്യങ്ങൾ | 24552 | 13726 | 0 | 53882 | 1.1 | 0.6 | 0.0 | 4.0 |
| **ആകെ** | **2280543** | **2193415** | **1838478** | **1361955** | **100.0** | **100.0** | **100.0** | **100.0** |

**ടേബിൾ – 1 വിവിധ രാജ്യങ്ങളിലെ മലയാളി പ്രവാസികൾ**

ത്തികേതര ഘടകങ്ങളും കാരണമാകുന്നുണ്ട്. ഗൾഫ് ഗുടിയേറ്റത്തിന്റെ ഗ്ലാമർ ഇതിൽ പ്രധാനപ്പെട്ടതാണ്.

## സാമ്പത്തിക അസമത്വം പുതിയ ഭീഷണി

കുടിയേറ്റത്തിലെ പുതിയ പ്രവണത കേരളത്തെ സാമ്പത്തിക അസമത്വത്തിലേക്ക് നയിക്കാനിടയുണ്ടെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു. ആദ്യകാല കുടിയേറ്റക്കാരിൽ ഭൂരിപക്ഷവും നിർമാണ മേഖലയിലെയും മറ്റ് അവിദഗ്ധ മേഖലകളിലെയും തൊഴിലാളികളായിരുന്നതിനാൽ അവരുടെ വരുമാനത്തിൽ തുല്യതയുണ്ടായിരുന്നു. സമീപകാലത്ത് വിദ്യാഭ്യാസ തൊഴിൽ മേഖലയിൽ ഉന്നത വൈദഗ്ധ്യം നേടിയവർ കുടിയേറ്റമേഖലയിലേക്കുവന്നതോടെ ഉയർന്ന വരുമാനമുള്ള ന്യൂനപക്ഷം രൂപംകൊണ്ടിട്ടുണ്ട്.

## ഗൾഫ്, മലയാളിയുടെ പ്രഥമലക്ഷ്യം

വർഷങ്ങളായി ഗൾഫ് രാജ്യങ്ങൾ തന്നെയാണ് മലയാളി വിദേശ കുടിയേറ്റക്കാരുടെ ഇഷ്ടകേന്ദ്രവും മുഖ്യലക്ഷ്യവും. മലയാളി പ്രവാസികളിൽ 90 ശതമാനവും ഏതെങ്കിലും ഗൾഫ് രാജ്യങ്ങളിൽ ചേക്കേറുന്നു.

യു.എ.ഇയിലാണ് ഗൾഫ് രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ മലയാളികൾ പണിയെടുക്കുന്നത്. സൗദി അറേബ്യ രണ്ടാം സ്ഥാനത്തുവരുന്നു. വിദേശത്തുള്ള മലയാളികളിൽ 40 ശതമാനം യു.എ.ഇയിലും 25 ശതമാനം പേർ സൗദ്യ അറേബ്യയിലുമാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് കഴിഞ്ഞ മൂന്നു വർഷമായി യു.എ. ഇയിൽനിന്ന് സൗദി അറേബ്യയിലേക്ക് കുടിയേറ്റം വർധിക്കുന്ന പ്രവണതയും കാണുന്നു. മാന്ദ്യത്തിനുശേഷം സൗദി അറേബ്യയിലെ മലയാളി പ്രവാസികളുടെ എണ്ണത്തിൽ രണ്ടു ശതമാനം വർധനയുണ്ടാവുകയും യു.എ.ഇയിൽ രണ്ടു ശതമാനം കുറവു രേഖപ്പെടുത്തുകയും ചെയ്യുന്നു. (ടേബിൾ–1, 2)

## എണ്ണം കുറയാതെ 'ഗൾഫ് ഭാര്യമാർ'

ഗൾഫുമായി ബന്ധപ്പെട്ട കണക്കുകളിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾക്ക് വിധേയമാകാതെ നിൽക്കുന്നതിൽ ഒന്നാണ് ഗൾഫ് ഭാര്യമാരുടെ എണ്ണം. ഗൾഫിൽ ജോലി നോക്കുന്നവരുടെ നാട്ടിലുള്ള ഭാര്യമാരെയാണ് ഗൾഫ് ഭാര്യമാരെന്ന് വിശേഷിപ്പിക്കുന്നത്. 2011 ലെ കണക്കുകൾ പ്രകാരം കേരളത്തിൽ 1.1 ദശലക്ഷം ഗൾഫ് ഭാര്യമാരാണുള്ളത്. മുൻ വർഷങ്ങളിലും ഇവരുടെഎണ്ണം ഏതാണ്ട് ഒരു ദശലക്ഷം തന്നെയായിരുന്നു. 2008 ൽ 1.06 ദശലക്ഷമായിരുന്നു കൃത്യമായ എണ്ണം. ഗൾഫ് ഭാര്യമാരുടെ സമുദായം തിരിച്ചുള്ള കണക്കുകളിൽ മുസ്‌ലിം യുവതികളാണ് മുന്നിൽ. വിവാഹിതരായ മുസ്‌ലിം സ്ത്രീകളിൽ 24 ശതമാനവും ഗൾഫ് ഭാര്യമാരാണ്. ഹിന്ദുക്കളിൽ ഇത് 6.7 ശതമാനവും ക്രിസ്ത്യാനികളിൽ 5.9 ശതമാനവുമാണ്.

കേരളത്തിൽനിന്നുള്ള വിദേശ കുടിയേറ്റക്കാരിൽ 61.1 ശതമാനവും അന്യസംസ്ഥാന കുടിയേറ്റക്കാരിൽ 80 ശതമാനവും അവിവാഹിതരാണ്. എന്നാൽ പ്രവാസി വനിതകളിൽ 52.7 ശതമാനവും വിവാഹിതകളാണ്.

കേരളത്തിലെ ആകെ ജനസംഖ്യയുടെ 26.5 ശതമാനം വരുന്ന മുസ്ലീങ്ങൾ വിദേശ കുടിയേറ്റത്തിൽ മുന്നിൽ നിൽക്കുന്നു. വിദേശത്തുള്ള ആകെ മലയാളികളിൽ 44.3 ശതമാനം മുസ്ലീങ്ങളാണ്. വിദേശകുടിയേ

| ജില്ല | എണ്ണം | | | | ഉയർച്ച/താഴ്ച | | | |
|---|---|---|---|---|---|---|---|---|
| | 2011 | 2008 | 2003 | 1998 | 2008 – 2011 | 2003 – 2008 | 1998 – 2003 | 1998 – 2011 |
| തിരുവനന്തപുരം | 425833 | 523761 | 271105 | 249583 | - 97928 | 252656 | 21522 | 176250 |
| കൊല്ലം | 284372 | 331582 | 217771 | 177083 | - 47210 | 113811 | 40688 | 107289 |
| പത്തനംതിട്ട | 106678 | 181543 | 217222 | 152042 | - 74865 | - 356780 | 65180 | - 45364 |
| ആലപ്പുഴ | 199074 | 182744 | 118145 | 97422 | 16330 | 64599 | 20703 | 101632 |
| കോട്ടയം | 129306 | 115799 | 134937 | 53658 | 13508 | - 19138 | 812780 | 75648 |
| ഇടുക്കി | 14428 | 9005 | 11646 | 12407 | 5424 | - 2641 | - 761 | 2021 |
| എറണാകുളം | 198425 | 189839 | 195672 | 148778 | 8587 | - 5833 | 46894 | 49647 |
| തൃശൂർ | 347499 | 458723 | 264896 | 277890 | - 111224 | 193827 | - 12994 | 69609 |
| പാലക്കാട് | 225408 | 275133 | 232884 | 155264 | - 49725 | 42249 | 77620 | 70144 |
| മലപ്പുറം | 563005 | 554308 | 413324 | 420460 | 8698 | 140984 | - 7136 | 142545 |
| കോഴിക്കോട് | 321143 | 271568 | 276537 | 176936 | 49576 | - 4969 | 99601 | 144207 |
| വയനാട് | 41363 | 15926 | 11556 | 7879 | 25437 | 4370 | 3677 | 33484 |
| കണ്ണൂർ | 408349 | 145535 | 247808 | 116328 | 262813 | - 102273 | 131480 | 292021 |
| കാസർകോട് | 166005 | 95073 | 118917 | 55414 | 70931 | - 23844 | 63503 | 110591 |
| **കേരളം** | **3430889** | **3350538** | **2732420** | **2101164** | **80351** | **618118** | **831256** | **1329725** |

**ടേബിൾ – 2 പ്രവാസിമലയാളികൾ വിവിധ ജില്ലകളിൽ (അന്യസംസ്ഥാനങ്ങളിലേത് ഉൾപ്പെടെ.)**



റ്റക്കാരിൽ ഹിന്ദുക്കൾ 36.4 ശതമാനവും ക്രൈസ്തവർ 20.ശതമാനവുമാണ്.

എന്നാൽ അന്യ സംസ്ഥാനങ്ങളിൽ ജോലിനോക്കുന്ന മലയാളികളിൽ 64.6 ശതമാനം ഹിന്ദുക്കളാണ്. ജനസംഖ്യയുടെ 56.8 ശതമാനമാണ് ഹിന്ദുക്കളുടെ എണ്ണം. ജനസംഖ്യയുടെ 17 ശതമാനം വരുന്ന ക്രൈസ്തവർ അന്യസംസ്ഥാന കുടിയേറ്റത്തിൽ 24 ശതമാനം വരുന്നു. അന്യസംസ്ഥാന കുടിയേറ്റത്തിൽ മുസ്ലീങ്ങൾ 11.4 ശതമാനമേ വരുന്നുള്ളു. 2008നും 11നുമിടയിൽ അന്യസംസ്ഥാനങ്ങളിലേക്കുള്ള ഹിന്ദുക്കളുടെ കുടിയേറ്റത്തിൽ ഗണ്യമായ വർധനയുണ്ടായി. 2008ൽ 61.7 ശതമാനമായിരുന്നു അവരുടെ എണ്ണം. ക്രൈസ്തവർ 30.9 ശതമാനത്തിൽ നിന്ന് 24 ശതമാനമായി കുറയുകയും മുസ്ലീങ്ങൾ 7.4 ശതമാനത്തിൽ നിന്ന് 11.4 ശതമാനമായി ഉയരുകയും ചെയ്തു.

## ജില്ലകളിൽ മുന്നിൽ മലപ്പുറവും പാലക്കാടും

വിദേശത്തുള്ള മലയാളികളിൽ ഏറ്റവും കൂടുതലുള്ളത് മലപ്പുറത്തുനിന്നുള്ളവരാണ്. എന്നാൽ അന്യ സംസ്ഥാനത്തു പണിയെടുക്കുന്ന മലയാളികളിൽ പാലക്കാട് ജില്ലയിൽനിന്നുള്ളവരാണ് ഒന്നാമത്. അന്യസംസ്ഥാനങ്ങളിലെ മലയാളികളിൽ കോട്ടയം രണ്ടാമതും കണ്ണൂർ മൂന്നാമതും നിൽക്കുന്നു. 1998 ൽ പത്തനംതിട്ട ജില്ലയിൽ നിന്നായിരുന്നു അന്യസംസ്ഥാനങ്ങളിലേക്ക് കുടുതൽ പേർ കുടിയേറിയത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മലയാളികൾ തൊഴിൽ നോക്കുന്ന സംസ്ഥാനം കർണാടകയാണ്. കേരളത്തിൽ നിന്നുള്ള അന്യസംസ്ഥാന കുടിയേറ്റക്കാരുടെ 29 ശതമാനവും കർണാടകയിലുണ്ട്. തമിഴ്നാടും മഹാരാഷ്ട്രയുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. (ടേബിൾ 3,4)

## വിദ്യാഭ്യാസത്തിൽ പ്രവാസികൾ മുന്നിൽ

വിദ്യാഭ്യാസമേഖലയിൽ പ്രവാസികൾ മുന്നിൽ നിൽക്കുന്നു. കേരളത്തിലെ മൊത്തം ജനസംഖ്യയിൽ 10 ാം ക്ലാസും അതിനു മുകളിലും വിദ്യാഭ്യാസമുള്ളവർ 40.5 ശതമാനമായിരിക്കുമ്പോൾ വിദേശ മലയാളികളിൽ 68 ശതമാനവും അന്യസംസ്ഥാന കുടിയേറ്റക്കാരിൽ 69.9 ശതമാനവും 10 ാം ക്ലാസോ അതിനു മുകളിലോ വിദ്യാഭ്യാസയോഗ്യതയുള്ളവരാണ്. കേരളത്തിലെ ജനങ്ങളിൽ ബിരുദവും അതിനുമുകളിലും വിദ്യാഭ്യാസമുള്ളവർ 8.2 ശതമാനമായിരിക്കുമ്പോൾ വിദേശകുടിയേറ്റക്കാരിൽ 19.1 ശതമാനവും അന്യസംസ്ഥാന കുടിയേറ്റക്കാരിൽ 25.1 ശതമാനവും ബിരുദമോ അതിനുമുകളിലോ വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. സാക്ഷരതയുടെ കാര്യത്തിൽ കുടിയേറ്റക്കാർ കേരളത്തിന്റെ മൊത്തം പ്രവണതയെക്കാൾ പിന്നാക്കം നിൽക്കുന്നതായാണ് പഠനം വ്യക്തമാക്കുന്നത്. വിദേശ കുടിയേറ്റക്കാരിൽ 8.8 ശതമാനവും അന്യസംസ്ഥാനങ്ങളിലെ 17.4 ശതമാനവും പേർ നിരക്ഷരരാണ്. എന്നാൽ കേരളത്തിലെ ആകെ ജനസംഖ്യയിൽ 7.5 ശതമാനം പേർ മാത്രമാണ് നിരക്ഷരർ.

തൊഴിൽ സേനയുടെ വൻതോതിലെ വിദേശ കുടിയേറ്റം കേരളത്തിന് ഏൽപ്പിക്കുന്ന ആഘാതം പല മേഖലയിലും പ്രകടമാണ്. കെമിക്കൽ എഞ്ചിനീയർമാർ,

| | എണ്ണം | | | | ഉയർച്ച/താഴ്ച | | | |
|---|---|---|---|---|---|---|---|---|
| ജില്ല | 2011 | 2008 | 2003 | 1998 | 2008 – 2011 | 2003 – 2008 | 1998 – 2003 | 1998 – 2011 |
| തിരവനന്തപുരം | 196101 | 215280 | 103059 | 118878 | –19180 | 112221 | –15819 | 77223 |
| കൊല്ലം | 116927 | 124066 | 69314 | 74106 | –7140 | 54752 | –4792 | 42821 |
| പത്തനംതിട്ട | 15297 | 60554 | 83502 | 54537 | –45257 | –22948 | 27965 | –39240 |
| ആലപ്പുഴ | 54688 | 51024 | 43109 | 34572 | 3664 | 7915 | 8537 | 20116 |
| കോട്ടയം | 11846 | 26448 | 28368 | 18164 | –14601 | –1920 | 10204 | –6318 |
| ഇടുക്കി | 6738 | 3216 | 3766 | 5015 | 3525 | –553 | –1251 | 1721 |
| എറണാകുളം | 62312 | 68860 | 74435 | 45028 | –6548 | –5575 | 29407 | 17284 |
| തൃശൂർ149132 | 174655 | 86029 | 116788 | –25824 | 88626 | –30759 | 32344 | |
| പാലക്കാട് | 83388 | 85318 | 55008 | 39238 | –1930 | 30310 | 15770 | 44150 |
| മലപ്പുറം | 154122 | 219736 | 141537 | 123750 | –65614 | 78199 | 17787 | 30372 |
| കോഴിക്കോട് | 114424 | 72405 | 109101 | 60910 | 41019 | –36696 | 48191 | 53514 |
| വയനാട് | 14489 | 1930 | 3852 | 3327 | 12559 | –1922 | 525 | 11166 |
| കണ്ണൂർ255303 | 26416 | 45394 | 28263 | 98888 | –18978 | 17131 | 97040 | |
| കാസർകോട് | 45580 | 27222 | 47468 | 16667 | 18358 | –20246 | 30801 | 28913 |
| **കേരളം** | **1150347** | **1157127** | **893942** | **739245** | **–6780** | **263185** | **154697** | **411102** |

**ടേബിൾ – 3 വിദേശത്ത് നിന്ന് തിരിച്ചെത്തിയവർ ജില്ല തിരിച്ച്**

| | എണ്ണം | | | | ഉയർച്ച/താഴ്ച | | | |
|---|---|---|---|---|---|---|---|---|
| ജില്ല | 2011 | 2008 | 2003 | 1998 | 2008 – 2011 | 2003 –2008 | 1998 –2003 | 1998 –2011 |
| തിരുവനന്തപുരം | 229732 | 308481 | 168046 | 130705 | -78749 | 140435 | 37341 | 99027 |
| കൊല്ലം167447 | 207516 | 148457 | 102977 | -40070 | 59059 | 45480 | 64469 | |
| പത്തനംതിട്ട | 91381 | 120990 | 133720 | 97505 | -29608 | -12730 | 36215 | -6124 |
| ആലപ്പുഴ | 144386 | 131719 | 75036 | 62870 | 12667 | 56683 | 12166 | 81516 |
| കോട്ടയം117460 | 89351 | 106569 | 35494 | 28109 | -17218 | 71075 | 81966 | |
| ഇടുക്കി7690 | 5792 | 7880 | 7390 | 1898 | -2088 | 490 | 300 | |
| എറണാകുളം | 136113 | 120979 | 121237 | 103750 | 15134 | -258 | 17487 | 32360 |
| തൃശൂർ198368 | 284068 | 178867 | 161102 | -85700 | 105201 | 17765 | 3726 | |
| പാലക്കാട് | 142020 | 189815 | 177876 | 116026 | -47795 | 11939 | 61850 | 85994 |
| മലപ്പുറം408883 | 334572 | 271787 | 296710 | 74311 | 62785 | -24923 | 112173 | |
| കോഴിക്കോട് | 206719 | 199163 | 167436 | 116026 | 7556 | 31727 | 51410 | 90693 |
| വയനാട്26874 | 13996 | 7704 | 4552 | 12878 | 6292 | 3152 | 22322 | |
| കണ്ണൂർ883045 | 119119 | 202414 | 88065 | 163926 | -83295 | 114349 | 194980 | |
| കാസർകോട് | 120425 | 67851 | 71449 | 38747 | 52574 | -3598 | 32702 | 81678 |
| **കേരളം2280543** | **2193412** | **1838478** | **1361919** | **87131** | **354934** | **476559** | **918624** | |

**ടേബിൾ -4 വിദേശമലയാളികൾ ജില്ല തിരിച്ച്**

കമ്പ്യൂട്ടർ പ്രൊഫഷണലുകൾ, ഇലക്ട്രീഷൻമാർ, നഴ്സ്, സിവിൽ-ഇലക്ട്രീക്കൽ എഞ്ചീയർമാർ തുടങ്ങി വിദഗ്ദ്ധരായ പാചകക്കാരും ഡ്രൈവർമാരും വരെ സംസ്ഥാനത്ത് ആവശ്യത്തിന് ലഭ്യമല്ലാത്ത അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. മനുഷ്യവിഭവ ശേഷിയിലെ ഈ ചോർച്ച പ്രവാസികൾ നേടിത്തരുന്ന വിദേശനാണ്യം കൊണ്ട് മാത്രം പരിഹരിക്കാനാവുന്നതല്ല. എന്നാൽ സമ്പത്തിനോടൊപ്പം വിദേശത്ത് നിന്ന് അവർ കൂടുതൽ വിപലമായ തൊഴിൽ നൈപുണ്യം, പുതിയ വാണിജ്യ ബന്ധങ്ങൾ തുടങ്ങിയവ ആർജ്ജിക്കുന്നുവെന്നതിന് പുറമെ മെച്ചപ്പെട്ട തൊഴിൽ സദാചാരം കൂടി പഠിക്കുന്നുവെന്നത് കേരളത്തിന് ആശ്വാസകരമാണ്. ■





■ മുസാഫിർ

# പ്രവാസം ; പറിച്ചുനട്ട ജീവിതങ്ങൾ

ഉപജീവനാർഥം കഠിനപഥങ്ങളിലൂടെയുള്ള മലയാളിയുടെ മറുനാടൻ യാത്രയുടെ ചരിത്രമെഴുത്തിന് പ്രവാസത്തോളം തന്നെ പഴക്കമുണ്ട്. ക്ഷണികമായ ആഹ്ലാദങ്ങളും ചിരസ്ഥായിയായ ആകുലതകളുമാണ് പ്രവാസം മലയാളിക്ക് തിരികെ നൽകുന്നത് എന്നതും ഒരു യാഥാർഥ്യമാണ്. എന്നാൽ പ്രവാസികൾ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചേടത്തോളം അതിപ്രധാനമായൊരു സാമൂഹിക ഗണമാണെന്ന തിരിച്ചറിവിലേയ്ക്ക് കേരളീയ പൊതുബോധം കുറെക്കൂടി ജാഗരൂകമായിട്ടുണ്ടെന്ന് 'എമർജിങ് കേരള' ഒരു നല്ല സന്ദേശം കൂടി നൽകിയിട്ടുണ്ട്.

പ്രവാസി എന്നാൽ പ്രകർഷേണ വാസി അഥവാ സന്തോഷപൂർവം ജീവിക്കുന്നവൻ എന്ന് അർഥം. ജന്മ ദേശം വിട്ട് വിദേശത്ത് ജീവിക്കുന്നവൻ എന്ന അർഥത്തിലാണ് ഈ പദം സാധാരണ ഉപയോഗിച്ചുവരുന്നത്. ഉപജീവനത്തിനായോ മറ്റു കാരണങ്ങളാലോ നാടുവിട്ടുപോയവർ, അവരെത്തിച്ചേർന്ന ഇടങ്ങളിൽ തനിച്ചും കൂട്ടായും ജീവിതം നിർമിച്ചു. അതാകട്ടെ, അവർ ജീവിക്കുന്ന പ്രദേശത്തെയെന്ന പോലെ അവരുടെ സ്വന്തം നാടിനേയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അഗാധമായി സ്വാധീനിച്ചുപോന്നു.

നാടുവിട്ടുപോകുന്നത് കുറെക്കൂടി സംതൃപ്തമായ ജീവിതം പ്രദാനം ചെയ്യുന്നുവെന്ന വ്യക്തിഗത അനുഭവമാകാം, ആദ്യകാലങ്ങളിൽ പ്രവാസം എന്ന പദം കൊണ്ട് അർഥമാക്കിയിരുന്നത്. ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ ക്ലേശപൂർണമായ സാഹചര്യങ്ങളിൽ നിന്നും വിടുതൽനേടുക, സന്തോഷഭരിതമായ ജീവിതാന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ വികസിത രാജ്യങ്ങളിലേക്ക് കുടിയേറുക തുടങ്ങി നിരവധി കാരണങ്ങൾ പിൽക്കാലപ്രവാസങ്ങൾക്ക് പ്രേരണയായി. ഇതിനെത്തുടർന്നാകണം, ഉപജീവനത്തിനായി വിദേശത്ത് കുടിയേറിയവൻ എന്ന അർഥത്തിൽ പ്രവാസിയെന്ന പദം പ്രചാരത്തിലായത്.



കേരളീയ സമ്പദ്ഘടനയുടെ നട്ടെല്ല് എന്ന് ആലങ്കാരികമായി വിശേഷിപ്പിക്കപ്പെട്ടുപോരുന്ന ഗൾഫ്പണത്തിന്റെ ഒഴുക്കിൽ സംസ്ഥാനം സാമ്പത്തികമായി അഭിവൃദ്ധി പ്രാപിച്ചതോടൊപ്പം സാമൂഹിക സാംസ്കാരിക പരിസരങ്ങളിൽ അത് സൃഷ്ടിച്ച മഹാവിപ്ലവവും കാണേണ്ടതുണ്ട്. ഗൾഫ് കുടിയേറ്റത്തിന്റെ പുതിയ കണക്കെടുപ്പിൽ ചില പ്രതികൂല ചിത്രങ്ങൾ കാണപ്പെടുന്നുവെന്നും പ്രവാസത്തിന്റെ ഗ്രാഫ് താഴോട്ടു പോകുന്നതിനാൽ അത് തൊഴിൽമേഖലയിൽ ആശാസ്യമല്ലാത്ത പ്രതികരണം സൃഷ്ടിക്കപ്പെടുന്നുവെന്നുമുള്ള ഏറ്റവും പുതിയ സി.ഡി.എസ് പഠനത്തിലെ ആശങ്ക ഗൗരവത്തിലെടുത്താൽപ്പോലും ഗൾഫിൽ നിന്നു ആളുകൾ മടങ്ങുന്നുവെന്നു പറയുന്നത് പോലെത്തന്നെ ഗൾഫിലേക്ക് തൊഴിലന്വേഷകരുടെ പ്രവാഹത്തിന്റെ തുടർച്ച പക്ഷേ നഷ്ടപ്പെടുന്നില്ല എന്ന വൈരുദ്ധ്യത്തിനു നേരെയും മുഖം തിരിക്കാൻ കഴിയില്ല.

മലയാളിയുടെ ജീവിതശൈലിയിൽ ദിശാമാറ്റം കുറിച്ചവരാണ് പ്രവാസികൾ. നമ്മുടെ തീൻമേശകളിലേക്ക് നൂഡിൽസും ബർഗറും കയറിവന്നു. പുതിയൊരു ഉപഭോക്തൃസംസ്കാരം പകർത്തപ്പെട്ടു. കുടിവെള്ളം കുപ്പികളിലെത്തി. മൊബൈലും ലാപ്ടോപും ഐപാഡും വ്യാപകമായി. അത്യാഢംബരത്തിന്റേയും പൊങ്ങച്ചത്തിന്റേയും കടം കൊണ്ട മാതൃകകൾ പലപ്പോഴും ജീവിതശൈലി തന്നെയായി പരിണമിച്ചു. കേരളത്തിന്റെ വിസ്മയാവഹമായ സാങ്കേതികക്കുതിപ്പിനു പ്രവാസി നൽകിയ ധനവും ധിഷണയും ചെറുതല്ല.

എഴുപതുകളുടെ മധ്യം തൊട്ട് ഗൾഫ് രാജ്യങ്ങളുടെ അഭൂതപൂർവമായ വികസന പ്രക്രിയകളിൽ ഇന്ത്യക്കാരടക്കമുള്ള വിദേശതൊഴിലാളികൾ വഹിച്ച നിർണായക പങ്ക് ഒരിക്കലും കുറച്ചുകാണാനാവില്ലെന്ന് പ്രമുഖ സൗദി സാമ്പത്തിക ശാസ്ത്രജ്ഞനും കോളമിസ്റ്റുമായ ഡോ. അബ്ദുല്ല അൽമദനി അഭിപ്രായപ്പെട്ടത് ഇവിടെ ഓർക്കുന്നു. മലയാളികളുൾപ്പെടെയുള്ള ഇന്ത്യൻ തൊഴിലാളികളുടെ അധ്വാനശേഷിയില്ലാതെ ബൃഹദ്പദ്ധതികളും കൂറ്റൻ നിർമാണ പ്രവർത്തനങ്ങളും ഗൾഫ് രാജ്യങ്ങൾക്ക് പൂർത്തിയാക്കാൻ കഴിയുമായിരുന്നില്ലെന്നാണ് ഡോ. അബ്ദുല്ല അൽമദനി ഒരു ഗവേഷണ പ്രബന്ധത്തിൽ തുറന്നു സമ്മതിച്ചത്.

> എഴുപതുകളുടെ മധ്യം തൊട്ട് ഗൾഫ് രാജ്യങ്ങളുടെ അഭൂതപൂർവമായ വികസനപ്രക്രിയകളിൽ ഇന്ത്യക്കാരടക്കമുള്ള വിദേശതൊഴിലാളികൾ വഹിച്ച നിർണായക പങ്ക് ഒരിക്കലും കുറച്ചുകാണാനാവില്ലെന്ന് പ്രമുഖ സൗദി സാമ്പത്തിക ശാസ്ത്രജ്ഞനും കോളമിസ്റ്റുമായ ഡോ. അബ്ദുല്ല അൽമദനി അഭിപ്രായപ്പെട്ടത് ഇവിടെ ഓർക്കുന്നു. മലയാളികളുൾപ്പെടെയുള്ള ഇന്ത്യൻ തൊഴിലാളികളുടെ അധ്വാനശേഷിയില്ലാതെ ബൃഹദ്പദ്ധതികളും കൂറ്റൻ നിർമാണ പ്രവർത്തനങ്ങളും ഗൾഫ് രാജ്യങ്ങൾക്ക് പൂർത്തിയാക്കാൻ കഴിയുമായിരുന്നില്ല

## ഗൾഫ് കുടിയേറ്റത്തിന്റെ ചരിത്രഭൂമിക

ഹിജ്റ വർഷം 93 ൽ മുഹമ്മദ് ബിൻ ഖാസിം സിന്ധ് ജയിച്ചടക്കുകയും ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ചില ഭാഗങ്ങൾ മുസ്‌ലീം സാമ്രാജ്യത്തിന്റെ കീഴിലാവുകയും ചെയ്തതോടെ ഇന്ത്യക്കാരുടെ ഒഴുക്കിന് ശക്തി പ്രാപിച്ചു. ഇങ്ങനെ ഇന്ത്യയിൽനിന്നെത്തിയവരെ പറ്റി അറബി സാഹിത്യ, ചരിത്ര ഗ്രന്ഥങ്ങളിൽ പരാമർശങ്ങളുണ്ട്.

ഇത്തരത്തിൽപെട്ട ചില ഗോത്രങ്ങൾ മുസ്‌ലീം ഭരണാധികാരികൾ നടത്തിയ പല യുദ്ധങ്ങളിലും നിർണായ പങ്ക് വഹിക്കുകയോ ഗൾഫ് തീരങ്ങൾക്കും ഇന്ത്യക്കുമിടയിൽ സർവീസ് നടത്തിയിരുന്ന വാണിജ്യക്കപ്പലുകൾക്ക് കടൽ കൊള്ളക്കാരിൽനിന്ന് സംരക്ഷണം നൽകുകയോ ചെയ്തതായി പ്രശസ്ത ചരിത്രകാരൻ സാദിഖ് നഖവി പറയുന്നു. ഇവരിൽ പലരും പിന്നീട് ഇസ്‌ലാം ആശ്ലേഷിച്ചത്

മുസ്‌ലീം രാഷ്ട്രത്തിന് കീഴിലെ ഭൂപ്രദേശങ്ങളിൽ സ്വതന്ത്രമായി സഞ്ചരിക്കാനും കുടിയേറാനും അവരെ സഹായിച്ചു. ഹിജാസ് (സൗദി അറേബ്യ), യമൻ, ഇറാഖ്, സിറിയ എന്നീ രാജ്യങ്ങളിൽ ഇന്ത്യക്കാർ വ്യാപിച്ചു. അറബ് സംസ്‌കാരവും ആചാരങ്ങളും അവരെ സ്വാധീനിച്ചു. അവരുടെ സംസ്‌കാരങ്ങളും ആചാരങ്ങളും അറബികളേയും സ്വാധീനിച്ചു.

ഇസ്‌ലാമിന്റെ വ്യാപനത്തിനു മുമ്പും പിമ്പുമുണ്ടായ പല യുദ്ധങ്ങളിലും ഇന്ത്യക്കാർ പങ്കെടുത്തു. അറബ്, മുസ്‌ലീം സാമ്രാജ്യങ്ങളുടെ കാലത്ത് ഗൾഫ്, ഇന്ത്യൻ തീരങ്ങൾ തമ്മിൽ കച്ചവടം അഭിവൃദ്ധിപ്പെട്ടതിന്റെ ഫലമായി കപ്പിത്താന്മാർ വഴികാട്ടികളായും സഹായികളായും ഇന്ത്യക്കാരെ നിയമിച്ചു. അപകട മേഖലകൾ ഒഴിവാക്കി ഇന്ത്യൻ തീരങ്ങളിൽ എളുപ്പമെത്തുന്നതിനുള്ള വഴികളും അറബ് നാവികർ ഇങ്ങനെ ഇന്ത്യക്കാരിൽനിന്ന് പഠിച്ചു.

അബ്ബാസിയാ ഭരണ കാലത്ത് മുസ്‌ലീം രാഷ്ട്രം വിശാലമാവുകയും സമ്പദ്‌സമൃദ്ധിയും ഐശ്വര്യവും വർധിക്കുകയും ചെയ്തതോടെ ആഡംഭരങ്ങൾക്ക് ജനങ്ങൾ പണം ചെലവഴിക്കാൻ തുടങ്ങി. അക്കാലത്ത് ആഡംഭര വസ്തുക്കളുടെ അറിയപ്പെടുന്ന കേന്ദ്രമായിരുന്നു ഇന്ത്യ. സുഗന്ധദ്രവ്യങ്ങളും പട്ടും മറ്റും നിർമിക്കുന്ന വൻകിട ഇന്ത്യൻ കമ്പനികൾക്കും ഖലീഫമാർക്കും ഗവർണർമാർക്കും വൻകിട വ്യാപാരികൾക്കുമിടയിലും മധ്യവർത്തികളായി പ്രവർത്തിക്കുന്നതിനുവേണ്ടി നിരവധി ഇന്ത്യക്കാർ ഗൾഫിലേക്കും ഇറാഖിലേക്കും വന്നു. ഇത് ഗൾഫിലെ ഇന്ത്യക്കാരുടെ എണ്ണം വർധിപ്പിച്ചു. വ്യാപാര, വാണിജ്യ സാധ്യതകളും അവസരങ്ങളും

> അബ്ബാസിയാ ഭരണ കാലത്ത് മുസ്‌ലീം രാഷ്ട്രം വിശാലമാവുകയും സമ്പദ്‌സമൃദ്ധിയും ഐശ്വര്യവും വർധിക്കുകയും ചെയ്തതോടെ ആഡംഭരങ്ങൾക്ക് ജനങ്ങൾ പണം ചെലവഴിക്കാൻ തുടങ്ങി. അക്കാലത്ത് ആഡംഭര വസ്തുക്കളുടെ അറിയപ്പെടുന്ന കേന്ദ്രമായിരുന്നു ഇന്ത്യ. ഇന്ത്യൻ കമ്പനികൾക്കും ഖലീഫമാർക്കും ഗവർണർമാർക്കും വൻകിട വ്യാപാരികൾക്കുമിടയിലും മധ്യവർത്തികളായി പ്രവർത്തിക്കുന്നതിനുവേണ്ടി നിരവധി ഇന്ത്യക്കാർ ഗൾഫിലേക്കും ഇറാഖിലേക്കും വന്നു.

തേടിയെത്തിയ ഹിന്ദുക്കളായിരുന്നു ഇതിൽ കൂടുതലും. 15 ഉം 16 ഉം നൂറ്റാണ്ടുകളിൽ ചില ഗൾഫ് തുറമുഖങ്ങളിൽ ഗുജറാത്തി വ്യാപാരികളുടെ കേന്ദ്രങ്ങൾ തന്നെയുണ്ടായിരുന്നു. പൂർണ സ്വാതന്ത്ര്യത്തോടെ മതാഘോഷങ്ങൾ നടത്തിയിരുന്ന അമ്പലങ്ങളും ഇവിടെങ്ങളിലുണ്ടായിരുന്നു.

ഹജ് സീസണിൽ ഹിജാസിലെത്തിയിരുന്ന തീർഥാടകരിലും ഇന്ത്യക്കാരുണ്ടായിരുന്നു. ഇതിൽ ചിലർ തൊഴിലവസരങ്ങൾ തേടി അവിടെ തങ്ങും. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനം വരെ ഈ പ്രവണതയുണ്ടായിരുന്നു. അനധികൃത താമസക്കാരായ ഹജ് തീർഥാടകർക്കെതിരിലുള്ള നടപടികൾ അധികൃതർ ശക്തമാക്കിയതോടെയാണ് ഇത് പടിപടിയായി കുറയാൻ തുടങ്ങിയത്.

ഇന്ത്യയും ഗൾഫ് മേഖലയും ബ്രിട്ടീഷ് ഭരണത്തിന് കീഴിലായതോടെ ഗൾഫിലേക്കുള്ള ഇന്ത്യക്കാരുടെ കുടിയേറ്റത്തിന്റെ ഒഴുക്കും വർധിച്ചു. ഗൾഫിലെ മുത്തും പവിഴവും കയറ്റി അയച്ചോ നാട്ടുകാർക്ക് പരിചയമില്ലാത്ത പുതിയ ചരക്കുകൾ എത്തിച്ചോ ലാഭം കൊയ്യുകയെന്ന ലക്ഷ്യത്തോടെ എത്തിയ കച്ചവടക്കാരായിരുന്നു ഇതിൽ നല്ലൊരു വിഭാഗം. ബ്രിട്ടീഷ് ഭരണകൂടത്തിന് കീഴിലുള്ള പ്രജകൾ തന്നെയാണെന്നതിനാൽ ഇവർക്ക് കോളനി അധികൃതരിൽനിന്ന് പ്രത്യേക പരിരക്ഷ ലഭിച്ചു. വ്യാപാരം പുഷ്ടിപ്പെടുത്താൻ ഇതിവർക്ക് സഹായകമായി. പൊതുവെ സമ്പന്നരായിരുന്ന ഇന്ത്യൻ വ്യാപാരികൾ ഗൾഫ് മേഖലയിലെ ഭരണ കുടുംബങ്ങൾക്ക് വായ്പ നൽകിയത് അവരുടെ സ്വാധീനം ശക്തിപ്പെടുത്തി.

ഗൾഫിൽ എല്ലായിടത്തും ഇന്ത്യൻ വ്യാപാരികളുടെ സാന്നിധ്യമുണ്ടായിരുന്നെങ്കിലും എണ്ണത്തിൽ കൂടുതലുണ്ടായിരുന്ന മസ്കത്തിലും മത്റഹിലുമായിരുന്നു



സ്വാധീനം. ഖത്തറിലും കുവൈത്തിലുമായിരുന്നു ഇന്ത്യൻ കച്ചവടക്കാർ ഏറ്റവും കുറവ്. കച്ചവടക്കാരായിരുന്ന ഇവിടുത്തെ ഭരണാധികാരികൾ തങ്ങളുടെ നാട്ടിൽ ഇന്ത്യൻ കച്ചവടക്കാർ സ്വാധീനമുറപ്പിക്കുന്നതിനെ ചെറുത്തതാണിതിന് കാരണം.

മുപ്പതുകളിൽ (സൗദി ഭരണത്തിനു മുമ്പ്) ഇന്ത്യൻ വ്യാപാരികളിൽ ചിലർ ബഹ്റൈനിൽനിന്നും മറ്റും അൽഹസയിലേക്കും ഖത്തീഫിലേക്കും പ്രവർത്തനം മാറ്റി. ഈത്തപ്പഴക്കയറ്റുമതിയിലും ഇന്ത്യയിൽനിന്നുള്ള തേയില, അരി, പഞ്ചസാര തുടങ്ങിയ ഉൽപന്നങ്ങളുടെ കച്ചവടത്തിലുമായിരുന്നു ഇവർ ഏർപ്പെട്ടിരുന്നത്. വലിയ നികുതി ഭാരം അടിച്ചേൽപിച്ച ഉസ്മാനിയ ഭരണാധികാരികളുടെ മോശമായ പെരുമാറ്റത്തിന്റെ ഫലമായി പടിപടിയായി ബഹ്റൈനിലേക്കു തന്നെ ഇവർക്ക് പിന്നീട് പിൻവലിയേണ്ടി വന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ബ്രിട്ടീഷുകാർ ഗൾഫിൽ പൊതുവിലും ബഹ്റൈനിൽ പ്രത്യേകിച്ചും ഭരണ പരിഷ്കാരങ്ങൾ നടപ്പാക്കാൻ തുടങ്ങിയപ്പോൾ വെള്ളക്കോളർ ജോലിക്കാരെ ഇന്ത്യയിൽനിന്ന് റിക്രൂട്ട് ചെയ്യേണ്ടിവന്നു. കസ്റ്റംസ്, തപാൽ, ക്ലിനിക്കുകൾ, ബാങ്കുകൾ തുടങ്ങിയ മേഖലകൾ ബഹ്റൈനിൽ ചിട്ടപ്പെടുത്തിയവരിൽ ഇന്ത്യക്കാരായിരുന്നു മുൻപന്തിയിൽ.

ബഹ്റൈനൊഴികെയുള്ള മറ്റു ഗൾഫ് നാട്ടുഭരണ പ്രദേശങ്ങളിലേയും സ്ഥിതി വിഭിന്നമായിരുന്നില്ല. മുപ്പതുകളിൽ ഗൾഫിൽ പെട്രോൾ ശേഖരം കണ്ടെത്തിയതോടെ പെട്രോളിയം മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക, സേവന രംഗങ്ങളിൽ ബ്രിട്ടീഷുകാർ ഇന്ത്യക്കാരെ കൂടുതൽ ആശ്രയിക്കാൻ തുടങ്ങി.

സാമ്പത്തിക രംഗം കൂടുതൽ വിശാലമായതോടെ പ്രവാസി ഇന്ത്യക്കാരുടെ എണ്ണവും വർധിച്ചു. 1936– 37 കാലഘട്ടത്തിൽ ബഹ്റൈനിൽ ഇന്ത്യക്കാരുടെ എണ്ണം ഇരട്ടിയായി വർധിച്ചു. ബഹ്റൈൻ പെട്രോളിയം കമ്പനിയിൽ ഇന്ത്യൻ തൊഴിലാളികളുടെ എണ്ണം 14 ശതമാനമായി വർധിച്ചു. 1938 ൽ ഇത് 25.5 ശതമാനമായി ഉയർന്നു. ഇന്ത്യയിൽനിന്ന് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിന് 1936 ൽ ബഹ്റൈനിലെ ചാൾസ് ബൾഗ്രേവ് ഭരണകൂടം ബോംബെയിൽ പ്രത്യേക ഓഫീസ് തന്നെ തുറന്നിരുന്നു.

1947 ൽ ഇന്ത്യൻ ഉപഭൂഖണ്ഡം സ്വാതന്ത്ര്യം നേടുമ്പോൾ അറേബ്യൻ ഉപഭൂഖണ്ഡത്തിലെ ആകെ ഇന്ത്യക്കാരുടെ എണ്ണം പതിനാലായിരം ആയിരുന്നു. ഇതിൽ 40 ശതമാനവും അന്നത്തെ ദക്ഷിണയെമൻ തലസ്ഥാനമായ ഏദനിലായിരുന്നു ജോലി ചെയ്തിരുന്നത്. അമ്പതുകളുടെ അവസാനമായപ്പോഴേക്കും ഇത് നാൽപതിനായിരമായി ഉയർന്നു. ഇറാഖിലെ ബ്രിട്ടീഷ് സൈനിക താവളങ്ങളിൽ

ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ബ്രിട്ടീഷുകാർ ഗൾഫിൽ പൊതുവിലും ബഹ്റൈനിൽ പ്രത്യേകിച്ചും ഭരണ പരിഷ്കാരങ്ങൾ നടപ്പാക്കാൻ തുടങ്ങിയപ്പോൾ വെള്ളക്കോളർ ജോലിക്കാരെ ഇന്ത്യയിൽനിന്ന് റിക്രൂട്ട് ചെയ്യേണ്ടിവന്നു. കസ്റ്റംസ്, തപാൽ, ക്ലിനിക്കുകൾ, ബാങ്കുകൾ തുടങ്ങിയ മേഖലകൾ ബഹ്റൈനിൽ ചിട്ടപ്പെടുത്തിയവരിൽ ഇന്ത്യക്കാരായിരുന്നു മുൻപന്തിയിൽ.

ജോലി ചെയ്തിരുന്നവരടക്കമാണിതെന്ന് ഗവേഷകൻ പി.സി. ജെയ്ൻ പറയുന്നു. എന്നാൽ ഈ കണക്ക് അത്ര സൂക്ഷ്മമല്ലെന്നാണ് തോന്നുന്നത്.

ജെയ്ൻ തന്റെ ഗവേഷണത്തിന് അവലംബിച്ച കാലഘട്ടത്തിന് തൊട്ടുപിറകെയായി വെള്ളക്കോളർ ഉദ്യോഗസ്ഥരല്ലാത്ത തൊഴിലാളികൾ ബഹ്റൈൻ, ഖത്തർ, യു.എ.ഇ, സൗദി അറേബ്യ, കുവൈത്ത് എന്നിവിടങ്ങളിലെ തീരദേശങ്ങളിലേക്ക് നിയമാനുസൃത രീതിയിലും അനധികൃത മാർഗത്തിലും വൻതോതിൽ ഒഴുകിയിരുന്നു. സാമൂഹികാചാരങ്ങളുടെ പേരിൽ ഗൾഫ് പൗരന്മാർ ചെയ്യാൻ മടിച്ചിരുന്ന ജോലികളിലാണ് ഇവർ ഏർപ്പെട്ടിരുന്നത്. യഥാർഥ എണ്ണം ഏതാണെങ്കിലും ഏഷ്യൻ തൊഴിലാളികളുടെ എണ്ണം പടിപടിയായി വർധിച്ചുകൊണ്ടിരുന്നു എന്ന കാര്യത്തിൽ സംശയമില്ല.

1970 ൽ സൗദിയും ഒമാനും ഒഴികെയുള്ള ഗൾഫ് രാജ്യങ്ങളിൽ 2,47,000 ഏഷ്യൻ തൊഴിലാളികളുണ്ടായിരുന്നതായി അന്താരാഷ്ട്ര തൊഴിൽ സംഘടന പുറത്തിറക്കിയ പുസ്തകം പറയുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽനിന്ന് വന്നവരൊഴികെയുള്ള ഏഷ്യൻ തൊഴിലാളികൾ അക്കാലം വരെ ഗൾഫ് രാജ്യങ്ങളിൽ സ്വീകാര്യത നേടിയിരുന്നില്ല. അതുകൊണ്ടുതന്നെ അന്താരാഷ്ട്ര തൊഴിലാളി സംഘടനക്കുവേണ്ടി ജെ.എസ്. ബിർക്സും സി.എ. സിൻക്ലയറും തയാറാക്കിയ പഠനത്തിൽ ഗവേഷകർ പറഞ്ഞ കണക്ക് ഇന്ത്യയിൽനിന്നും പാക്കിസ്ഥാനിൽനിന്നുമുള്ളവർ മാത്രമാണെന്ന് അനുമാനിക്കാവുന്നതാണ്.

എഴുപതുകളുടെ തുടക്കത്തിൽ പെട്രോൾ ഉൽപാദക രാജ്യങ്ങളുടെ വരുമാനം പടിപടിയായി വർധിച്ചു. 1970 ജനുവരിയിൽ ഒരു ബാരൽ ക്രൂഡ് ഓയിലിന്റെ വില 1.88 ഡോളറായിരുന്നു. 1971 ൽ ഇത് 2.28 ഡോളറായും 1973 ൽ 2.59 ഡോളറായും തൊട്ടടുത്ത വർഷം 11.65 ഡോളറായും കുതിച്ചുയർന്നു. സർക്കാർ പദ്ധതികളിലും സാമ്പത്തിക വാണിജ്യ രംഗങ്ങളിലും ഇതിന്റെ സ്വാധീനം പ്രകടമായി. ഇതിന്റെ ഫലമായി ഇന്ത്യൻ തൊഴിലാളികളുടെ എണ്ണവും വർധിച്ചു. ഗൾഫ് രാജ്യങ്ങളിൽ പെട്രോൾ സമൃദ്ധിയുടെ തുടക്കമായി ഗണിക്കുന്ന 1975 ൽ ആറു രാജ്യങ്ങളിലും കൂടി ഒന്നര ലക്ഷം ഇന്ത്യക്കാരുണ്ടായിരുന്നുവെന്നാണ് കണക്ക്. ഇന്നിപ്പോൾ സൗദി അറേബ്യയിൽ മാത്രം ഇരുപത് ലക്ഷത്തിലധികം ഇന്ത്യക്കാരുണ്ടെന്നാണ് ഔദ്യോഗിക കണക്ക്. ഇതിൽ പാതിയിലേറെയും മലയാളികൾ തന്നെ.





തൊണ്ണൂറുകളിൽ ഗൾഫിലെ ഇന്ത്യൻ തൊഴിലാളികളുടെ എണ്ണത്തിൽ പുതിയ വഴിത്തിരിവുണ്ടായി. ദശകത്തിന്റെ ആരംഭത്തിൽ ഇന്ത്യക്കാരുടെ എണ്ണം പിറകോട്ടടിച്ചു. 1990 ൽ ഇറാഖിന്റെ കുവൈത്ത് അധിനിവേശവും തൊട്ടടുത്ത വർഷം അമേരിക്കയുടെ നേതൃത്വത്തിൽ സഖ്യ രാജ്യങ്ങൾ കുവൈത്തിനെ മോചിപ്പിക്കാൻ നടത്തിയ, 'ഡസേർട്ട് സ്റ്റോം' എന്ന് പേരിട്ട യുദ്ധവുമായിരുന്നു കാരണം. കുവൈത്ത് അധിനിവേശവും യുദ്ധവും മേഖലയിൽ ആകെ അരക്ഷിതാവസ്ഥ സൃഷ്ടിച്ചു. 1990 ഓഗസ്റ്റ് എട്ടിനും നവംബർ പതിനൊന്നിനുമിടയിൽ 1,42,000 ഇന്ത്യക്കാർ കുവൈത്തിൽനിന്ന് മാത്രം മടങ്ങി.

എണ്ണയുടെ വിലക്കുറവും യുദ്ധത്തിന്റെ കനത്ത ഭാരവും സൃഷ്ടിച്ച കടുത്ത സാമ്പത്തിക മാന്ദ്യം ഇന്ത്യക്കാരുടെ ഒഴുക്ക് കുറക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ യുദ്ധം അവസാനിച്ചതോടെ ഇന്ത്യക്കാരുടെ ഗൾഫിലേക്കുള്ള ഒഴുക്ക് പൂർവാധികം ശക്തിപ്രാപിക്കുകയാണുണ്ടായത്. എണ്ണ സമൃദ്ധിയുടെ സുവർണ കാലത്തുണ്ടായിരുന്നതിനേക്കാൾ കൂടുതലായിരുന്നു ഇത്. ഈ പ്രതിഭാസത്തിനു വ്യതിയാനമുണ്ടായത് ദുബായിയിലെ സാമ്പത്തികമാന്ദ്യത്തെത്തുടർന്ന് അവിടെ നിന്നുള്ള താൽക്കാലികമായ ഒരു തിരിച്ചുപോക്കായിരുന്നു. എന്നാൽ വളരെ വേഗം മാന്ദ്യത്തിൽ നിന്നു കരകയറിയ യു.എ.ഇയിലേക്ക് വീണ്ടും ഇന്ത്യക്കാരുടെ തിരിച്ചൊഴുക്ക് ശക്തമായി.

എഴുപതുകളുടെ ആദ്യം മുതൽ ഇന്ത്യക്കാരുടെ ഗൾഫിലേക്കുള്ള പ്രവാഹം മൂലം വൻ നേട്ടമാണ് രാജ്യത്തിനുണ്ടായത്. തൊഴിലില്ലായ്മ കുറക്കാനും വൻതോതിൽ വിദേശ നാണ്യം നേടാനും ഇത് സഹായകമായി. കുടുംബത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്താനും കുട്ടികൾക്ക് മുന്തിയ വിദ്യാഭ്യാസം നൽകാനും പെൺമക്കളുടെ വിവാഹം നടത്താനും മറ്റും പ്രവാസി ഇന്ത്യക്കാർക്കുമായി. 1990-91 കുവൈത്ത് യുദ്ധ കാലത്ത് ഗൾഫിൽനിന്നുള്ള ഇന്ത്യക്കാരുടെ പണത്തിന്റെ ഒഴുക്ക് കുറഞ്ഞത് സർക്കാർ നേരിട്ട കടുത്ത പ്രതിസന്ധികളിലൊന്നായിരുന്നു. പെട്രോളിയം ഉൽപന്നങ്ങളുടെ വില കൂടിയതും ഗൾഫ് രാജ്യങ്ങളിലേക്കുള്ള കയറ്റുമതി കുറഞ്ഞതും ലക്ഷത്തിലേറെ ഇന്ത്യക്കാരെ കുവൈത്തിൽനിന്നും ഇറാഖിൽനിന്നും സർക്കാർ ചെലവിൽ ഒഴിപ്പിക്കേണ്ടിവന്നതും പ്രതിസന്ധി മൂർഛിപ്പിച്ചു.

> എന്നാൽ ഗൾഫിൽ നിന്നുള്ള പണം വരവ് നിലച്ചാൽ ഇന്ത്യ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാകുമെന്ന് പറയുന്നതും ശരിയല്ല. 1980 ൽ ലോകത്തുള്ള പ്രവാസി ഇന്ത്യക്കാർ നാട്ടിലേക്കയച്ച പണത്തിന്റെ 20 ശതമാനവും മൊത്തം ആഭ്യന്തരോൽപാദനത്തിന്റെ 1.2 ശതമാനവും കയറ്റുമതിയുടെ 15 ശതമാനവും മാത്രമായിരുന്നു ഗൾഫ് പ്രവാസികളുടെ വിഹിതം. ഗൾഫിൽനിന്ന് വരുന്ന പണത്തിന്റെ വലിയൊരു പങ്കും എണ്ണ ഇറക്കുമതിക്കായി ഗൾഫിലേക്കുതന്നെ തിരിച്ചൊഴുകുന്നതും കാണാതിരുന്നുകൂടാ.

എന്നാൽ ഗൾഫിൽനിന്നുള്ള പണം വരവ് നിലച്ചാൽ ഇന്ത്യ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാകുമെന്ന് പറയുന്നതും ശരിയല്ല. 1980 ൽ ലോകത്തുള്ള പ്രവാസി ഇന്ത്യക്കാർ നാട്ടിലേക്കയച്ച പണത്തിന്റെ 20 ശതമാനവും മൊത്തം ആഭ്യന്തരോൽപാദനത്തിന്റെ 1.2 ശതമാനവും കയറ്റുമതിയുടെ 15 ശതമാനവും മാത്രമായിരുന്നു ഗൾഫ് പ്രവാസികളുടെ വിഹിതം. ഗൾഫിൽനിന്ന് വരുന്ന പണത്തിന്റെ വലിയൊരു പങ്കും എണ്ണ ഇറക്കുമതിക്കായി ഗൾഫിലേക്കുതന്നെ തിരിച്ചൊഴുകുന്നതും കാണാതിരുന്നുകൂടാ.

## മരുഭൂമിയെ മലർവാടിയാക്കിയ മലയാളി

എഴുപതുകളുടെ മധ്യം മുതൽ ഗൾഫ് രാജ്യങ്ങളുടെ വികസനത്തിലും പുരോഗതിയിലും ഇന്ത്യക്കാരടക്കമുള്ള വിദേശ തൊഴിലാളികൾ വഹിച്ച പങ്ക് കുറച്ചു കാണിക്കാൻ കഴിയില്ല. വിദേശ തൊഴിലാളികളെ ആശ്രയിക്കാതെ ബൃഹദ് പദ്ധതികൾ ഗൾഫ് രാജ്യങ്ങൾക്ക് പൂർത്തിയാക്കാനാകുമായിരുന്നില്ല. ഇക്കാര്യം ഗൾഫ് രാജ്യങ്ങൾ തുറന്നുസമ്മതിച്ചിട്ടുണ്ട്. വികസന പദ്ധതികൾ പൂർത്തിയാക്കാനാവശ്യമായ തൊഴിലാളികളെ കണ്ടെത്തുന്നതിന് വിദേശങ്ങളിൽനിന്ന് റിക്രൂട്ട് ചെയ്യുകയാണ് ഏക



പോംവഴിയെന്ന് പഞ്ചവത്സര പദ്ധതികളുടെ തുടക്കത്തിൽ സൗദി അറേബ്യ വ്യക്തമാക്കിയിരുന്നു.

എന്നാൽ വിദേശ തൊഴിലാളികൾ വൻതോതിൽ ഒഴുകിയെത്തിയതോടെ ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് കുറഞ്ഞ ജനസംഖ്യയുള്ള രാജ്യങ്ങളിൽ ജനസംഖ്യാപരമായ അസന്തുലിതത്വമുണ്ടായി. ചില രാജ്യങ്ങളിൽ തദ്ദേശീയരുടെ എണ്ണത്തേക്കാൾ കൂടുതലാണ് വിദേശികൾ. അടിസ്ഥാന സൗകര്യങ്ങളിലും പൊതു സേവന മേഖലകളിലും വിദേശികളുടെ ആധിക്യം കടുത്ത സമ്മർദമുണ്ടാക്കി. നിസാരമായ വീട്ടുജോലികൾക്കു പോലും വേലക്കാരെ ആശ്രയിച്ച് അലസന്മാരായി മാറിയ തദ്ദേശീയരുടെ കഴിവും ശേഷിയും മരവിച്ച തടക്കമുള്ള നിരവധി സാമൂഹിക പ്രശ്നങ്ങളും ഉടലെടുത്തു. കുട്ടികളുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും മാറ്റങ്ങളുണ്ടാക്കിയ ഇത് അവരുടെ സ്വാശ്രയശീലം ഇല്ലാതാക്കി.

സ്വതന്ത്ര സാമ്പത്തിക വ്യവസ്ഥ നിലവിലുള്ള ഗൾഫിൽ വിദേശികൾക്ക് നാട്ടിലേക്ക് പണമയക്കുന്നതിന് യാതൊരു നിയന്ത്രണവുമില്ല. നാടിന്റെ വികസനത്തിനു പകരിക്കേണ്ട ഭീമമായ തുകയാണ് ഇങ്ങനെ ഓരോ ഗൾഫ് രാജ്യത്തുനിന്നും പുറത്തേക്കൊഴുകുന്നത്. 1997 ൽ സൗദിയിൽനിന്നു മാത്രം വിദേശികൾ 6200 (1650 കോടി ഡോളർ) കോടി റിയാൽ തങ്ങളുടെ നാടുകളിലേക്കയച്ചിട്ടുണ്ടെന്നാണ് കണക്ക്. ഇതേ വർഷം ബഹ്റൈനിൽനിന്ന് 13 കോടി ദീനാറും (34.5 കോടി ഡോളർ) വിദേശികൾ വഴി പുറത്തേക്കൊഴുകി. ഗൾഫിൽനിന്നൊഴുകിയ പണത്തിന്റെ മൂന്നിലൊന്നും ഇന്ത്യയിലേക്കും പാക്കിസ്ഥാനിലേക്കുമായിരുന്നു. തൊണ്ണൂറുകളിൽ മാത്രം ഈ രണ്ടു രാജ്യങ്ങളിലേക്കും 30,000 കോടി ഡോളർ ഗൾഫിൽനിന്ന് ഒഴുകിയെന്നാണ് കണക്കാക്കുന്നത്. 2010- ആയതോടെ അത് ഒരു ലക്ഷം കോടി ഡോളർ കവിഞ്ഞു.

## എൻ.ആർ.ഐ അഥവാ നോൺ റികബയേർഡ് ഇന്ത്യൻസ്!

നോൺ റസിഡന്റ് ഇന്ത്യൻസ് അഥവാ എൻ.ആർ.ഐ എന്ന ചുരുക്കപ്പേരിന് നോട്ട് റികബയേർഡ് ഇന്ത്യൻസ് എന്നൊരു ഹാസ്യാർഥം ചമച്ചയാൾ ഭാവനാശാലിയാകമം. പരമാവധി പിഴിഞ്ഞെടുത്ത് ഒടുവിൽ ഗൾഫ് മലയാളിയെ അവഗണനയുടെ അഗണ്യകോടിയിലേക്ക് അവജ്ഞാപൂർവം തള്ളുന്ന ഒരവസ്ഥ നിലനിൽക്കുന്നുണ്ടെന്നത് പരമാർഥമാണ്. പ്രവാസി വോട്ടവകാശം, പ്രവാസി തിരിച്ചറിയൽ കാർഡ്, പ്രവാസിയുടെ റേഷൻ കാർഡ്, വിമാനടിക്കറ്റ് നിരക്കിലെ അസന്തുലിതത്വം തുടങ്ങിയ നിരവധി ജീവൽപ്രശ്നങ്ങളിൽ ഗൾഫ്മലയാളിക്ക് കടുത്ത അവഗണന നേരിടേണ്ടതായി വരുന്നുണ്ട്.

ഗൾഫ് നാടുകളിൽ ജോലിക്കു പോയിട്ടുള്ളവരുടെ കുടുംബങ്ങളെല്ലാം തന്നെ സാമ്പത്തികമായി സ്വയം പര്യാപ്തമാണെന്ന അബദ്ധധാരണ ചിലരെങ്കിലും വച്ചുപുലർത്തുന്നുമുണ്ട്. ഉള്ളതെല്ലാം വിറ്റുപെറുക്കി കടൽകടക്കുന്ന മലയാളികൾ വർഷങ്ങളോളം പണിയെടുത്തിട്ടും കടബാധ്യതയിൽ നിന്നു മുക്തി ലഭിക്കാതെ ജീവിതം തള്ളിനീക്കുന്നുണ്ട്. നാൽപതു ശതമാനം ഗൾഫ് കുടുംബങ്ങളിലും വരുമാനം മെച്ചപ്പെട്ടിട്ടില്ല. പതിനഞ്ചു ശതമാനത്തോളം കുടുംബങ്ങൾ കൂടുതൽ ദരിദ്രരാവുകയായിരുന്നുവെന്നാണ് കണക്കുകൾ. വിസ ഏജന്റുമാരുടെ ചതിയിൽപ്പെടുന്നവരും തൊഴിലുടമകളിൽ നിന്ന് കൃത്യമായി വേതനം ലഭിക്കാത്തവരും ഗൾഫിലെ പലിശക്കെണിയിലകപ്പെട്ടവരും മറ്റുമായി ജീവിതക്ലേശങ്ങളിൽ നട്ടം തിരിയുന്ന പതിനായിരക്കണക്കിന് പ്രവാസികൾ ഗൾഫ് മേഖലയിലുണ്ട്. ആട്ടിടയന്മാരായും ഈന്തപ്പനത്തോട്ടം കാവൽക്കാരായും നഗരശുചീകരണത്തൊഴിലാളികളായും വീട്ടുജോലിക്കാരായും നഗരവീഥികളിൽ പത്രവും പാർക്കുകളിൽ നിലക്കടലയും വിൽക്കുന്നവരായുമൊക്കെ തുച്ഛമായ വേതനത്തിനു ജോലി ചെയ്യുന്ന മലയാളികളുടെ എണ്ണം നിരവധിയാണ്. കേരളത്തിലെ ഒരു ലാസ്റ്റ് ഗ്രേഡ് ജീവനക്കാരന്റെ ശമ്പളം പോലും ലഭിക്കാത്ത പ്രവാസികൾ എത്ര വേണമെങ്കിലുമുണ്ട്. ഗൾഫ് മലയാളികളിൽ വലിയൊരു വിഭാഗം നാട്ടിലേക്ക് മടങ്ങുന്നുവെന്ന പ്രതിഭാസവും കാണാതിരുന്നുകൂടാ. നീണ്ട കാലത്തെ പ്രവാസം മതിയാക്കി നാട്ടിലേക്കു മടങ്ങുന്ന പലരും ജന്മനാടുകളിൽ പിടിച്ചു നിൽക്കാനുള്ള കരുത്തില്ലാതെ, അതിജീവന മൽസരത്തിൽ നിന്നു പുറംതള്ളപ്പെട്ട് ജീവിതസായന്തനങ്ങളിൽ വീണ്ടും ഗൾഫിലേക്ക് തന്നെ മടങ്ങിവരുന്നുവെന്ന വിചിത്രമായൊരു പ്രതിഭാസവും നിലനിൽക്കുന്നുണ്ട്. ■



■ എസ്.എൻ. റോയ്

# അതിരുകൾ മായുന്ന ആകാശങ്ങൾ

പുതിയ തീരങ്ങൾതേടി പറന്നുപോകുന്ന പറവകളെപ്പോലെയായിരുന്നു ഈ നാട്ടുകാർ. അല്ലെങ്കിൽ പറവകളുടെ മനസ്സും മനുഷ്യന്റെ ശരീരവുമുള്ള സഞ്ചാരികളായിരുന്നു അവർ. പട്ടിണിയിൽനിന്നും ദുരിതങ്ങളിൽനിന്നുമാണ് ഈ സഞ്ചാരതൃഷ്ണകൾ നാമ്പെടുത്തിരുന്നതെങ്കിലും ഇന്നത് നിലനിൽപ്പിന്റെയും പരസ്പര മാത്സര്യത്തിന്റെയും മേഖലയിലെത്തിനിൽക്കുന്നു. അല്ലലുകൾ ഒഴിഞ്ഞ മോഹനമായ ഒരു ജീവിതം കൈപ്പിടിയിലൊതുക്കിക്കഴിഞ്ഞെങ്കിലും മറ്റേതൊരു ജനതയേയുംപോലെ പ്രവാസം ഇപ്പോൾ അവർക്കു ഒരു ലഹരിയായി മാറിയിരിക്കുകയാണെന്നുതന്നെ പറയാം.

തിരുവനന്തപുരം ജില്ലയിലെ തീരദേശഗ്രാമമായ പുത്തൻതോപ്പിന്റെ പ്രവാസകഥയാണിത്. മത്സ്യബന്ധനത്തിലൂടെ വിശപ്പടക്കിയിരുന്ന ഒരു ഗ്രാമത്തിൽനിന്നും മെച്ചപ്പെട്ട ജീവിതംതേടി ലോകത്തിന്റെ പലകോണുകളിലേക്കും ഇറങ്ങിത്തിരിച്ച് അതിസാഹസികമായി ജീവിതം വെട്ടിപ്പിടിച്ചതിന്റെ മധുരതരവും കയ്പേറിയതുമായ ഒരുപാട് കഥകൾ ഈ ജനതയ്ക്കു പറയാനുണ്ട്. പറയത്തക്ക വിദ്യാഭ്യാസമോ തൊഴിൽ വൈദഗ്ധ്യമോയില്ലാതെയാണ് ഇവർ അജ്ഞാതതീരങ്ങൾതേടി യാത്രയായതും ജീവിതവിജയം കൊയ്തെടുത്തതും. ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും പല തായ്‌വഴികളായിവന്ന് ഈ കടൽത്തീരത്തു ചേക്കേറിയവരാണ് ഇന്നത്തെ പുത്തൻതോപ്പു ജനത. അങ്ങനെ അടിസ്ഥാനപരമായി ഒരു പ്രവാസസമൂഹത്തിന്റെ സ്വത്വം സ്വയം പേറുന്നതും കടലിനോട് മല്ലടിച്ച് വളർന്നതിന്റെ



കരുത്തും കാർക്കശ്യവുമൊക്കെയാവാം വൈവിധ്യമേറിയ ആകാശങ്ങൾ തിരഞ്ഞു പോകാനുള്ള ത്വരയും സാഹസഭാവവും അവരിൽ നിറച്ചത്.

ഗൾഫ് നാടുകളിലും അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ്, ഓസ്ട്രേലിയ തുടങ്ങി ലോകത്തിലെ അറിയപ്പെടുന്ന മഹാനഗരങ്ങളിലെല്ലാം ഇന്ന് പുത്തൻതോപ്പുകാരുടെ സാന്നിധ്യമുണ്ട്. കുടുംബത്തിൽനിന്ന് ഒരാളെങ്കിലും ഏതെങ്കിലും ഗൾഫ് നാടുകളിലില്ലാത്ത ഒരു വീടും ഇന്ന് ഇവിടെയില്ല. പണത്തിന്റെ ഒഴുക്ക് ഗ്രാമത്തിന്റെ മുഖഛായ മാറ്റിയിരിക്കുന്നു. ഇതരനാടുകളിലെ ഒരു പരിഷ്കൃതസമൂഹത്തിൽ കാലാകാലങ്ങളിലുണ്ടാവുന്ന മാറ്റങ്ങൾ ഇവിടേക്കും ഒരു ലോഭവുമില്ലാതെ കടന്നുവന്നു. വറുതിയിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നിഷ്കർഷത പുലർത്തിയിരുന്ന ഈ സമൂഹം ഇപ്പോൾ പണത്തിന്റെ സ്വാധീനം വേണ്ടവിധം ഉപയോഗിച്ച് ഇക്കാര്യത്തിൽ ഇതര സമൂഹങ്ങളെ പിന്നിലാക്കാൻ വെമ്പൽകൊള്ളുന്നു. ആധുനിക ജീവിത സൗകര്യങ്ങൾ അവരിൽ കാതലായ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. അങ്ങനെ വർത്തമാന കേരളീയജീവിതത്തിൽ നിരന്തരം സ്വാധീനം ചെലുത്തുകയും ചലനങ്ങളുണ്ടാക്കുകയും ചെയ്യുന്ന ഏതൊരു ഉന്നതസമൂഹത്തിന്റെയും പരിച്ഛേദമായി ഈ നാട് മാറിയിരിക്കുന്നു. അടിസ്ഥാന ജീവിതസൗകര്യങ്ങളൊന്നുമില്ലാതെ അവഗണനയിലും അരക്ഷിതത്വത്തിലും ആണ്ടുകിടന്ന ഒരു സമൂഹത്തിന്റെ ധീരോദാത്തമായ ചുവടുവയ്പുകളാണ് ഇന്ന് ഈ നിലയിലേക്ക് ഇവരെ ഉയർത്തിയത്. ഈ നാടിനെക്കാളും വളരെമുമ്പേ പ്രവാസജീവിതത്തിലൂടെ അഭിവൃദ്ധിയിലേക്കു കുതിച്ച സമീപപ്രദേശങ്ങൾ പലതും ക്ഷയിക്കുകയോ നിശ്ചലാവസ്ഥയിലോ നിലനിൽക്കുമ്പോഴും പുത്തൻതോപ്പുകാർ പ്രവാസപരിണാമങ്ങൾക്ക് കാലാനുസൃതമായ അനുബന്ധങ്ങൾ എഴുതിച്ചേർക്കുകയാണ്. പ്രതീക്ഷയ്ക്കു വകയൊന്നുമില്ലാതെ കുറേ സ്വപ്നങ്ങളുടെ മാത്രം പിൻബലത്തിൽ ഇറങ്ങിത്തിരിച്ച ആദ്യകാലങ്ങളിൽ അവർ പ്രകടിപ്പിച്ചിരുന്ന ത്യാഗമനോഭാവവും ഇച്ഛാശക്തിയും പരസ്പരാശ്രയത്വവും തന്നെയാവാം അവരുടെ വിജയരഹസ്യം.

തീരദേശഗ്രാമങ്ങളിലെ ദാരിദ്ര്യത്തിന്റെയും വറുതിയുടെയും ഭൂതകാലം നടുക്കുന്നതായിരുന്നു. പഞ്ഞമാസങ്ങളിൽ മിക്ക വീടുകളിലെയും അടുപ്പുകൾ പുകയില്ല. കടൽക്കാറ്റിന്റെ ഉപ്പുനുകർന്ന് വിശക്കുന്ന വയറുമായി ജനങ്ങൾ കടലിലേക്കു നോക്കിയിരിക്കും. കടലിന്റെ പ്രകൃതം നമുക്കെല്ലാമറിയാം. കനിയുമ്പോൾ വല്ലാതെ കനിയുകയും മുഖം കറുപ്പിക്കുമ്പോൾ വല്ലാതെ കറുപ്പിക്കുകയും ചെയ്യും അവൾ. വെയിലിൽ കരിഞ്ഞുണങ്ങിയ ഓലക്കീറുകൾ കൊണ്ടുണ്ടാക്കിയ കുടിലുകൾ കെട്ടിമേഞ്ഞിട്ടുതന്നെ വർഷങ്ങൾ കഴിഞ്ഞിട്ടുണ്ടാകും.

ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് ഒരു ദേവാലയം ഉയർന്നുനിന്നിരുന്നു. കൊടിയ വറുതിയിലും ദൈവവിശ്വാസം കൈവിടാതെ അവർ ദിവ്യപൂജകളിൽ സംബന്ധിക്കുകയും വീടുകളിൽ സന്ധ്യാപ്രാർഥനകളിലേർപ്പെടുകയും ചെയ്തിരുന്നു. പാലവും റോഡും ആശുപത്രിയുമൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും ദൈവം തന്റെ അദൃശ്യമായ കരങ്ങളാൽ അനുഗ്രഹങ്ങൾചൊരിഞ്ഞ് തങ്ങളെ പരിപാലിച്ചുകൊള്ളുമെന്ന് അവർ ദൃഢമായി വിശ്വസിച്ചിരുന്നു.

മുതലാളിമാരായ ചില മത്സ്യക്കച്ചവടക്കാരുടെ ചൊല്പടിയിലും നിയന്ത്രണത്തിലുമായിരുന്നു അന്ന് ഗ്രാമം. സിലോണിലേക്കും ധൂത്തുക്കുടിയിലേക്കുമൊക്കെ ഉണക്കമീൻകയറ്റി അയച്ചിരുന്ന അവർ പാവപ്പെട്ട തൊഴിലാളികളെ വല്ലാതെ ചൂഷണം ചെയ്തിരുന്നു. പിടിച്ചുകൊണ്ടുവരുന്ന മീനെല്ലാം അവർക്കു കൊടുത്തുകൊള്ളണം. പിന്നെ കാശിനുവേണ്ടിയുള്ള കാത്തിരിപ്പാണ്. മീൻ വിറ്റുകിട്ടുന്ന പണത്തിൽനിന്നും അഞ്ചോ പത്തോ രൂപ ഓരോ വീട്ടുകാർക്കും കൊടുക്കും. ഏതാണ്ട് അടുത്ത ഒരു മാസത്തോളമുള്ള ചിലവുകൾ അതുകൊണ്ട് കഴിയണം. മുതലാളിമാർ എന്നും നഷ്ടത്തിന്റെ മാത്രം കണക്കുകൾപറഞ്ഞ് ദൂരെ ദിക്കുകളിൽ തുച്ഛമായ വിലയ്ക്ക് വയലുകളും തെങ്ങിൻതോപ്പുകളുമൊക്കെ വാങ്ങിക്കൂട്ടി.

അപൂർവമായി ചിലപ്പോൾ അവർക്ക് വേണ്ടാത്ത മീനുകൾ സ്ത്രീകൾ തലച്ചുമടായി കൊണ്ടുപോയി കിഴക്കൻ ചന്തകളിൽ വിൽക്കും. കച്ചവടം കഴിഞ്ഞ് അവർ വരുന്നതും നോക്കി കുട്ടികൾ ആകാംക്ഷയോടെ കാത്തിരിക്കും. കിഴക്കുനിന്നും ചേക്കേറാൻ വരുന്ന കാക്കകളോട് അവർ ഈണത്തിൽ ചോദിക്കും:

കാക്കേ.... എന്റെമ്മ വരുന്നുണ്ടോ?...

ഒന്നും കേൾക്കാത്തഭാവത്തിൽ കാക്കകൾ തലചെരിച്ച് പിന്നെയും പടിഞ്ഞാട്ട് പറക്കും, ഇടതൂർന്ന തെങ്ങിൻ തലപ്പുകൾതേടി. കുട്ടികൾ ഉറക്കംതൂങ്ങിത്തുടങ്ങുമ്പോഴായിരിക്കും അരിയും വീട്ടുസാമാനങ്ങളുമായി അമ്മമാർ വന്നെത്തുക. അതിനുശേഷമാണ് അടുപ്പുകളിൽ തീ പുകയുക. ഇത്രയ്ക്ക് ദുരിതമയവും നിരാലംബവുമായ ഒരു ജീവിതത്തിൽനിന്ന് രക്ഷനേടുവാൻ അല്പമെങ്കിലും കരളുറപ്പുള്ളവർ തങ്ങൾക്കു സാധ്യമായ എല്ലാവഴികളും തിരഞ്ഞില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ.

പ്രവാസത്തിന്റെ വഴികളിലേക്ക് അവർ എത്തിപ്പെട്ടത് അങ്ങനെയൊക്കെയായിരിക്കാം. ഫലപ്രാപ്തിയിലെത്താതെ പരാജയപ്പെട്ടുപോയ ഒരു പ്രവാസദൗത്യത്തിലൂടെയാണ് പുത്തൻതോപ്പുകാരുടെ തൊഴിൽ തേടിയുള്ള പ്രയാണം ആരംഭിക്കുന്നത്. കേരളത്തിലെ മറ്റു പല സ്ഥലങ്ങളിൽ നിന്നെന്നപോലെ അസ്സാം റോഡുപണിക്കുവേണ്ടിയായിരുന്നു അത്. റോഡുപണിയ്ക്കായി തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതറിഞ്ഞാണ് ആളുകൾ സംഘമായി യാത്രതിരിച്ചത്. തിരുവനന്തപുരത്ത് ഇന്നത്തെ ഓവർബ്രിഡ്ജിനു സമീപത്തുള്ള ഒരു കെട്ടിടത്തിലാണ് ആളുകളെ തെരഞ്ഞെടുക്കുന്നതായി വാർത്തകൾ പ്രചരിച്ചത്. പാർവതീപുത്തനാറിലൂടെ കെട്ടുവള്ളത്തിൽകയറിയാണ് അവരിൽ ഭൂരിഭാഗവും പോയത്. വള്ളക്കൂലി കൊടുക്കാനില്ലാത്തവർ അറ്റിൻകരയിലൂടെ വള്ളത്തിനു സമാന്തരമായി നടന്നു. രാത്രിമുഴുവൻ യാത്ര ചെയ്ത് പുലർച്ചയോടുകൂടി അവിടെ എത്തിച്ചേർന്ന അവർ ദിവസം മുഴുവൻ അവിടെ തമ്പടിച്ചുകിടന്നെങ്കിലും ഇപ്പോൾ ആളെടുക്കിന്നില്ലെന്നറിഞ്ഞ് ഒടുവിൽ നിരാശരായ് മടങ്ങുകയാണുണ്ടായത്.

കടലിന്റെ മുഖം ഇരുളുകയും തെളിയുകയും ചെയ്തുകൊണ്ടിരുന്നു. അതിന്റെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് തീരവാസികളുടെ ജീവിതവും ആടിയുലഞ്ഞ് തീരം കാണാനാവാതെ മുങ്ങിയും പൊങ്ങിയും യാത്ര തുടർന്നുകൊണ്ടിരുന്നു. പട്ടാളത്തിൽ ജോലിയുള്ള ചില ആളുകൾ വലിയതുറ ഭാഗങ്ങളിലുണ്ടായിരുന്നു. വിവരം കേട്ടറിഞ്ഞ് ചിലർ അവരെ സമീപിച്ചു. അങ്ങനെ കുറേപ്പേർ പട്ടാളത്തിൽ ജോലിക്കു ചേർന്നു. സൈനികരാക്കാനുള്ള വിദ്യാഭ്യാസമോ മറ്റു മികവുകളോ ഒന്നുമില്ലാത്തവരായിരുന്നു അവർ. പട്ടാള ക്യാന്റീനുകളിലും മെസുകളിലുമൊക്കെ സഹായികളായാണ് അവർ ജോലിക്കു ചേർന്നത്. ചില കുടുംബങ്ങൾക്കെങ്കിലും അതൊരാശ്വാസമായി. കൂടുതൽ ആളുകൾ അവസരംതേടി ഏജന്റുമാരെ സമീപിച്ചെങ്കിലും ജോലിഒഴിവുകൾ പരിമിതമായിരുന്നു.

അങ്ങനെയിരിക്കവെയാണ് ചിലയാളുകൾ കൊളംബിലേക്കു പോയത്. കുറേപ്പേർ പോയവേഗത്തിൽത്തന്നെ നാട്ടിൽ തിരച്ചെത്തി. ജോലിയുടെ കടുപ്പവും ഭാഷയറിയാത്തതിന്റെ പ്രശ്നങ്ങളുമൊക്കെയാണ് അവരെ തിരിച്ചുവരുവാൻ പ്രേരിപ്പിച്ചത്. അവിടുത്തെ തേയിലത്തോട്ടങ്ങളിൽ ജോലി കിട്ടിയവർ പലരും തിരിച്ചുവന്നില്ല. സിംഹള സ്ത്രീകളെ കല്യാണംകഴിച്ച് അവരവിടെ കൂടുകയായിരുന്നു. പിറന്ന നാടിന്റെ സ്നേഹവും രക്തബന്ധങ്ങളുടെ ഊഷ്മളതയും മറന്ന് അവർ ആ മണ്ണിന്റെ സുഖത്തിലും ലഹരിയിലും അലിഞ്ഞുചേരുകയായിരുന്നു. അതുകൊണ്ടൊക്കെത്തന്നെയാവാം അങ്ങോട്ടേക്കുള്ള യാത്രയെ നാട്ടുകാർ പിന്നെ പ്രോത്സാഹിപ്പിച്ചില്ല. അല്ലലും ദുരിതങ്ങളും നിറഞ്ഞ ജീവിതമാണെങ്കിലും കണ്ടും പറഞ്ഞും കഴിയാമല്ലോയെന്ന് അവർ ചിന്തിച്ചിരിക്കാം.

പിൽക്കാലത്ത് 'ജയ്ഹിന്ദ് വായനശാല' യെന്ന ഒരു സാംസ്കാരിക സ്ഥാപനമു

ണ്ടാക്കി നാടിന്റെ നെറുകയിൽനിന്ന് അവരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചിരുന്ന ഏതാനും ചെറുപ്പക്കാർ ഒരു സുപ്രഭാതത്തിൽ സിംഗപ്പൂരിലേക്ക് യാത്രയായി. ബി. എം. പെരേരയുടെ നേതൃത്വത്തിലായിരുന്നു യാത്ര. ജെലാസ് പെരേര, ചാർളി ലോപ്പസ്, ആൽബി പെരേ, ബെർനാഡ് ലോപ്പസ് എന്നിവരായിരുന്നു സംഘത്തിലുണ്ടായിരുന്നത്. തെക്കേക്കുന്നിന്റെ ഉടമയായിരുന്ന കുട്ടിത്തൊമ്മനും കുടുംബവും മാത്രമായിരുന്നു അതിനുമുമ്പ് സിംഗപ്പൂരിലെത്തിയിരുന്നത്. എന്നാൽ ഈ ചെറുപ്പക്കാരുടെ സംഘം അളവില്ലാത്ത ഉത്സാഹത്തോടെയും ആവേശത്തോടെയുമാണ് യാത്രതിരിച്ചത്. അത്യന്തം ദുർഘടമായ ഒരു യാത്രയ്ക്കൊടുവിൽ അവർ ആ മണ്ണിൽ കപ്പലിറങ്ങി. നാടിന്റെ ഭാഗധേയംതന്നെ മാറ്റിമറിക്കുന്ന ഒരു പ്രവാസദൗത്യത്തിന്റെ ആരംഭമായിരുന്നു അതെന്ന് അവർ അറിഞ്ഞിരുന്നില്ല. മനം മയക്കുന്ന എന്തോ ഒരു വശ്യതയുണ്ടായിരുന്നു ആ ചെറു നഗരത്തിന്. പ്രതീക്ഷിച്ചതിലുമധികം സൗഭാഗ്യങ്ങൾ വാരിക്കോരിനൽകി കടൽനഗരം അവരെ തന്നിലേക്കാവാഹിച്ചു.

എന്നാൽ അവരുടെ കിനാവുകൾക്കു മേലേ കരിമ്പടം വീഴ്ത്തിക്കൊണ്ട് രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടത് പെട്ടെന്നായിരുന്നു. അപരിചിതമായ നാട്ടിൽ പൊടുന്നനെയുണ്ടായ പ്രതിസന്ധിയിൽ അവർ പകച്ചുപോയി. യുദ്ധവിമാനങ്ങളുടെ ഇരമ്പവും കാതടപ്പിക്കുന്ന സ്ഫോടനങ്ങളും മാത്രം. കൂട്ടംതെറ്റി ചിന്നിയും ചിതറിയും അവർ എവിടെയെല്ലാമോ ഒറ്റപ്പെട്ടുപോയി. ആരെക്കുറിച്ചും ഒരു വിവരവുമില്ല. ജപ്പാൻ സിംഗപ്പൂരിൽ ബോംബിട്ടകാര്യം നാട്ടിലുമെത്തി. ബന്ധുക്കൾ അലമുറയിട്ടുകരഞ്ഞു. കൂടുതൽ റേഡിയോ വാർത്തകൾക്കായി നാട് വിതുമ്പിയെങ്കിലും വാർത്താവിതരണ ബന്ധങ്ങൾ താറുമാറായതിനാൽ ആ വഴിയും അടഞ്ഞു.

ഒരു വിവരവുമില്ലാതായപ്പോൾ പോയവരെല്ലാം യുദ്ധത്തിന്റെ കെടുതിയിൽപ്പെട്ടു മരിച്ചുവെന്നുതന്നെ എല്ലാവരും കരുതി. അങ്ങനെയിരിക്കെയാണ് ഒരു ദിവസം കണിയാപുരത്തുനിന്നും അഞ്ചലോട്ടക്കാരൻ ഒരു കത്തുമായി വരുന്നത്. ബി.എം. പെരേര അച്ഛൻ മേവറത്ത് വീട്ടിൽ മരിയാൻ പെരേരയ്ക്ക് അയച്ച കത്തായിരുന്നു അത്. അഞ്ചലോട്ടക്കാരനെ കണ്ടതും ആകാംക്ഷയോടെ കഴിഞ്ഞിരുന്ന ജനം കൂട്ടംകൂടി. കത്തു പൊട്ടിച്ചു വായിച്ചപ്പോഴാണ് കാര്യങ്ങൾക്ക് ഒരു തെളിച്ചമുണ്ടായത്. ബെർനാഡ് ലോപ്പസ് മരിച്ചിരിക്കുന്നു. ആൽബി പെരേരയെ കാണാനില്ല. അയാളും മരിച്ചുവെന്നുതന്നെ നാട്ടുകാർ കരുതി. എന്നാൽ യുദ്ധമെല്ലാം കഴിഞ്ഞ് ഇന്ത്യയും മോചിതയായതിനുശേഷം എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് ആൽബി തിരിച്ചുവന്നു. സയാം എന്ന സ്ഥലത്ത് അകപ്പെട്ടുപോയതായിരുന്നു അയാൾ. കയ്യിൽ ചില്ലിക്കാശുപോലും എടുക്കാനുണ്ടായിരുന്നില്ലെങ്കിലും സയാമിലെ ആയോധനകലയിൽ അയാൾ പ്രാവീണ്യം നേടിക്കഴിഞ്ഞിരുന്നു.

നേവൽ ബേസിലെ ജോലിസാധ്യത നാട്ടിൽക്കഴിഞ്ഞിരുന്ന ചെറുപ്പക്കാരെ അങ്ങോട്ടേക്കാകർഷിച്ചു. ഇവിടെ ദാരിദ്ര്യവും പട്ടിണിയും അതിന്റെ പാരമ്യത്തിലെത്തിക്കഴിഞ്ഞിരുന്നു. നേരത്തേ പോയവരുടെ ക്ഷണംകൂടിയായപ്പോൾ പലരും കച്ചമുറുക്കി. അതിൽ പ്രധാനിയായിരുന്നു ജോർജ് നെറ്റോ. ജോൺസൺ ഡിക്രൂസ്, ജോസ് മിരാന്ത, ജെയിംസ് ഡിക്രൂസ്, വില്യംസാർ, ജോസഫ് ഡിക്രൂസ്, റുഡോൾഫ് നെറ്റോ, ബെനഡിമിരാന്ത, ജയിംസ് സീൽവ, സീസർ ലോപ്പസ്, ചാർളസ് ഡിക്രൂസ് തുടങ്ങിയവരായിരുന്നു പ്രസ്തുത സംഘത്തിലെ പ്രധആനികൾ. നേരത്തേ കുടിയേറിയവരുടെ സഹായത്തോടെ ജോലിയും താമസസൗകര്യങ്ങളുമൊക്കെ തരപ്പെടുത്തുവാൻ ഇവർക്ക് വലിയ പ്രയാസമുണ്ടായില്ല. വില്യംസാറും ജോസഫ് ഡിക്രൂസും കോളേജ് ലക്ചറർമാരായി. കൂടുതലും ആളുകൾ നേവൽ ബേസിൽ ജോലിക്ക് കയറുകയാണുണ്ടായത്. ജോർജ് നെറ്റോ ജോലിയോടൊപ്പം അവിടുത്തെ മലയാളികളുടെയിടയിൽ സാംസ്കാരിക പ്രവർത്തനങ്ങളിലേർപ്പെട്ടു. അദ്ദേഹത്തിന്റെ പത്രാധിപത്യത്തിലാണ് 'അലകൾ' എന്ന കഥാമാസിക പുറത്തിറങ്ങുന്നത്. നാട്ടിലും പ്രചുരപ്രചാരം നേടിയ ആ മാസികയിൽ ടി. പത്മനാഭൻ, എം.ടി. വാസുദേവൻനായർ, എം.വി. ദേവൻ തുടങ്ങിയ ലബ്ധപ്രതിഷ്ഠരായ എഴുത്തുകാർ തങ്ങളുടെ സൃഷ്ടികൾ പ്രസിദ്ധീകരിച്ച് അതിനെ ധന്യമാക്കി. സിംഗപ്പൂരിലെത്തുന്ന പുത്തൻതോപ്പുകാരുടെ അംഗസംഖ്യക്രമേണ വർധിച്ചുകൊണ്ടിരുന്നു. ഒടുവിൽ എല്ലാവരുടേയും ശ്രമഫലമായി സിംഗപ്പൂർ പുത്തൻതോപ്പ് സമാജം രൂപീകൃതമായി.

ഇക്കാലയളവിലാണ് ഒരു പൊതുപണിമുടക്ക് നടക്കുന്നത്. നേവൽബേസിന്റെ ഭരണാധികാരികളായ ബ്രിട്ടീഷുകാർ കോപിഷ്ടരായി. അന്നത്തെ നേവൽബേസ് ലേബർ യൂണിയന്റെ സെക്രട്ടറിയായിരുന്ന ജെയിംസ് ഡിക്രൂസിനെ അവർ കരിനിയമം ഉപയോഗിച്ച് അറസ്റ്റുചെയ്ത് തടവിലാക്കി. പ്രസ്തുത യൂണിയന്റെ അക്കാലത്തെ പ്രസിഡന്റായിരുന്ന ദേവൻ നായരാണ് പിൽക്കാലത്ത് സിംഗപ്പൂരിന്റെ പ്രസിഡന്റായി ഉയർന്നത്. ആ പണിമുടക്ക് വിജയിക്കുകയും അത് സിംഗപ്പൂരിന്റെ മോചനം നേടിയുള്ള ഒരു സമരപരമ്പരയുടെ തുടക്കമായിത്തീരുകയും അധികം താമസിയാതെ രാജ്യം സ്വതന്ത്രമാവുകയും ചെയ്തു.

ബ്രിട്ടീഷുകാർ സിംഗപ്പൂർ വിടുകയും അവരുടെ കീഴിൽ നേവൽബേസിൽ ജോലിചെയ്തിരുന്നവർക്ക് ബ്രിട്ടനിലേക്കു കുടിയേറാൻ അവസരം നൽകുകയും ചെയ്തു. അതിന്റെ ഫലമായി അവിടെയുണ്ടായിരുന്ന നല്ലൊരു ശതമാനം പുത്തൻതോപ്പുകാർ അങ്ങോട്ടേയ്ക്കു കുടിയേറുകയും പൗരത്വം നേടുകയും ചെയ്തു. നാട്ടിലുള്ള കുടുംബങ്ങളെ അങ്ങോട്ടുവരുത്തി അവർ സകുടുംബം അവിടെ സുഖമായി ജീവിച്ചു. അപ്പോഴും ദാരിദ്ര്യത്തിലാണ്ടു കഴിയുകയായിരുന്ന നാട്ടിൽ ഇടയ്ക്കിടയ്ക്ക് അവർ അവധിക്കു വരുകയും ഗമയിൽ മടങ്ങുകയും ചെയ്തു. സായിപ്പിന്റെ നാട്ടിൽനിന്നും വരുന്ന അവരെക്കണ്ട് പട്ടിണിക്കോലങ്ങളായ ഗ്രാമീണർ ഭവ്യതയോടെ ഒടിഞ്ഞുകുത്തി നിന്നു. ജോലിയുടെ പങ്കപ്പാടുകൾകാരണം മുമ്പ് നേവൽബേസിലെ



ജോലിയുപേക്ഷിച്ചു മടങ്ങിയവർ അതു കണ്ട് ഏറെ ദുഃഖിച്ചു. അവരുടെ മക്കൾ നഷ്ടപ്പെട്ടുപോയ കനകാവസരത്തെപ്പറ്റി ചിന്തിച്ച് വിഷാദരോഗികളുമായി.

പഴയ പള്ളിയുടെ സ്ഥാനത്ത് പുതിയ പള്ളിവന്നു. പാർവതീപുത്തനാറിലൂടെ തെക്കുവടക്ക് പോയിരുന്ന യാത്രാവഞ്ചികൾക്കുപകരം കയറും തൊണ്ടും കയറ്റിയ കെട്ടുവള്ളങ്ങൾ സ്ഥാനംപിടിച്ചു. പാവടയും ബ്ലൗസുമണിഞ്ഞു നടന്നിരുന്ന പെൺകുട്ടികൾ മാക്സിയും മിഡിയുമൊക്കെ ധരിക്കാൻതുടങ്ങി. ശാന്തമായിക്കിടന്നും പിന്നെ ആർത്തലച്ചും കടൽ അതിന്റെ സഹജഭാവങ്ങൾ തുടർന്നു. പതിവുപോലെ നാട്ടിൽ പ്രതാപം കാണിക്കാനെത്തിയ ഇംഗ്ലണ്ടുകാർ ഒരുനാൾ ഗൾഫുകാരന്റെ മണിമാളികൾകണ്ട് അന്തംവിട്ടുപോയി. അതിനകം മലർക്കെ തുറന്നിരുന്ന അറബ്നാടിന്റെ മാസ്മരികതയിൽമുഴുകി ഗൾഫുകാരൻ അവന്റെ തേരോട്ടം തുടങ്ങിക്കഴിഞ്ഞിരുന്നു. പെട്രോഡോളർ വിരിയിച്ച സൗഭാഗ്യപുഷ്പങ്ങളുടെ പരാഗരേണുക്കൾ നാടിന്റെ ഭാഗധേയം തിരുത്തിയെഴുതുകയും അതെല്ലാം അവരുടെ ജീവിതത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു.

അതുവരെയും അന്യമായിരുന്ന വർണങ്ങളും സുഗന്ധങ്ങളുമൊക്കെ അവരുടെ ജീവിതത്തിൽ നിറഞ്ഞു. അറബിക്കഥകളിലെ രാജകുമാരന്മാരെപ്പോലെ ഗൾഫുകാരൻ നാട്ടിൽ പറന്നിറങ്ങി. ടിവിയും വി.സി. ആറുമൊക്കെയായി വിമാനമിറങ്ങിവന്ന അവന്റെ രൂപമാറ്റവും പത്രാസുംകണ്ട് വീട്ടുകാരും നാട്ടുകാരുമൊക്കെ കോരിത്തരിച്ചു. നാമമാത്രമായ വിദ്യാഭ്യാസമുണ്ടായിരുന്ന ഗൾഫുകാരനെത്തേടി വലിയ കുടുംബങ്ങളിൽനിന്നും മൊഞ്ചുള്ള പെൺകുട്ടികളുടെ വിവാഹാലോചനകളെത്താൻതുടങ്ങി. നാട്ടിൽ നിരനിരയായി കോൺക്രീറ്റ് സൗധങ്ങളുയർന്നു. പള്ളിജങ്ഷനിൽ പല നിറത്തിലും തരത്തിലുമുള്ള കാറുകൾ നിരന്നു. ഇതെല്ലാം കണ്ടുമോഹിച്ച് പഠനം പാതിവഴിയിലുപേക്ഷിച്ച് ഇളംതലമുറ ഗൾഫിലേക്ക് പറന്നു.

കടൽമാർഗം ഒമാനിലേക്കാണ് ആദ്യകലങ്ങളിൽ പുത്തൻതോപ്പുകാർ കൂടുതലായും പോയിരുന്നത്. കുവൈറ്റിലും യു.എ.ഇയിലുമൊക്കെ ചെറിയതോതിലുള്ള പ്രവാസങ്ങൾ അക്കാലത്തുണ്ടായി. സൗദിയിലും ഖത്തറിലുമെല്ലാം പുത്തൻതോപ്പുകാർ ചേക്കേറുന്നുണ്ട്. തൊഴിൽസാധ്യതകളും വേതനവുമൊക്കെ കുറവായിരുന്നെങ്കിലും ഒമാനികൾ പൊതുവെ സൗമ്യശീലരായിരുന്നു. മാത്രവുമല്ല, ഇന്ത്യയുമായി സമാനതയുള്ള പല ഘടകങ്ങളും അവിടെയുണ്ടായിരുന്നു. കാലാവസ്ഥയിലുള്ള സാമ്യവും അടുത്തകാലംവരെ ഇന്ത്യൻ രൂപ നിലവിലിരുന്നതുമൊക്കെ അതിൽ പ്രധാനമാണ്. എങ്കിലും അവിടത്തെ പരുക്കൻ സാഹചര്യങ്ങൾ മടുത്ത് ചിലരെല്ലാം മലയിറങ്ങി തൊട്ടടുത്ത പ്രദേശമായ അബുദാബിയിൽ എത്തിയിരുന്നു. എറ്റവും കൂടുതൽ പുത്തൻതോപ്പുകാർ ഒരേസമയം ഒന്നിച്ചധിവസിച്ചിരുന്ന ആദ്യവിദേശ രാജ്യം എന്നുള്ള പ്രത്യേകത എന്തായാലും ഒമാന് അവകാശപ്പെട്ടതാണ്.

അതുവരെയും അന്യമായിരുന്ന വർണങ്ങളും സുഗന്ധങ്ങളുമൊക്കെ അവരുടെ ജീവിതത്തിൽ നിറഞ്ഞു. അറബിക്കഥകളിലെ രാജകുമാരന്മാരെ പോലെ ഗൾഫുകാരൻ നാട്ടിൽ പറന്നിറങ്ങി. ടിവിയും വി.സി.ആറുമൊക്കെയായി വിമാനമിറങ്ങിവന്ന അവന്റെ രൂപമാറ്റവും പത്രാസും കണ്ട് വീട്ടുകാരും നാട്ടുകാരുമൊക്കെ കോരിത്തരിച്ചു.

പിന്നെയാണ് കുവൈത്തിലേക്കുള്ള ഒഴുക്ക് ആരംഭിക്കുന്നത്. വീട്ടുജോലിക്കാരായ സ്ത്രീകളാണ് ആദ്യമാദ്യം പോയിരുന്നത്. അവർ കഠിനാധ്വാനംചെയ്ത് സ്പോൺസർമാരുടെ പ്രീതിസമ്പാദിച്ച് മക്കളെയും ബന്ധുക്കളേയുമൊക്കെ വരുത്താൻ തുടങ്ങി. താമസിയാതെ ജീവിതത്തിന്റെ എല്ലാ മേഖലകളിൽനിന്നുമുള്ള ആളുകൾ ഈ നാട്ടിൽനിന്നും ഭാഗ്യംതേടി അവിടെയെത്താൻതുടങ്ങി. കണ്ണടച്ചുതുറക്കുന്നവേഗത്തിൽ കുവൈത്തിൽ പുത്തൻതോപ്പുകാർ നിറയുകയും മൂലഗ്രാമത്തിന്റെ എല്ലാ സവിശേഷതകളുമുള്ള ഒരു മിനിയേച്ചർ ഗ്രാമം അവിടെ സൃഷ്ടിച്ചെടുക്കാൻ പരിശ്രമിക്കുകയും ചെയ്തു. കുവൈത്ത് പുത്തൻതോപ്പ് സമാജം രൂപീകൃതമായതും ക്രിസ്തുമസ് ദിനത്തിൽ നാട്ടിലെപ്പോലെ കായികമത്സരങ്ങൾ സംഘടിപ്പിക്കാൻ തുടങ്ങിയതും ചില ഉദാഹരണങ്ങൾമാത്രം. പുത്തൻതോപ്പ് സമാജം നാമാവശേഷമായെങ്കിലും തങ്ങളുടെയിടയിൽനിന്ന് ഉന്നത വിജയംനേടുന്ന വിദ്യാർഥികളെയും മറ്റ് കലാപ്രതിഭകളെയുമൊക്കെ ആദരിക്കാൻ പുത്തൻതോപ്പ് സമൂഹം എന്ന ബാനറിൽ അവർ ഇപ്പോഴും ഒത്തുകൂടാറുണ്ട്.

പുത്തൻതോപ്പുകാരുടെ കുവൈത്ത് ജീവിതത്തെ നെടുകെ പിളർന്നുകൊണ്ട് ഇതിനിടയിൽ സദ്ദാം ഹുസൈന്റെ നേതൃത്വത്തിൽ ഇറാക്കൻ അധിനിവേശമുണ്ടായത്. അങ്ങനെയാണ് കുവൈത്ത് ജീവിതം മൊത്തത്തിൽത്തന്നെ അധിനിവേശത്തിനു മുമ്പും അധിനിവേശത്തിനുശേഷവും എന്ന് രണ്ടായി വിഭജിക്കപ്പെട്ടത്. അധിനിവേശവേളയിൽ എല്ലാം നഷ്ടപ്പെട്ട പുത്തൻതോപ്പുകാരും അമ്മാൻ വഴി പലായനംചെയ്ത് വെറുംകയ്യോടെ നാട്ടിലെത്തി. സമ്പൽസമൃദ്ധിയിൽനിന്നും വീണ്ടും വറുതിയുടെ പഴയനാളുകളിലേക്ക് അവർ ഊളിയിട്ടു. എങ്കിലും ഹ്രസ്വമായ ഒരിടവേളയ്ക്കുശേഷം സ്വതന്ത്ര കുവൈത്തിലേക്ക് മടങ്ങിയെത്താൻ അവർക്കുകഴിഞ്ഞു. അധിനിവേശത്തിനുശേഷമാണ് പുത്തൻതോപ്പുകാർ അവരുടെ ഏറ്റവും മനോഹരമായ കുവൈത്ത് ജീവിതം ആസ്വദിക്കാൻ തുടങ്ങിയത്. സേവനവേതനനിരക്കുകളും ജീവിതസൗകര്യങ്ങളും ഗണ്യമായി വർധിച്ചു. 440 ഓളം പുത്തൻതോപ്പുകാരാണ് ഒരു ഘട്ടത്തിൽ കുവൈത്ത് എന്ന ചെറുരാജ്യത്തിൽ ഒന്നിച്ചുണ്ടായിരുന്നത്.

മസ്കറ്റിലും കുവൈത്തിലും ആസ്ട്രേലിയയിലും നീണ്ടകാലം പ്രവാസജീവിതം നയിച്ച ഒരാളാണ് ഈ ലേഖകൻ. പുത്തൻതോപ്പ് ജനതയടെ പരസ്പരസഹായവും സഹകരണവുമാണ് എന്നെ ഏറ്റവും ആകർഷിച്ച ഘടകം. കുവൈത്ത് ജീവിതകാലത്താണ് ഈ വസ്തുത ഏറെ ബോധ്യമായത്. ജോലിയില്ലാത്തവരെ മാസങ്ങളോളം തങ്ങളുടെ കൂട്ടത്തിൽ സംരക്ഷിച്ചു നിർത്താൻ അവർ തയാറായി. ഈ സഹായമനസ്ഥിതി നാട്ടിൽനിന്നേ ആരംഭിക്കുന്നുണ്ട്. വിസയ്ക്കുവേണ്ടിവരുന്ന ഭാരിച്ച തുക സമാഹരിക്കുന്നതിലാണ് അതിന്റെ തുടക്കം. എത്ര ബുദ്ധിമുട്ടുനേരിടുന്നവരായാലും ഒരാളിന് വിസ കിട്ടിയെന്നറിഞ്ഞാൽ കയ്യിലുള്ളതുക കടമായി നൽകാൻ ആരും ഒരുമടിയും കാണിക്കാറില്ല.

പ്രതീക്ഷച്ചതിലും വേഗത്തിൽ ഗൾഫിന്റെ സാധ്യതകൾ മങ്ങാൻ തുടങ്ങിയെങ്കിലും ഇന്നും ഗൾഫിലേക്കുള്ള പ്രയാണം തുടരുകയാണ്. എന്തായിരുന്നാലും പഴയ വർണപ്പകിട്ടും മായികഭാവവും ഗൾഫ് ജീവിതത്തിതന് കൈമോശം വന്നിരിക്കുന്നു. ചിലയാളുകൾ മടങ്ങിയെത്തുകയും അവിടെനിന്നും സ്വായത്തമാക്കിയ തൊഴിലുകൾചെയ്ത് നാട്ടിൽ ജീവിക്കുകയും ചെയ്യുന്നു. സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് മറ്റു മേഖലകളിലേക്ക് പലരും ശ്രദ്ധതിരിച്ചുകഴിഞ്ഞിരിക്കുന്നു. ചെറിയതോതിലാണെങ്കിലും പല പ്രൊഫഷണലുകളും നേരത്തേതന്നെ അമേരിക്ക, കാനഡ, ഇറ്റലി തുടങ്ങിയ പ്രദേശങ്ങളിൽ എത്തിയിരുന്നു. നല്ലൊരു ശതമാനം വിദ്യാർഥികൾ ഈയടുത്തകാലത്തായി ആസ്ട്രേലിയയിലേക്കു പോയി. വംശീയപ്രശ്നങ്ങൾ നിലവിലുണ്ടെങ്കിലും ഇന്ന് ആസ്ട്രേലിയയാണ് മിക്ക പുത്തൻതോപ്പുകാരുടെയും ലക്ഷ്യസ്ഥാനം. എന്തൊക്കെ വിപരീത സാഹചര്യം നിലനിന്നാലും തങ്ങളുടെ വംശപരമ്പരയുടെ പലായനത്വരയും രക്തത്തിൽ അലിഞ്ഞുചേർന്ന സാഹസികതയും കാണാതീരം തേടി പോകാനുള്ള അഭിവാഞ്ഛയിൽനിന്നും അവരെ അടുത്തകാലത്തൊന്നും പിന്തിരിപ്പിക്കുമെന്നു തോന്നുന്നില്ല. ■






# ഉയിർത്തെഴുന്നേൽപ്പിന്റെ കേളികൊട്ട്

**കേരളത്തിന്റെ വികസന– നിക്ഷേപ സാധ്യതകൾ അനാവരണം ചെയ്തുകൊണ്ട് 2012 സെപ്തംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന 'എമർജിങ് കേരള 2012' നിക്ഷേപക സംഗമം ലോകശ്രദ്ധ ആകർഷിച്ചിരിക്കുകയാണ്. കേരള വികസനത്തിൽ കുതിച്ചുചാട്ടത്തിന് വഴിതുറക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന സംഗമത്തിന്റെ ക്യാമറ കാഴ്ചകൾ**








EMERGING
KERALA 2012
Global Connect
Government of Kerala
CII
NASSCOM




EMERGING
KERALA 2012
Global Connect
12-14 September
Government of Kerala
CII
NASSCOM



■ **ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**

**സത്യത്തിൽ പാസ്പോർട്ട് അവരുടെ വീട്ടിലെത്തിച്ചു കൊടുക്കുകയാണ് നീതിബോധമുള്ള ഒരു ജനത ചെയ്യേണ്ടത്; അല്ലാതെ അവരെ പൊരിവെയിലിൽ ക്യൂവിൽനിർത്തിക്കുകയും സെക്യൂരിറ്റി ഗാർഡുകളാൽ നിന്ദിക്കപ്പെടുകയുമാണോ? എയർ ഇന്ത്യ അവരോട് ചെയ്യുന്നതെന്താണ്?**

ആറു വർഷത്തെ ഗൾഫുജീവിതം എന്റെ ശ്രദ്ധയിൽപ്പെടുത്തിയ നൂറായിരം കാര്യങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒരു കാര്യമാണ് പ്രവാസ സമൂഹത്തോട് പൊതുവെ എല്ലാവരും കൈക്കൊള്ളുന്ന കുറ്റകരമായ വിധത്തിലുള്ള അശ്രദ്ധ. കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ മുപ്പതുശതമാനത്തോളം നൽകുന്നത് ഗൾഫ് മണിയാണെന്നു കണക്കുകൾ പറയുന്നു. എല്ലാ ഗൾഫുകാരും പണം വാരിവരുന്നവരല്ല. 90 ശതമാനം പേരും തൊഴിലില്ലായ്മ, വീടില്ലായ്മ, സഹോദരിമാരെ വിവാഹം ചെയ്തയക്കാൻ ധനശേഷിയില്ലായ്മ എന്നീ കാരണങ്ങളാൽ നാടുവിട്ടവരാണ്. അവർ നാട്ടിലേക്കയക്കുന്ന ഓരോ ചില്ലിക്കാശിന്റെയും വലിയ പങ്ക് നാടിനു ലഭിക്കുന്നു. ആയുസ്സിന്റെ ബഹുഭൂരിഭാഗവും അവിടെ അടിമകളെപ്പോലെ ജോലി ചെയ്ത്, അവരിലെ പ്രകൃതിദത്തമായ കാമനകളെ അടക്കിവച്ച് പത്തും പതിനെട്ടും മണിക്കൂർ ജോലിചെയ്ത്, രണ്ടു വർഷത്തിലൊരിക്കൽ ഒരു മാസത്തെ ലീവിനുവന്ന് മടങ്ങുന്നവരാണ്. 30



# ഏകാന്തതയുടെ അൻപതു വർഷങ്ങൾ

വർഷം അവിടെ ജോലിചെയ്താലും അവർക്ക് ആ മണ്ണിൽ യാതൊരു സ്ഥാനവുമില്ല. തിരിച്ചുവരുന്നവരെ വീണ്ടും അങ്ങോട്ടുതന്നെ പായിക്കുവാൻ നാട്ടിലുള്ളവർ ശ്രമിക്കുകയും ചെയ്യും.

എന്നിട്ടും അവർ നാടിനെയും കുടുബാംഗങ്ങളെയും സ്നേഹിച്ചുകൊണ്ടിരിക്കുന്നു. കെഫ്റ്റീരിയായിൽ (ചായക്കട) നിന്ന് ഒരു ചായക്ക് 50 ഫിൽസാണ്. നാട്ടിലെ ആറര രൂപ. അതുപോലും കുടിക്കുമ്പോൾ നാലുതവണ ആലോചിക്കും, ആ പാവങ്ങൾ. ദുബായിൽ മാത്രം 200 ഓളം രാജ്യങ്ങളിൽനിന്നും തൊഴിലിനായും ബിസിനസിനായും ആളുകൾ വരുന്നു. എന്നാൽ സ്വന്തം കുടുംബത്തിനുവേണ്ടി ഇങ്ങനെ ത്യാഗം ചെയ്യുന്ന ഒരു ജനതയും വേറെയില്ല. (ഇന്ത്യ, പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ ആളുകളെപ്പോലെയെന്നാണ് ഉദ്ദേശിക്കുന്നത്).

നാടിനെ അവർ സ്നേഹിച്ചു എന്നുപറഞ്ഞു. പക്ഷെ, നാട് അവരെ തിരിച്ചു സ്നേഹിച്ചുവോ?

കേരളത്തിന്റെ വരുമാനത്തിലെ നിർണായകമായ ശതമാനംകൊണ്ടുവരുന്ന ഈ മനുഷ്യസമൂഹം പാസ്പോർട്ടിനുവേണ്ടി അപേക്ഷിക്കുന്നതു മുതൽ നമ്മൾ അവരെ അപമാനിച്ചു (ഇപ്പോൾ അൽപം ശമനമുണ്ട്). സത്യത്തിൽ പാസ്പോർട്ട് അവരുടെ വീട്ടിലെത്തിച്ചുകൊടുക്കുകയാണ് നീതിബോധമുള്ള ഒരു ജനത ചെയ്യേണ്ടത്; അല്ലാതെ അവരെ പൊരിവെയിലിൽ ക്യൂവിൽനിർത്തിക്കുകയും സെക്യൂരിറ്റി ഗാർഡുകളാൽ നിന്ദിക്കപ്പെടുകയുമാണോ? എയർ ഇന്ത്യ അവരോട് ചെയ്യുന്നതെന്താണ്?

സത്യത്തിൽ അവർ പട്ടിണിയെന്ന ശത്രുവിനെതിരെ നമുക്കു കാവൽനിൽക്കുന്ന പട്ടാളക്കാരാണവർ. വിശന്നുമരിക്കുന്ന കുഞ്ഞുങ്ങളെയും നിരാലംബരായ ബന്ധുക്കളെയും അവർ കാത്തു. മലബാറിലാകെ ഒന്നു യാത്ര ചെയ്തുനോക്കണം, ഗൾഫുകാർ ഉണർത്തിയ പുത്തൻ ചക്രവാളമാണത്. ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ, കച്ചവട സ്ഥാപനങ്ങൾ, വാഹനങ്ങൾ, വസ്ത്രധാരണരീതികൾ ഒക്കെ അവർ മാറ്റി. പക്ഷെ നമ്മൾ അവർക്ക് മാറിയിരിക്കാൻ ഒരിഞ്ച് ഇടം നൽകാത്ത വാമനന്മാരായി.

ലോഞ്ചിലാണ് 60 കളിലൊക്കെ ഈ പാവം മനുഷ്യർ പോയതെന്നതു മറന്നുകൂട. ബോംബെയിൽ പോയി ദിവസങ്ങളോളം പരിശ്രമിച്ച് ലോഞ്ചിൽ ഒരു സീറ്റ് തരപ്പെടുത്തണം. രണ്ടാഴ്ച പകലേറെയുള്ള കടൽ സഞ്ചാരത്തിനിടയിൽ നിരന്തര ഛർദിപോലുള്ള ശരീരപീഡകൾ സഹിച്ച് ഗൾഫിന്റെ കരകാണുമ്പോൾ കടലിലേക്ക് ചാടി കരയിലേക്കു നീന്തുകയായിരുന്നു അറുപതുകളിലെ ഗൾഫുകാർ. കപ്പൽപോലുള്ള സൗകര്യങ്ങൾ ലഭിച്ച് അന്തസായി പോകാൻ കഴിഞ്ഞവർ വിരളം. ചുട്ട മരുഭൂമിയിൽ എയർക്കണ്ടീഷൻ ഒരു അപൂർവ വസ്തുവായിരുന്നു. കാലങ്ങൾക്കുശേഷം സ്ഥിതി ഏറെ മെച്ചപ്പെട്ടു. വിദ്യാഭ്യാസവും സാങ്കേതിക പരിജ്ഞാനവുമുള്ള ഒരു തലമുറ വന്നു. തൊഴിലിൽ ഒരു പരിധിവരെ മത്സരിക്കാനുള്ള പ്രാപ്തി ഏറ്റവും പുതിയ തലമുറയിലുള്ളവർക്ക് ആർജിക്കാനായത് പഴയതലമുറ സഹിച്ച കഠിനത്യാഗത്തിന്റെ ഫലമായാണ്.

ഗൾഫുകാരെപ്പറ്റിയുള്ള നമ്മുടെ അശ്രദ്ധയെപ്പറ്റിയാണു പറഞ്ഞത്. ഇരുപതാംനൂറ്റാണ്ടിലെ കേരള ചരിത്രത്തിന്റെ ഏറ്റവും വലിയ ഏട് ഏതാണെന്നു ചോദിച്ചാൽ ഞാൻ പറയുക, അത് ഗൾഫ് ജീവിതമെന്നാണ്. പക്ഷെ അവരെപ്പറ്റി ചരിത്രമില്ല. ചില പ്രസിദ്ധീകരണങ്ങൾ മുൻകയ്യെടുത്തുനടത്തുന്ന ചില അമച്വർസംരംഭങ്ങൾ എന്നതിനപ്പുറം സർക്കാർ മുൻകയ്യെടുത്ത് നല്ല ആർക്കൈവ്സ് ഉണ്ടാക്കണം. പ്രത്യേകിച്ചും ഗൾഫ് പ്രവാസത്തിന് അരനൂറ്റാണ്ടു തികഞ്ഞുനിൽക്കുന്ന ഈ സമയത്ത് പഴയ ഫോട്ടോകൾ അക്കാലത്ത് അയച്ച കത്തുകൾ, പത്രവാർത്തകൾ, ഇൻഡോ-അറബ് ബന്ധത്തിന്റെ നാൾവഴികളെ സൂചിപ്പിക്കുന്ന രേഖകൾ, ഗൾഫിൽ നിന്നിറങ്ങിയ മലയാളി പ്രസിദ്ധീകരണങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇങ്ങനെ നൂറായിരം കാര്യങ്ങളുണ്ട്. പക്ഷെ, നിർഭാഗ്യവശാൽ ഈ അശ്രദ്ധ നമുക്കുണ്ടാക്കിവയ്ക്കുന്ന നഷ്ടങ്ങൾ വരുംകാലത്ത് ദുഃഖത്തോടെ നമ്മൾ ഓർക്കും. ■



■ സക്കീർ ഹുസൈൻ

# Nmh¡mSv : {]uVntbmsS an\nKĀ^v




ചേറ്റുവയിലെ 'ലോഞ്ച് വേലായുധൻ' ചരിത്രത്തിൽ ഇടം പിടിക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കാൻ വല്ലാതെയൊരു ഗവേഷണം ചെയ്യേണ്ടതില്ല. രണ്ടു വർഷം മുമ്പ് നിര്യാതനായ 'ലോഞ്ച് വേലായുധ'നെക്കുറിച്ച് മിനി ഗൾഫായ ചാവക്കാട്ടും പരിസരത്തുമുള്ളവർക്ക് നൂറു നാവാണ്. ഇന്നും ശരാശരി മലയാളിയുടെ സ്വപ്നഭൂമിയായ ഗൾഫിൽ ഒരു കാലഘട്ടത്തിൽ ഇവിടെ നിന്നു നൂറുകണക്കിനുപേരെ എത്തിച്ചത് ലോഞ്ച് വേലായുധനായിരുന്നു. കേരള സമ്പദ്ഘടനയുടെ നട്ടെല്ലായ ഗൾഫ് വരുമാനത്തിന് കപ്പച്ചാൽ കോരിയത് ലോഞ്ച് വേലായുധന്മാരായിരുന്നുവെന്നത് നിസ്തർക്കമാണ്. ഇവിടെ ചങ്കൂറ്റത്തിൽ കടൽ കടന്നവർ പിൻതലമുറയ്ക്ക് ശക്തമായ അടിത്തറയും പാഥേയവും ഒരുക്കി സുഗമമായ പാതയും.

## അൽപം പുരാവൃത്തം

ഗുരുവായൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചാവക്കാട്, ഗുരുവായൂർ നഗരസഭയും പുന്നയൂർ, പുന്നയൂർക്കുളം, കടപ്പുറം, ഒരുമനയൂർ, ചേറ്റുവയുൾപ്പെടുന്ന ഏങ്ങണ്ടിയൂർ, പാവറട്ടി എന്നീ പഞ്ചായത്തുകളും അടങ്ങുന്നതാണ് മിനി ഗൾഫ് എന്നറിയപ്പെടുന്ന ചാവക്കാട് മേഖല. കേരളത്തിൽ ഏറെ പിന്നാക്കം നിന്നിരുന്ന പ്രദേശങ്ങളിൽ ചിലതായിരുന്നു ഇവ. ബഹുഭൂരിപക്ഷം പേരും മീൻപിടുത്തക്കാരും മത്സ്യതൊഴിലാളികളും ശേഷിക്കുന്നവർ ബീഡിതെറുപ്പുകാരും കൃഷിതൊഴിലാളികളുമായിരുന്നു. വിദ്യാഭ്യാസപരമായി ഏറെ പിന്നാക്കാവസ്ഥയിലുമായിരുന്നു.

ഓടിട്ട വീടുകൾ അത്യപൂർവം. 95 ശതമാനവും ചെറ്റകുടിലുകളായിരുന്നു. ഭൂരിഭാഗം പേരും ചെരിപ്പിട്ട് നടന്നിരുന്നില്ല. സൈക്കിൾ സ്വന്തമായി ആർക്കുമുണ്ടായിരുന്നില്ല എന്നുവേണമെങ്കിൽ പറയാം. ദരിദ്രനാരായണന്മാരായി ജീവിക്കുന്നവരുടെ ഭക്ഷണരീതിയും എടുത്തു പറയേണ്ടതില്ലല്ലോ. മാംസാഹാരം അവർ കഴിച്ചിരുന്നത് വല്ലപ്പോഴും കിട്ടുന്ന കല്യാണ സദ്യകളിൽ നിന്നായിരുന്നു.

ഗൾഫ് പണമാണ് ചാവക്കാട് മേഖലയിലെ ജനതയുടെ ജീവിതമാകെ മാറ്റിമറിച്ചത്. 1950 കളുടെ അവസാനത്തിലും 60 കളിലുമാണ് ചാവക്കാട് മേഖലയിൽനിന്ന് ഗൾഫ് രാജ്യങ്ങളിലേക്ക് തൊഴിൽ തേടിയുള്ള പ്രവാഹത്തിന് തുടക്കംകുറിച്ചത്. അത് ചാവക്കാടിന്റെ തലവരതന്നെ മാറ്റി; ഒരുപക്ഷെ കേരളത്തിന്റെയും.

ആദ്യം പേർഷ്യയെന്നും പിന്നീട് ദുബൈ എന്നും പൊതുവെ വിളിച്ചിരുന്ന ഗൾഫ് രാജ്യങ്ങളിലേക്ക് അനധികൃത യാത്രകളായിരുന്നു കൂടുതലും. നൗകകളിലും പത്തേമാരികളിലുമായി യാത്ര. കര എത്തുംമുമ്പ് കടലിലേക്ക് എടുത്തുചാടിയുള്ള സൗഹസം. അങ്ങനെ






കരപറ്റിയവർക്ക് പിന്നീട് തിരിഞ്ഞുനോക്കേണ്ടിവന്നിട്ടില്ല.

അക്കാലത്ത് അബുദാബി, ദുബൈ, ഖത്തർ എന്നിവിടങ്ങളിലായിരുന്നു ചാവക്കാട് മേഖലയിലുള്ളവർ കൂടുതലായും എത്തപ്പെട്ടത്. അബുദാബി, ദുബൈ എന്നിവിടങ്ങളിൽ എവിടെ നോക്കിയാലും ചാവക്കാട്ടുകാരെ കണ്ടിരുന്നു, ഇന്നും കാണാം. ഗൾഫ് രാഷ്ട്രങ്ങളും അന്ന് അവികസിത മേഖലകളായിരുന്നു. എയർകണ്ടീഷൻ കെട്ടിടങ്ങളുണ്ടായിരുന്നില്ലെന്നു വേണമെങ്കിൽ പറയാം. പിന്നീടാണ് പെട്രോൾഡോളറിന്റെ ശക്തിയിൽ ഗൾഫ് മേഖല പച്ചപിടിച്ചത്. അത് ചാവക്കാട്ടുകാരുടെയും കേരളത്തിന്റെ തന്നെ തലവര മാറ്റിയെഴുതി.

കടൽകടന്നവർ പ്രതിരോധ വകുപ്പിലും മന്ത്രാലയങ്ങളിലും വരെ എത്തിപ്പെട്ടു. മെല്ലെ ചാവക്കാട് മേഖലയുടെ മുഖഛായ മാറി. അന്നത്തെ കാലവുമായി വർത്തമാനകാല ചാവക്കാടിനെ താരതമ്യം ചെയ്യുമ്പോഴാണ് ഗൾഫ് പണം ഈ മേഖലയിലുണ്ടാക്കിയ വളർച്ചയും വികാസവും ജീവിതനിലവാരത്തിലുള്ള ഉയർച്ചയും മനസിലാക്കാനാവുക.

40 കൊല്ലം മുമ്പ് ചാവക്കാട് ഗവ. ഹൈസ്കൂൾ, കടപ്പുറം മാപ്പിള ഗവ. ഹൈസ്കൂൾ, എം.ആർ. രാമൻസ്മാരക ഹൈസ്കൂൾ എന്നിവ മാത്രമായിരുന്നു വിദ്യാഭ്യാസ സ്ഥാപനങ്ങളായുണ്ടായിരുന്നത്. ഇന്ന് സി.ബി.എസ്.സി സ്കൂളുകളടക്കം നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ മേഖലയിലുണ്ടായി. ചാവക്കാട് തീരദേശത്ത് 95 ശതമാനം ചെറ്റക്കുടിലുകളും കോൺക്രീറ്റ് കെട്ടിടങ്ങൾക്കു വഴിമാറി. ജനങ്ങളുടെ ഭക്ഷണരീതിയിലും വസ്ത്രധാരണ രീതിയിലും സാമൂഹിക ജീവിതത്തിലും പശ്ചാത്തല സൗകര്യത്തിലും കാതലായ മാറ്റമുണ്ടാക്കി.

എങ്ങും ഗൾഫ് കുടുംബങ്ങളും സൗകര്യങ്ങളുമായതോടെയാണ് ഈ മേഖലയ്ക്ക് മിനി ഗൾഫ് എന്ന ഓമനപ്പേരു വീണത്. ഒരു കുടംബത്തിൽനിന്ന് മൂന്നും നാലും പേർ ഗൾഫുകാരാണ്. പ്രവാസികൾ ഇല്ലാത്ത വീടുകൾ അപൂർവങ്ങളിൽ അപൂർവമാണ്. കടപ്പുറം പഞ്ചായത്തിൽ മാത്രം 85 ശതമാനം വീടുകളിലും ഗൾഫുകാരാണ്.

നിറംപിടിച്ച ഒട്ടേറെ കഥകൾ മിനി ഗൾഫിനെക്കുറിച്ചുണ്ട്. ആശാരിമാർ ചാവക്കാട് മേഖയിൽ ജോലി ചെയ്യാൻ വലിയ ആവേശം കാണിച്ചിരുന്നു. അവർ ഉദ്ദേശിച്ചതിനേക്കാൾ കൂലിയും മറ്റും ലഭിച്ചിരുന്നതിനാലാണിത്. ചാവക്കാടിന് പുറത്തു വീട്ടു ജോലിക്ക് ആളെ കിട്ടാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. ചാവക്കാട്ടുനിന്ന് ലഭിക്കുന്നതുപോലെയുള്ള സൗകര്യങ്ങൾ വേണമെന്നായിരുന്നു ഡിമാന്റ്. പാലക്കാട് ജില്ലയിൽനിന്ന് തൃശൂർ ജില്ലയിലേക്ക് വീട്ടുജോലിക്ക് വരുന്നവർ ചാവക്കാട് മേഖലക്കായിരുന്നു മുൻതൂക്കം നൽകിയിരുന്നത്.

പണത്തിന് പഞ്ഞമില്ലാത്തവർ എന്നുപോലും ചാവക്കാട്ടുകാരെ പുറംപ്രദേശത്തുകാർ വിളിച്ചു. അതുകൊണ്ടുതന്നെ ഒരു തിരിച്ചടിയുമുണ്ടായി. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ അക്കാലത്ത് ചാവക്കാട് മേഖലയിൽ എത്തിയില്ല. ഒരുതരം തഴയലായിരുന്നു അതെന്ന് പ്രവാസി സംഘം സംസ്ഥാന പ്രസിഡന്റ് കൂടിയായ സ്ഥലം എം.എൽ.എ കെ.വി. അബ്ദുൽ ഖാദർ പറയുന്നു. മിനിഗൾഫിൽ സർക്കാരിന്റെ പണം ആവശ്യമില്ലെന്ന വിലയിരുത്തലായിരുന്നു എന്നും അദ്ദേഹം പറഞ്ഞു.

പുതിയ തലമുറയിൽ ഒട്ടേറെ വ്യവസായികളും വ്യാപാരികളും മാനേജ്മെന്റ് വിദഗ്ധർവരെയുമുണ്ടായി. ഇന്ന് നിരവധിപേർ യൂറോപ്പിലും അമേരിക്കൻ ഐക്യനാടുകളിലും ഉയർന്ന തസ്തികകളിൽ ജോലിചെയ്യുന്നു. ഗൾഫ് വരുത്തിയ മാറ്റമാണിത്.

## പ്രൗഢിക്ക് മങ്ങലില്ല

90 കളിൽ കുവൈത്ത് പ്രശ്നകാലത്ത് മറ്റെങ്ങുമുണ്ടായപോലെ ചാവക്കാട്ടേക്കും വൻ തിരിച്ചുവരവുണ്ടായി. ഒരുപക്ഷെ ചാവക്കാട് മേഖലയെയാവും ഇത് ഏറെ ബാധിച്ചത്. മിനി ഗൾഫ് തകർന്നു എന്ന പ്രചരണവുമുണ്ടായി. അന്നത്തെ അവസ്ഥയിൽനിന്ന് ചാവക്കാട് കരകയറി. പിന്നീട് ആഗോള സാമ്പത്തികമാന്ദ്യം ഗൾഫ് മേഖലയെയും ബാധിച്ചപ്പോഴും ചാവക്കാട്ടേക്ക് തിരിച്ചുവരവുണ്ടായി. പ്രശ്നങ്ങൾ പരിഹരിച്ച് ഗൾഫ് തിരിച്ചുവരവ് നടത്തിയതോടെ ഇന്ന് മിനി ഗൾഫ് പഴയ പ്രൗഢി വീണ്ടെടുത്തിരിക്കുന്നു. ഗൾഫ് ജ്വരം ഇവിടത്തെ പുതുതലമുറയിലും സജീവമാണ് എന്നതാണ് രസകരം. പ്രവാസം അവസാനിപ്പിച്ച് നാട് പിടിക്കുന്നവർ എത്രയുണ്ടോ അത്രയും ഇവിടെനിന്ന് കടൽ കടക്കുന്നുമുണ്ട്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇതുമായി ബന്ധപ്പെട്ട് ഔദ്യോഗിക കണക്കുകളൊന്നും ലഭ്യമല്ല. ■

■ മണമ്പൂർ സുരേഷ് (ലണ്ടൻ)

# വിപുലമാകുന്ന ചക്രവാളം



**മലയാളി പ്രവാസത്തിന്റെ ചക്രവാളങ്ങൾ വികസിച്ചുകൊണ്ടിരിക്കുന്നു. യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്ക, ആസ്ട്രേലിയ തുടങ്ങിയവിടങ്ങളിലും മലയാളി കുടിയേറ്റം വർധിച്ചുകൊണ്ടിരിക്കുകയാണ് യൂറോപ്പിന്റെ ഹൃദയഭൂമിയായ ലണ്ടനിൽ മലയാളികൾ സജീവസാന്നിധ്യമാണിന്ന്**

ശ്രദ്ധേയമായ രീതിയിൽ ബ്രിട്ടനിലേക്ക് കുടിയേറ്റം തുടങ്ങിയത് 1960 കൾക്കു ശേഷമാണ്. അത് വീണ്ടും വർധിക്കുന്നത് 1980 കൾക്കു ശേഷവും. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും ഇവിടേക്ക് കുടിയേറ്റമുണ്ടായിരുന്നു. പക്ഷെ അതു വളരെ ചുരുങ്ങിയതോതിലായിരുന്നു എന്നുമാത്രം. ഇന്ന് ബ്രിട്ടനിലെ മലയാളികളുടെ എണ്ണം ഒരു ലക്ഷം വരുമെന്ന് കണക്കാക്കപ്പെടുന്നു. ഇവിടത്തെ ജീവിതത്തിന്റെ വിവിധ മേഖലകളിലേക്ക് ഇന്ന് മലയാളികളും കടന്നുചെല്ലുന്നു.

അധ്യാപകരും എൻജിനീയർമാരും ഡോക്ടർമാരും ശാസ്ത്രജ്ഞരും ഉപരി പഠനത്തിനുവരുന്നവരും കാലാവധികഴിഞ്ഞ് ഇവിടെ തങ്ങിയ കപ്പൽജീവനക്കാരുമൊക്കെയാണ് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ ഇവിടുത്തെ ആദ്യ കുടിയേറ്റക്കാർ. പക്ഷെ അതൊന്നും സവിശേഷമായ ശ്രദ്ധയർഹിക്കുന്ന നിലയിലേക്ക് ഉയർന്നില്ല. എന്നാൽ ഈ കാലഘട്ടം വിശ്വപ്രസിദ്ധനായ ഒരു മലയാളിയെ സൃഷ്ടിച്ചു. 28 വയസിൽ ഉപരിപഠനത്തിനെത്തി ഒരേസമയം ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി ബ്രിട്ടനിൽ രാഷ്ട്രീയപ്രവർത്തനം നടത്തുകയും ബ്രിട്ടൺ ആഭ്യന്തര രാഷ്ട്രീയത്തിൽ ഗണനീയമായ സ്ഥാനം വഹിക്കുകയും ചെയ്ത വി.കെ. കൃഷ്ണമേനോനായിരുന്നു അത്.

ബ്രിട്ടീഷ് കോളനിവിരുദ്ധ, ഫാസിസ്റ്റു വിരുദ്ധ പ്രവർത്തനങ്ങൾക്കൊപ്പം ലണ്ടനിലെ സെന്റ് പാങ്ക്രാസിലെ (St Pancras) ദാരിദ്ര്യ നിർമാർജനവുമായിരുന്നു 1924 ൽ ലണ്ടനിലെത്തിയ വി.കെ. കൃഷ്ണമേനോന്റെ രാഷ്ട്രീയ പ്രവർത്തന മേഖല. 1934 മുതൽ പതിനാലു വർഷം ലണ്ടനിലെ ക്യാംടൻ കൗൺസിലർ ആയിരുന്ന മേനോൻ ബ്രിട്ടനിലെ ആദ്യത്തെ ഇന്ത്യൻ ഹൈ കമ്മിഷണർ ആകുന്നതുവരെ ഓരോ തവണയും കൂടുതൽ ഭൂരിപക്ഷത്തോടെ ക്യാംടൻ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

സാംസ്കാരിക രംഗത്തെ വി.കെ. കൃഷ്ണമേനോന്റെ സംഭാവനയും വിലപ്പെട്ടതായിരുന്നു. ഗ്രന്ഥശാലകൾ കൂടുതൽ സജീവമാക്കുന്നതിലും മൊബൈൽ ലൈബ്രറി, കുട്ടികൾക്കായുള്ള പുസ്തക വാരം, ഇന്നും തുടരുന്ന കലാമേള തുടങ്ങിയവ സംഘടിപ്പിക്കുന്നതിലുമുള്ള അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടുകൂടിയ പ്രവർത്തന ചരിത്രവസ്തുതയായി മാറിയിരിക്കുകയാണ്. ഈ കുറിപ്പിൽ ഒതുക്കിനിർത്താനാവുന്നതല്ല ആ ചരിത്രം. ഈയിടെ ബ്രിട്ടീഷ് ലൈബ്രറി ലണ്ടനിൽ സംഘടിപ്പിച്ച എക്സിബിഷനിൽനിന്നും വളരെ അറിയപ്പെടാത്ത ചില കാര്യങ്ങൾ ഇവിടെ സാന്ദർഭികമായി സൂചിപ്പിച്ചുവെന്നേയുള്ളു.

1960 ഓടുകൂടിയാണ് ഗണ്യമായതോതിൽ മലയാളികളുടെ സാന്നിധ്യം ലണ്ടനിൽ ഉണ്ടായിതുടങ്ങിയത്, അത് സിങ്കപ്പൂർ വഴിയും. ബ്രിട്ടൻ സിങ്കപ്പൂർവിടുന്നതിനു മുമ്പായി അവരുടെ ആർമിയിലും നേവിയിലും സിവിലിയന്മാരായി ജോലിചെയ്തിരുന്ന മലയാളികൾക്ക് ബ്രിട്ടീഷ് പൗരത്വം നൽകി. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ബ്രിട്ടനിലുണ്ടായ പുരുഷന്മാരുടെ കുറവു നികത്താൻ കൈക്കൊണ്ട നടപടിയുടെഭാഗമായിരുന്നിരിക്കാം ഇത്. ഇവിടെ വരുന്നവരുടെ ഭാര്യമാരും മക്കളും തുടർന്ന് അവരോടൊപ്പം ഇന്ത്യയിൽനിന്നും ലണ്ടനിലെത്തി. എഴുപതു എൺപതോടുകൂടി ബ്രിട്ടനിലെ മലയാളികളുടെ എണ്ണം നാൽപതിനായിരത്തോളമായി.




പലപ്പോഴായി വന്ന ഡോക്ടർമാരും മറ്റും ബ്രിട്ടന്റെ വിവിധ ഭാഗങ്ങളിൽ താമസിച്ചപ്പോൾ സിങ്കപ്പൂർ ജീവിതത്തെ തുടർന്നെത്തിയവർ ലണ്ടന്റെ കിഴക്കൻ ഭാഗത്ത് ഈസ്റ്റ്ഹാമിലും തെക്ക് ക്രോയ്ടനിലും ചെറിയൊരുകൂട്ടം പടിഞ്ഞാറൻ ലണ്ടനിലെ സൗതാളിലും താമസമുറപ്പിച്ചു. ബ്രിട്ടണിലെ മലയാളികളുടെ തലസ്ഥാനം ഇപ്പോഴും ഈസ്റ്റ്ഹാം ആണെന്നു പറയാം. ഇന്നും ലണ്ടനിൽ ആദ്യമായെത്തുന്നവർ വരുന്നത് മിക്കപ്പോഴും ഈസ്റ്റ്ഹാമിലേക്കു തന്നെ. ജോലി സൗകര്യം, നേരത്തെ വന്ന സുഹൃത്തുക്കൾ നിർദേശിച്ച സ്ഥലം, ജീവിതചെലവു കുറഞ്ഞ സ്ഥലം എന്നിങ്ങനെയുള്ള കാരണങ്ങളാണ് ഇവരെ ഇവിടേക്ക് ആകർഷിക്കുന്ന്. ഏറ്റവും പ്രബലമായ സംഘടനകളുള്ളതും ഈസ്റ്റ്ഹാമിലും ക്രോയ്ടനിലും തന്നെ. മലയാളി അസോസിയേഷൻ, ശ്രീനാരായണഗുരുമിഷൻ എന്നിവ സ്വന്തം കെട്ടിടവും ഹാളുമുള്ള പ്രബല സംഘടനകളാണ്.




ഏകദേശം രണ്ടായിരത്തോടുകൂടി ഏറ്റവും വലിയ മാറ്റം സംഭവിച്ചു. നെഴ്സുമാരും വിദ്യാർഥികളും HSMP വിഭാഗത്തിലൂടെ ഉന്നത ബിരുദങ്ങൾ നേടിയരും ലണ്ടനിലെത്തി. മാഞ്ചസ്ടരിലും ലിവൻപൂളിലും നെഴ്സുമാരും വിദ്യാർഥികളും മറ്റും കൂടുതലുണ്ടെങ്കിലും ഈ പുതിയ കുടിയേറ്റത്തോടുകൂടി ബ്രിട്ടന്റെ ഏതുഭാഗത്തു ചെന്നാലും ഒരു മലയാളിയെ കാണാമെന്നായിട്ടുണ്ട്. അവർക്കെല്ലാം ചെറുതും വലുതുമായ സംഘടനകളുമുണ്ട്. ഇതിൽ പലതും ക്രിസ്തീയ സഭകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതാണ്. അതേസമയം മാഞ്ചസ്ടരിലും ലിവൽപൂളിലും വളരെ പ്രബലമായ സാംസ്കാരിക സംഘടനകളുമുണ്ട്. ■

■ ദേവദത്ത് ജി. പുറക്കാട്

## ഒക്ടോബറിന്റെ ഓർമ

# സബർമതിയിൽനിന്നും ഒരു പിടിമണ്ണ്



ആലപ്പുഴയുടെ ചിരകാല അഭിലാഷമായിരുന്നു ഗാന്ധിജിക്ക് ഒരു സ്മാരകം. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും അഭിമുഖ്യത്തിൽ 2011ൽ ഈ അഭിലാഷം സാധ്യമായി. ആലപ്പുഴ ജില്ലയിലെ നൂറനാട് ലെപ്രസി സാനിട്ടോറിയത്തിൽ ഒക്ടോബർ രണ്ടിന് നടന്ന ഗാന്ധിജയന്തി വാരാഘോഷം ജില്ലാതല ഉദ്ഘാടനത്തിൽ വച്ച് അവിടുത്തെ അന്തേവാസിയായ പാഞ്ചാലിയമ്മയിൽനിന്നും 1001 രൂപ സംഭാവന സ്വീകരിച്ചാണ് ആലപ്പുഴ കളക്ട്രേറ്റ് അങ്കണത്തിൽ ഗാന്ധി പ്രതിമ സ്ഥാപിക്കാൻ തുടക്കമിട്ടത്. ഇതിനായി ജില്ലയിലെ ജനങ്ങളിൽനിന്നും ഒരു രൂപ വീതം സമാഹരിച്ചു. കൂടാതെ സ്ത്രീ തൊഴിലാളികൾ, സ്കൂൾ-കോളേജ് വിദ്യാർഥികൾ, കുടുംബശ്രീ-അയൽക്കൂട്ടം പ്രവർത്തകരിൽനിന്നും കയ്യയച്ച് സംഭാവനകൾ ലഭിച്ചു. 2010 നവംബറിലെ കേരളപ്പിറവി ദിനത്തിൽ കളക്ടർ പി. വേണുഗോപാൽ ശിലാസ്ഥാപനം നടത്തി. ജില്ലയിൽ ഗാന്ധിജിയുടെ ഓർമയ്ക്കായി കാര്യമായ സ്മാരകങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല.

ഗാന്ധി സ്മൃതിമണ്ഡപത്തിൽ പ്രതിമയോടൊപ്പം പുണ്യാത്മാവിന്റെ പാദാരവിന്ദങ്ങളിൽ സമർപ്പിക്കുവാൻ ഗുജറാത്തിലെ സബർമതിയിൽനിന്ന് ഗാന്ധിജിയുടെ പാദസ്പർശമേറ്റ് പവിത്രമായ ഒരു കൈക്കുമ്പിൾ മണ്ണുകൂടി ശേഖരിക്കുവാൻ തീരുമാനിച്ചതോടെ സബർമതിയിലേക്കുള്ള ഒരു തീർഥയാത്രയ്ക്ക് തുടക്കം കുറിച്ചു. കമ്മിറ്റിയുടെ ജോയിന്റ് കൺവീനറും ആലപ്പുഴ ഇൻഫർമേഷൻ ഓഫീസറുമായിരുന്ന എൻ. സുനിൽകുമാറിന്റെ നേതൃത്വത്തിൽ, എസ്.എൽ.പുരം ഗാന്ധിസ്മാരക ഗ്രാമസേവാകേന്ദ്രം അധ്യക്ഷൻ രവി പാലത്തുങ്കൽ, സാഹിത്യപോഷിണി പത്രാധിപർ ചുനക്കര ജനാർദനൻ നായർ, കുടുംബശ്രീ കോ-ഓർഡിനേറ്റർ അലിയാർ മാക്കിയിൽ, നെഹ്റു യുവകേന്ദ്ര ദേശീയ യുവപുരസ്കാര ജേതാവ് രാജു പള്ളിപ്പറമ്പിൽ എന്നിവരോടൊപ്പം ഈ ലേഖകനും സഹധർമിണി എസ്. രത്നവുമായിരുന്നു യാത്രാസംഘാംഗങ്ങൾ.

നവംബർ 15 ന് രാത്രിയിലും 16 ന് പകലും രാത്രിയും തീവണ്ടിയാത്ര പൂർത്തിയാക്കി 17 ന് പുലർച്ചെ ആറുമണിക്ക് അഹമ്മദാബാദ് റെയിൽവേ സ്റ്റേഷനിൽ ഞങ്ങൾ ഇറങ്ങി. സ്റ്റേഷനിൽനിന്ന് ഏഴെട്ടു കിലോമീറ്റർ ഓട്ടോറിക്ഷയിൽ സഞ്ചരിച്ച് ഞങ്ങൾ സബർമതിയിലെത്തിയപ്പോൾ ചാറ്റൽമഴകൾക്കിടയിലൂടെ സൂര്യന്റെ വെള്ളിവെളിച്ചവും അവിടെയാകെ വ്യാപിച്ചുതുടങ്ങിയിരുന്നു.

പ്രഭാതകിരണങ്ങളുടെ ആ ചൂടും വെളിച്ചവും സബർമതിയുടെ പ്രകാശരശ്മികളായിരുന്നു. 1918 മുതൽ 1930 വരെയുള്ള 12 വർഷക്കാലം മഹാത്മാവിന്റെ കർമരംഗമായിരുന്നു സബർമതി. ഇന്നും ലോകത്തിനു പകർന്നു നൽകുന്ന സൂര്യപ്രഭയിൽ, ആ മണ്ണിൽ കാലുകുത്തുമ്പോൾ ഞങ്ങൾ ആവേശഭരിതരായി, വികാരനിർഭരരായി, അഭിമാനപുളകിതരായി.

സബർമതി ആശ്രമത്തിന് അഭിമുഖമായി റോഡിനെതിർവശത്തുള്ള ഒരു വഴിയിലൂടെ ഉള്ളിലേക്കു കടന്നാൽ നിരനിരയായി നാലു പഴയ കെട്ടിടങ്ങൾ ഇപ്പോൾ സബർമതി ആശ്രമത്തിന്റെ അതിഥിമന്ദിരങ്ങളാണ്. ആദ്യ ഭവനത്തിൽ ആശ്രമത്തിന്റെ ഡയറക്ടർ ഡോ. അമൃത മോഡി സകുടുംബം താമസിക്കുന്നു. മറ്റു മൂന്നു ഭവനങ്ങളാണ് അതിഥികൾക്കുള്ള താമസസ്ഥലം. ഡോ. മോഡി തന്നെ താക്കോലുമായി വന്ന് രണ്ടു വീടുകൾ ഞങ്ങൾക്കു തുറന്നുതന്നു. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പറയാൻ മടിക്കരുതെന്നും പറഞ്ഞു. രണ്ടു കിടപ്പുമുറികളിലും രണ്ടു വീതം കട്ടിലുകളും കിടക്കകയും തലയിണകളും അലക്കി വൃത്തിയാക്കിയ ഖാദി വിരിപ്പും പുതപ്പും ഞങ്ങളെ കാത്തിരിക്കുന്നു. മേശപ്പുറത്ത് ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള ഗാന്ധിജി എഴുതിയതും ഗാന്ധിജിയെക്കുറിച്ച എഴുതിയതുമായ കൃതികൾ.

ആലപ്പുഴയിലെ ഗാന്ധിസ്മൃതിമണ്ഡപത്തിൽ സമർപ്പിക്കാനുള്ള മണൽശേഖരിക്കാൻ ഒരു ചെമ്പുകുടം വാങ്ങുവാൻ റെസ്റ്റോറണ്ടിൽവച്ച് ധിമാന്റി എൻബധിയ എന്ന ഒരു ചെറുപ്പക്കാരനെ ഞാൻ ഏർപ്പാടു ചെയ്തിരുന്നു. സബർമതിയിൽ ഇറങ്ങിയപ്പോൾത്തന്നെ പരിചയപ്പെട്ട ആ ചെറുപ്പക്കാരൻ ദണ്ഡിമാർച്ചിൽ ഗാന്ധിയോടൊപ്പം തന്റെ പിതാമഹനും പങ്കെടുത്തിരുന്നുവെന്ന് അഭിമാനത്തോടെ പറഞ്ഞുകൊണ്ട് ഞങ്ങൾക്കായി ചെമ്പുകുടം വാങ്ങുവാനായി പുറപ്പെട്ടു. അയാൾ തിരികെവരാൻ വൈകിയപ്പോൾ ഞങ്ങൾക്ക് ആശങ്കയായി. ഒരു മുൻപരിചയവുമി

12 വർഷക്കാലം മഹാത്മജിയുടെ സജീവ സാന്നിധ്യം കൊണ്ട് സുകൃതം ലഭിച്ച ആശ്രമാങ്കണത്തിലെ പുണ്യം നിറഞ്ഞ മണൽത്തരികൾ ആലപ്പുഴയുടെ കുംഭത്തിലേക്ക് പകർന്നുതരുവാൻ ഡോ. അമൃത് മോഡിയെ ക്ഷണിക്കുമ്പോൾ ഒരു നൂറ്റാണ്ടിനപ്പുറത്തുള്ള കേട്ടറിഞ്ഞ, വായിച്ചറിഞ്ഞ, സ്വാതന്ത്ര്യസമരത്തിന്റെ വർണചിത്രങ്ങൾ മാറി മാറി മുന്നിൽ പ്രതിബിംബിച്ചുകൊണ്ടിരുന്നു.

ല്ലാത്ത ഒരാൾ ഞങ്ങളെ സഹായിക്കുവാൻ സന്നദ്ധനായിവന്നത് വിശ്വസിച്ചത് തെറ്റായിപ്പോയോയെന്ന് സുഹൃത്തുക്കൾ സംശയം പറയുമ്പോൾ ആശ്രമത്തിന്റെ പടിക്കൽ ഞങ്ങളുടെ ആഗ്രഹത്തിനൊത്ത ചെമ്പുകുംഭവുമായി ആ ഗുജറാത്തി ചെറുപ്പക്കാരൻ സ്കൂട്ടറിലെത്തി. ഇതിനെത്രവിലയായി എന്നു ചോദിച്ചപ്പോൾ പിന്നെ പറയാം എന്നുപറഞ്ഞ് അദ്ദേഹം ഞങ്ങളുടെ സംഘത്തോടൊപ്പം ചേർന്നു.

ആശ്രമത്തിന്റെ പടിക്കൽ കാവൽക്കാരന്റെ ഇരിപ്പിടത്തിനരികിൽ ഞങ്ങളെ കാത്തുനിന്ന സുഹൃത്തുകൂടിയായ കുട്ടനാട്ടുകാരൻ ഉണ്ണികൃഷ്ണൻ നായരും മകൾ യോഗേഷും വർക്കലയിലെ ശ്രീധർമപാലനും സംഘത്തോടൊപ്പം ചേർന്നപ്പോൾ ഞങ്ങൾ ഏറെ സന്തുഷ്ടരായി. അപ്പോഴേക്കും കേരളസമാജം ഭാരവാഹികളായ ജയേഷ് മേനോനും ഹരി പി. നായരും എത്തിച്ചേർന്നു. താമസിയാതെ ഇന്ത്യൻ എക്സ്പ്രസ്, ഡി.എൻ.എ., പത്രിക, സന്ദേശ് തുടങ്ങിയ ദിനപത്രങ്ങളുടെ ലേഖകരും ഫോട്ടോഗ്രാഫർമാരും ആശ്രമത്തിലെത്തി. പറഞ്ഞ് നിശ്ചയിച്ചിരുന്ന 11 മണികഴിഞ്ഞപ്പോൾ ഗാന്ധിജി വസിച്ചിരുന്ന *ഹൃദയകുഞ്ജി*ന്റെ മുന്നിൽ ഞങ്ങൾ ഒത്തുചേർന്നപ്പോൾ ആശ്രമത്തിലെ സ്റ്റാഫ് മണ്ണ് കോരിയെടുക്കാൻ ഒരു ചട്ടിയും ഒരു ചെറിയ തൂമ്പയും ഖദർ സഞ്ചിയുമായി ഡോ. മോഡിയോടൊപ്പം സന്നിഹിതരായി.

12 വർഷക്കാലം മഹാത്മജിയുടെ സജീവസാന്നിധ്യം കൊണ്ട് സുകൃതംലഭിച്ച ആശ്രമാങ്കണത്തിലെ പുണ്യംനിറഞ്ഞ മണൽത്തരികൾ ആലപ്പുഴയുടെ കുംഭത്തിലേക്ക് പകർന്നുതരുവാൻ ഡോ. അമൃത് മോഡിയെ ക്ഷണിക്കുമ്പോൾ ഒരു നൂറ്റാണ്ടിനപ്പുറത്തുള്ള കേട്ടറിഞ്ഞ, വായിച്ചറിഞ്ഞ, സ്വാതന്ത്ര്യസമരത്തിന്റെ വർണചിത്രങ്ങൾ മാറിമാറി മുന്നിൽ പ്രതിബിംബിച്ചുകൊണ്ടിരുന്നു.

മൂന്നു കൈക്കുമ്പിൾ മണ്ണ് ഡോ. മോഡിയും തുടർന്ന് ഞങ്ങളോരോരുത്തരും



**സബർമതി ആശ്രമാങ്കണത്തിൽ നിന്നുള്ള മണൽകുംഭം ആശ്രമം ഡയറക്ടർ ഡോ. അമൃത്മോഡിയിൽ നിന്നും സമിതി അംഗങ്ങൾ ഏറ്റുവാങ്ങുന്നു**

പകർന്ന പവിത്രമണൽ കുംഭത്തെ പൂർണ കുംഭമാക്കി. ഡോ. അമൃത് മോഡി മണൽകുംഭം ഞങ്ങളുടെ കൈകളിലേക്ക് ഏൽപ്പിച്ചുതരുമ്പോൾ അഹമ്മദാബാദിലെ




പത്രപ്രവർത്തകരുടെ ക്യാമറകൾ കണ്ണുചിമ്മിക്കൊണ്ടിരുന്നു.

1917 ലാണ് ഈ ആശ്രമം സ്ഥാപിക്കപ്പെട്ടത് 1918 മുതൽ 1930 വരെ ഒരു വ്യാഴവട്ടക്കാലം ഗാന്ധിജി ഇവിടെ താമസിച്ചാണ് ദേശീയപ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്. മോഹൻദാസ് ഗാന്ധി മഹാത്മാഗാന്ധിയായി അറിയപ്പെട്ടതും സബർമതിയിൽനിന്നാണ്. 1930 മാർച്ച് 12 ന് ദണ്ഡിയി



ലേക്കുള്ള മാർച്ച് ആരംഭിച്ചു. ഏപ്രിൽ ആറാം തീയതി ദണ്ഡികടൽത്തീരത്ത് കടൽവെള്ളം കുറുക്കി ഉണ്ടാക്കിയ ഉപ്പുപരലുകൾ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അടിത്തറയിളക്കുമെന്ന് അന്നാണ് ഗാന്ധിജി പ്രഖ്യാപിച്ചത്.

ആശ്രമത്തിൽനിന്ന് മാർച്ച് ആരംഭിക്കുമ്പോൾ ഗാന്ധിജി ഒരു പ്രതിജ്ഞ എടുത്തിരുന്നു. സ്വാതന്ത്ര്യം ലഭിക്കാതെ ഇനി ഞാൻ സബർമതിയിലേക്കില്ലായെന്ന്. 17 വർഷം കൂടി കാത്തിരിക്കേണ്ടിവന്നു ഗാന്ധിജിക്ക് ആ സ്വപ്ന സാക്ഷാത്കാരത്തിന്. പക്ഷെ സബർമതിയിലേക്ക് മടങ്ങിവരുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ആറുമാസം പിന്നിട്ടപ്പോൾ ആ അഗ്നിപർവതം എരിഞ്ഞമർന്നു. സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ രക്തസാക്ഷി!

സബർമതി നദിയുടെ തീരത്തു സ്ഥിതിചെയ്യുന്ന *ഹൃദയകുഞ്ജിന്* ഒട്ടേറെ ചരിത്രങ്ങൾ പറയാനുണ്ട്. സമീപത്തുതന്നെ പ്രാർഥനയ്ക്കായി തിരിച്ച ഒരു സ്ഥലമുണ്ട്. പ്രഭാതത്തിലും സായാഹ്നത്തിലും ഇവിടെ ഇപ്പോഴും പ്രാർഥനാ സദസ്സുകളുണ്ട്. *വൈഷ്ണവ്ജനതോ* എന്നുതുടങ്ങുന്ന പ്രസിദ്ധമായ ഭജൻ ഇപ്പോഴും ഈ മണൽപ്പുറത്ത് അലയടിക്കുന്നു.

പ്രമുഖ ദേശീയനേതാക്കളായ ദീനബന്ധ് ആൻഡ്രൂസ്, മാഡം മോണ്ടിസോറി, ആനി ബസന്ത്, രവീന്ദ്രനാഥ ടാഗോർ, മോട്ടിലാൽ നെഹ്റു, ജവഹർലാൽ നെഹ്റു, ഡോ. രാജേന്ദ്രപ്രസാദ്, ബാദ്ഷാഖാൻ, രാജാജി തുടങ്ങിയവരെല്ലാം ആശ്രമത്തിൽ അന്തേവാസികളായി താമസിച്ചിട്ടുണ്ട്. അവർ താമസിച്ചിരുന്ന ഭവനം *നന്ദിമന്ദിരം* എന്ന് അറിയപ്പെടുന്നു. ഗാന്ധിജിയുടെ സാമ്പത്തിക വീക്ഷണവും സ്വാശ്രയ സങ്കൽപ്പങ്ങളും ഉരുത്തിരിഞ്ഞുവന്നതും അഖിൽഭാരത്ചർക്കാ സംഘം രൂപീകരിക്കപ്പെട്ടതും ഇവിടെയാണ്. അതിനു വേദിയുമായിരുന്ന *ഉദ്യോഗ് മന്ദിർ* ആശ്രമത്തിലെ മറ്റൊരു കാഴ്ചയാണ്.

വിനോബഭാവെ 1916 മുതൽ 1921 വരെയും മീര എന്ന് ഗാന്ധിജി നാമകരണം ചെയ്ത ബ്രിട്ടീഷുകാരി മിസ് മദ്ലിൻസ്ലേഡ് 1925 മുതൽ 1933 വരെയും ആശ്രമത്തിൽ താമസിച്ചിരുന്ന ഭവനം വിനോബ കോട്ടേജ് എന്നും മീരാകോട്ടേജ് എന്നുമാണ് പിന്നീട് അറിയപ്പെട്ടത്.

ഹൃദയകുഞ്ജിലെ കസ്തൂർബയുടെ അടുക്കളയും ഗാന്ധിജിയുടെ മുറിയും ഗാന്ധിജിയുടെ ഇരിപ്പിടവും ചാരിയിരിക്കാനുള്ള തലയിണകളും നൂൽനൂൽക്കാനുപയോഗിച്ച ചർക്കയും എഴുത്തുമേശയുമെല്ലാം ആശ്രമം അധികാരികൾ നന്നായി പരിരക്ഷിച്ചിരുന്നു. വരാന്തയിൽ സൂക്ഷിച്ചിരുന്ന മറ്റൊരു ചർക്കയിൽ സന്ദർശകർക്കും നൂൽനൂൽക്കാനുള്ള അവസരമൊരുക്കിയിരുന്നു. ഞങ്ങൾ സബർമതി ആശ്രമത്തിലെ ആ ചർക്കയിൽ നൂൽനൂറ്റ് നിർവൃതിയിലാണ്ടു.


ഈ കാഴ്ചയെല്ലാം കഴിഞ്ഞാണ് ഞങ്ങൾ ഗാന്ധി മ്യൂസിയത്തിലേക്ക് കടന്നത്. പ്രാർഥനാനിരതനായി ഇരിക്കുന്ന ഗാന്ധിജിയുടെ പ്രതിമയുടെ ഓരംചേർന്ന് ഗാന്ധിമ്യൂസിയം സ്ഥിതിചെയ്യുന്നു. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് എഴുതി ഗാന്ധിജി കയ്യൊപ്പിട്ട ഗാന്ധിജിയുടെ ചിത്രം വലുതാക്കി സ്ഥാപിച്ചിരിക്കുന്നു. പ്രധാന കവാടത്തിനുള്ളിലേക്ക് കടന്നാൽ ചരിത്രം വിളിച്ചോതുന്ന ഗാന്ധിജിയുടെ ചെറുതും വലുതുമായ ചിത്രങ്ങൾ, ഗാന്ധിജിയുടെ ആഹ്വാനങ്ങൾ, സന്ദേശങ്ങൾ, പ്രഖ്യാപനങ്ങൾ, ചർച്ച, സമ്മേളനങ്ങൾ, പൊതുയോഗങ്ങൾ, പ്രക്ഷോഭങ്ങൾ തുടങ്ങിയവയുടെ ചിത്രീകരണങ്ങൾ, നവജീവൻ, യങ് ഇന്ത്യ, ഹരിജൻ തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ ഒന്നാമത്തെ ലക്കങ്ങൾ, ദണ്ഡിയാത്രയുടെ ചിത്രീകരണം, ഡയറിക്കുറിപ്പുകൾ, പ്രമുഖരുമായുള്ള കത്തിടപാടുകൾ, ഗാന്ധിജിയെതേടിവന്ന അറസ്റ്റുവാറണ്ടുകൾ, കണക്കു പുസ്തകത്തിലെ താളുകൾ തുടങ്ങി അപൂർവങ്ങളായ കാഴ്ചകളാണ് മ്യൂസിയത്തിൽ കണ്ടത്.

പിറ്റേന്ന് നവംബർ 18 ന് മറ്റൊരു മഹാദൗത്യത്തിലും ഞങ്ങൾ പങ്കാളികളാകുവാൻ ഭാഗ്യമുണ്ടായി. രാവിലെ ആറു മണിക്ക് ആശ്രമത്തിൽനിന്ന് ദണ്ഡിയിലേക്ക് ഒരു പദയാത്ര. ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മിഷണറുടെ സഹധർമണി ജിൽബെക്കിങ്ഹാം എന്ന വനിതയുടെ നേതൃത്വത്തിൽ ഇന്ത്യ-യു.കെ. ഫ്രണ്ട്ഷിപ്പ് സൊസൈറ്റി പ്രവർത്തകർ 17 ദിവസം നീണ്ടുനിൽക്കുന്ന സബർമതി ദണ്ഡിയാത്ര. ഈ യാത്രയുടെ ആദ്യ രണ്ടു മണിക്കൂറിൽ ഞങ്ങളും പങ്കാളികളായി. ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ സംഘടിപ്പിച്ച നിയമലംഘനസമരത്തിന്റെ ഭാഗമായ ദണ്ഡിമാർച്ച് ഇന്നും ബ്രിട്ടീഷുകാർ ആദരവോടെ കാണുന്നുവെന്നുള്ളതിന്റെ തെളിവായിരുന്നു ഈ അഭിനവ ദണ്ഡിപദയാത്ര.

സബർമതി ആശ്രമത്തിന്റെ തിരുമുറ്റത്തുനിന്ന് വാരിയെടുത്ത പവിത്രമായ മണൽത്തരികൾ നിറച്ച പുണ്യകുംഭം നവംബർ 23 ന് ആലപ്പുഴയിലെത്തിച്ചു. 2011 ഫെബ്രുവരി 28 ന് മാവേലിക്കരയിൽനിന്നും ഘോഷയാത്രയോടെ പൂർണകായ പ്രതിമ കളക്ട്രേറ്റ് അങ്കണത്തിൽ കൊണ്ടുവന്നു. ജൂലൈ 17 ന് കേന്ദ്ര പ്രതിരോധമന്ത്രി എ.കെ. ആന്റണി പ്രതിമ അനാച്ഛാദനം ചെയ്തു. മാവേലിക്കര സ്വദേശി ബിജു ജോസഫാണ് ശില്പി.

അങ്ങനെ മഹാത്മാവിന്റെ മഹനീയ സാന്നിധ്യംകൊണ്ട് ആലപ്പുഴ നഗരം ഇന്ന് ആ ഓർമകൾക്കുമുന്നിൽ സാഷ്ടാംഗം പ്രണമിക്കുന്നു. ■

ഡോ. ടി. മാത്യു ഫിലിപ്പ്



# സത്യഗ്രഹം അർഥവും വ്യാപ്തിയും

ആധുനിക ലോകത്തിന് ഗാന്ധിജി നൽകിയ ഏറ്റവും വലിയ സംഭാവനയായി അംഗീകരിക്കപ്പെട്ടിട്ടുള്ളത് സത്യഗ്രഹ സിദ്ധാന്തമാണ്. തികച്ചും ആത്മീയ ശക്തിയിലധിഷ്ഠിതമായ ഈ സിദ്ധാന്തം പ്രായോഗികതലത്തിൽ സുതാര്യമായ പ്രശ്നപരിഹാരമാർഗം എന്നതിലുപരി ഗാന്ധിയൻ സാമൂഹികക്രമം പടുത്തുയർത്തുന്നതിനുള്ള ശക്തമായ കർമമാർഗവുമാണ്. സത്യഗ്രഹത്തിന്റെ ഈ നിർമാണാത്മകതയാണ് കാലാതീതമായ ഊർജസ്രോതസായി ഇതിനെ നിലനിർത്തിയിട്ടുള്ളത്.

'സത്യഗ്രഹ' എന്ന പദത്തിന്റെ വാചാർഥം സത്യത്തെ മുറുകെപ്പിടിക്കുക അഥവാ സത്യത്തിൽ ഉറച്ചുനിൽക്കുക എന്നതാണ്. ഗാന്ധിജിയെ സംബന്ധിച്ച് സത്യം എന്നത് ഈശ്വരൻ ആയിരുന്നു. സത്യം (ഈശ്വരൻ) എല്ലാ ജീവജാലങ്ങളുടെയും സമന്വയം എന്നു നാം ചിന്തിക്കുമ്പോൾ സ്നേഹത്തിൽ അധിഷ്ഠിതമായ പ്രവർത്തനത്തിലൂടെ അഥവാ അഹിംസയിലൂടെ മാത്രമേ സത്യത്തെ വിലയം പ്രാപിക്കുന്നതിന് സാധിക്കുകയുള്ളൂ. സ്നേഹമെന്നത് സജീവവും നിർമാണാത്മകവുമായ അധ്യാത്മിക ശക്തിയാണ്. ഈ ലോകത്തെ താങ്ങിനിർത്തുന്നത് സ്നേഹമാണെന്നാണ് എന്റെ ദൃഢവിശ്വാസം സ്നേഹമുള്ളടത്തുമാത്രമേ ജീവിതമുള്ളൂ. സ്നേഹമില്ലാത്ത ജീവിതം മൃത്യുവാണ്. ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ് സ്നേഹവും സത്യവും - ഗാന്ധിജി. മറ്റൊരർഥത്തിൽ സത്യഗ്രഹം എന്നത് ധർമശക്തിയും സത്യശക്തിയും ആത്മശക്തിയും സ്നേഹശക്തിയുമാണ്.

സത്യഗ്രഹം സംഘർഷനിവാരണമാർഗമായി ഗാന്ധിജി സ്വീകരിച്ചത് അടിസ്ഥാനപരമായി അത് സത്യത്തിനുവേണ്ടിയുള്ള അവിശ്രമമായ അന്വേഷണം എന്ന നിലയിലാണ്. അതിനുള്ള മാർഗം അഹിംസയാണ്. അഹിംസാമാർഗത്തിന്റെ അന്തഃസത്ത അത് ശത്രുക്കളെ അല്ല പ്രത്യുത ശത്രുത്വമാണ് ഇല്ലാതാക്കാൻ ശ്രമിക്കുന്നത് എന്നതാണ്. ഇവിടെ സത്യഗ്രഹിയുടെ ആദ്യത്തെ ലക്ഷ്യം തെറ്റ് പ്രവർത്തിക്കുന്നവരുടെ മനഃപരിവർത്തനമാണ്. സത്യഗ്രഹ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് സംഘർഷത്തിന് ഒരു താത്കാലിക പരിഹാരം കണ്ടെത്തുകയെന്നതല്ല പ്രത്യുത സംഘർഷത്തിന്റെ മൂലകാരണമായ അവിശ്വാസവും സ്പർധയും പരിഹരിക്കുകയെന്നതാണ്. അഹിംസ, ശാന്തവും ക്രമാനുഗതവുമായ വിപ്ലവമാണ്.

അഹിംസ രണ്ടു തലങ്ങളിൽ നമുക്ക് അപഗ്രഥിക്കാവുന്നതാണ് - ഋണാത്മകം, ധനാത്മകം. ഋണാത്മക അർഥം അഹിംസിക്കാതിരിക്കുക എന്നതാണ്. സംസാരം കൊണ്ടോ, പ്രവൃത്തികൊണ്ടോ ഒരാളെ മുറിവേൽപ്പിക്കാതിരിക്കുക എന്നതാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അഹിംസയുടെ ധനാത്മകദർശനം സ്നേഹവും അതിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളുമാണ്. സമൂഹത്തിൽ നിലനിൽക്കുന്ന ചൂഷണം, അനീതി, അസമത്വം തുടങ്ങിയവ അക്രമത്തിന്റെ വിഭിന്നരൂപങ്ങളാണെന്നുള്ള തിരിച്ചറിവ് വളരെ പ്രധാനമാണ്.

സത്യഗ്രഹ സിദ്ധാന്തം രൂപപ്പെടുത്തിയിട്ടുള്ളത് ആത്യന്തികമായി മനുഷ്യന്റെ നന്മയിൽ വിശ്വാസമർപ്പിച്ചുകൊണ്ടാണ്. ഓരോ വ്യക്തിയെയും ആത്യന്തിക സത്യത്തിന്റെ ഭാഗമായി ഗാന്ധിജി കരുതി. ഒരു വ്യക്തി തന്റെ മർദകനെ നേരിടുമ്പോൾ ഇരുവരും ഒരേ സത്യത്തിന്റെ അംശികളായതുകൊണ്ട് രണ്ടു പേരിലും ഒരേ സമയത്ത് മാനസിക പരിവർത്തനം നടക്കുകയും അങ്ങനെ ആത്യന്തിക സത്യത്തിലേക്ക് അവർ നയിക്കപ്പെടുകയും ചെയ്യുന്നു.

## സത്യഗ്രഹവും സഹനസമരവും

സത്യഗ്രഹവും സഹനസമരവും (Passive Resistance) - വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള വാക്കുകളാണ്. സത്യഗ്രഹവും സഹനസമരവും തമ്മിലുള്ള ഏക സാമ്യം ആയുധം രണ്ടു സമരമാർഗത്തിലും ഉപയോഗിക്കുന്നില്ല എന്നതുമാത്രമാണ്. ദക്ഷിണാഫ്രിക്കയിലെ ആദ്യകാല പ്രവർത്തനസമയത്ത് ഗാന്ധിജി തന്നെ തന്റെ പ്രവർത്തനങ്ങളെ സഹനസമരം എന്നു വിശേഷിപ്പിച്ചിരുന്നു. ഹിംസാത്മകമല്ലാത്ത ചെറുത്തുനിൽപ്പുകളെ സൂചിപ്പിക്കുന്നതിന് വ്യാപകമായി പ്രസ്തുത പദം ആ കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്നതിനാലാണ് ഗാന്ധിജിയും അത് ഉപയോഗിച്ചത്. എന്നാൽ വളരെ വേഗം ഗാന്ധിജി താൻ നയിക്കുന്ന അഹിംസാത്മക ചെറുത്തുനിൽപ്പിന് മറ്റൊരു പദം കണ്ടെത്തേണ്ടതാണെന്ന് മനസ്സിലാക്കി. സത്യത്തിൽ നിന്നും സ്നേഹത്തിൽനിന്നും ഉത്ഭവിക്കുന്ന സജീവമായ ആധ്യാത്മിക ശക്തിയാണ് തന്റെ മാർഗത്തിന്റെ കേന്ദ്രഭാവമെന്ന കാരണത്താൽ ഗാന്ധിജി സത്യഗ്രഹം എന്ന പേര് സ്വീകരിച്ചു.

സഹനസമരം ഒരർഥത്തിൽ ദുർബലരുടെ മാർഗമാണ്. സത്യഗ്രഹ സ്വന്തം ജീവൻപോലും നഷ്ടപ്പെടുത്താൻ തയാറായിട്ടുള്ള ധീരന്മാരുടെ മാർഗമാണ്. സത്യഗ്രഹത്തിൽ വെറു

പ്പിന് അല്പംപോലും സ്ഥാനമില്ല. സഹനസ മരം ലക്ഷ്യമാക്കുന്നത് എതിരാളിയെ കീഴടക്കു കയെന്നതാണെങ്കിൽ സത്യഗ്രഹം ലക്ഷ്യമാ ക്കുന്നത് എതിരാളിയെ സ്നേഹം കൊണ്ടും ക്ഷമയോടുകൂടിയ പ്രവർത്തനംകൊണ്ടും തെറ്റിൽനിന്നും രക്ഷിക്കുകയെന്നതാണ്. സഹ നസമരം നിഷേധാത്മകമാണ്. എന്നാൽ സത്യ ഗ്രഹം സ്നേഹത്തിന്റെ സജീവതയിലാണ് മുന്നോട്ടു പോകുന്നത്. അനുകൂല സാഹചര്യ ങ്ങളിൽ അക്രമമാർഗത്തിനുള്ള സാധ്യത സഹ നസമരത്തിൽ തള്ളിക്കളയുന്നില്ല. എന്നാൽ ഒരു സാഹചര്യത്തിലും അക്രമമാർഗം സ്വീകരിക്കു ന്നത് സത്യഗ്രഹത്തിൽ വിഭാവനം ചെയ്യുന്നി ല്ല. സഹന സമരത്തിൽ ധാർമികതയ്ക്ക് വലിയ പ്രാധാന്യം നൽകുന്നില്ല. എന്നാൽ സത്യഗ്രഹത്തിൽ ലക്ഷ്യപ്രാപ്തിയും സത്യഗ്ര ഹിയുടെ ധാർമികനിലവാരവും തമ്മിൽ സജീ വമായ ബന്ധമുണ്ട്.

## സത്യഗ്രഹത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ

1. തെറ്റുചെയ്ത ആളിന് തെറ്റിനെക്കുറിച്ച് ലജ്ജയുണ്ടാകുക എന്നതായിരിക്കണം ഒരു സത്യഗ്രഹിയുടെ മനോഭാവം. അപേക്ഷ എപ്പോഴും എതിരാളിയുടെ ഹൃദയത്തെ സ്പർശിക്കുന്നതരത്തിലായി രിക്കണം.
2. സത്യഗ്രഹി എപ്പോഴും സ്വയപരിശോധ നയ്ക്ക് തയാറാകേണ്ടതും തന്റെ ഉദ്ദേശ ശു ദ്ധിയെക്കുറിച്ച് എപ്പോഴും ഉറപ്പുള്ളവനുമാ യിരിക്കണം.
3. സത്യഗ്രഹിയുടെ പ്രവർത്തനങ്ങൾക്ക് സുതാര്യതയുണ്ടായിരിക്കണം. എപ്പോഴും അവ പരീക്ഷണ നിരീക്ഷണങ്ങൾക്കു വിധേയമായിരിക്കണം.
4. അക്രമരഹിത മാർഗത്തിന്റെ ഏറ്റവും കാതലായ അംശം വസ്തുതകളുടെ സത്യ സന്ധമായ പ്രചാരണമാണ്. വസ്തുതകൾ മറച്ചുവക്കുക, വസ്തുതകൾക്ക് നിരക്കാത്ത ആരോപണമുന്നയിക്കുക, മുൻവിധികളും വിരോധവും വച്ചുപുലർത്തുക ഇവ യാതൊരുകാരണവശാലും അഹിംസാ മാർഗത്തിന്റെ തത്വസംഹിതയുമായി പൊരുത്തപ്പെട്ടു പോകുന്നവയല്ല.
5. എതിരാളിയുമായി യോജിക്കാവുന്ന മേഖ ലകൾ കണ്ടെത്തി അതിന്റെ അടിസ്ഥാന ത്തിൽ സഹകരണം സ്ഥാപിച്ച് ബന്ധം മെച്ചപ്പെടുത്തുന്നതിന് എപ്പോഴും ശ്രമിക്ക ണം.
6. സ്വയം വിലയിരുത്തിയതിനുശേഷം അതിന്റെ കൂടുതലായിട്ടുള്ള കാര്യങ്ങൾ എതിരാളിയിൽനിന്ന് പ്രതീക്ഷിക്കുകയോ, ആ തരത്തിലുള്ള ഒരു വിലയിരുത്തൽ നട ത്തുകയോ അരുത്. അന്യോന്യം ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള സുവർണ നിയമം നാം സത്യത്തെ ഭാഗികമായി മാത്രമേ അറിയുന്നുള്ളൂവെന്നുള്ള വസ്തുത അംഗീകരിക്കുകയെന്നതാണ്.
7. എതിരാളിയെ നാം വിശ്വസിക്കണം. എല്ലാ മനുഷ്യരിലും നന്മയുടെ അംശമുണ്ടെന്ന് നാം അംഗീകരിക്കുകയും ഈ ശുഭാപ്തി വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും വേണം. ഒരു മനു ഷ്യനെ വിശ്വസിക്കുന്നതിലൂടെ മാത്രമേ അവനെ നമുക്ക് വിശ്വാസയോഗ്യനായി കാണാൻകഴിയുകയുള്ളൂ. അക്രമരഹിത മാർഗത്തിൽ എതിരാളിയെ മനഃപരി പർത്തനം മൂലം സംഘർഷനിവാരണം സാധ്യമായിത്തീരണമെങ്കിൽ എതിരാളി വസ്തുതാപരമായി ചിന്തിക്കണമെന്നും മനഃസാക്ഷിയുടെ ശബ്ദത്തിന് ചെവികൊ ടുക്കണമെന്നുള്ള വസ്തുത അംഗീകരിക്ക ണം.
8. അടിസ്ഥാനപ്രമാണങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ മാന്യമായരീതിയിൽ അനുര ഞ്ജനത്തിനുള്ള സാധ്യതകൾ സത്യ ഗ്രഹി ഒരിക്കലും നഷ്ടപ്പെടുത്തരുത്. സത്യ ഗ്രഹം അടിസ്ഥാനപരമായി വിട്ടുവീഴ്ച യുടെ മാർഗമല്ല. പ്രത്യുത സൃഷ്ടിപരമായ സമന്വയത്തിന്റെ മാർഗമാണ്.
9. വ്യക്തിപരമായി പുലർത്തുന്ന സമീപന ത്തിലൂടെ എതിരാളിയുടെ മനഃപരി വർത്തനം സാധ്യമാക്കിത്തീർക്കേണ്ടതാ ണ്.
10. എതിരാളിയുടെ ബലഹീനതയെ ചൂഷണം ചെയ്യാൻ പാടുള്ളതല്ല. മാത്രമല്ല, അതിൽനിന്നും വ്യക്തിപരമായ നേട്ടവും ലഭ്യമാക്കാൻ പാടില്ല. ഈ ദർശനത്തോടു കൂടി പ്രവർത്തിക്കുമ്പോൾ സത്യഗ്രഹിക്ക് എതിരാളിയുടെ വിശ്വാസമാർജിക്കുന്ന തിനും അതിലൂടെ അനുയോജ്യമായ സംഘർഷനിവാരണ അന്തരീക്ഷം സൃഷ്ടി ക്കുന്നതിനും കഴിയുന്നതാണ്.

## സത്യഗ്രഹവും നിർമാണപ്രവർത്ത നവും

ഗാന്ധിജിയെ സംബന്ധിച്ച് സത്യഗ്രഹം സാമൂഹികമാറ്റത്തിനുള്ള ഒരു ഉപാധികൂടിയാ യിരുന്നു. ഉച്ചനീചത്വങ്ങളില്ലാത്ത വർഗരഹിത സമൂഹം ഒരു സത്യഗ്രഹിയുടെ ആത്യന്തിക ലക്ഷ്യമാണ്. ഈ ലക്ഷ്യത്തിലെത്തിച്ചേരുന്ന തിനുള്ള മാർഗം രചനാത്മകപദ്ധതി (Constractive Programme) ആണ്. ഈ നിർമാണപരിപാടികളിൽ ഗാന്ധിജി ആദ്യഘ ട്ടത്തിൽ 21 മേഖലകളിലുള്ള പ്രവർത്തനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. വിനോബാ ഭാവെ രണ്ടു മേഖലകളിൽക്കൂടി പ്രവർത്തനം വ്യാപിപ്പിച്ച് അത് 23 മേഖലകളിലായി ഉയർത്തി. ഈ പ്രവർത്തനങ്ങളിൽ ജനകീയ ഐക്യം, അയിത്തോച്ചാടനം, മദ്യനിരോധനം, ഖാദി, കുടിൽ വ്യവസായങ്ങൾ, ഗ്രാമീണ ആരോഗ്യസംരക്ഷണം, അടിസ്ഥാന വിദ്യാഭ്യാ സം, സ്ത്രീകളുടെ ഉന്നമനം ആരോഗ്യവും ശുചിത്വവും പ്രാദേശിക ഭാഷ, ദേശീയ ഭാഷ, സാമ്പത്തിക സമത്വവും നീതിയും, കർഷകർ, തൊഴിലാളികൾ, ആദിവാസികൾ (വിദ്യാഭ്യാസവും പുരോഗതിയും) കുഷ്ഠരോ ഗികൾ (ചികിത്സയും പുനരധിവാസവും), വിദ്യാർഥികളും നിർമാണപരിപാടിയിലുള്ള പങ്കും, കന്നുകാലി സംരക്ഷണം, പ്രകൃതി ജീവ നം, അഭയാർഥികൾ (പ്രശ്നവും പരിഹാരവും), ഭൂദാനം, ശാന്തിസേന എന്നിവയുൾപ്പെട്ടിരുന്നു. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഓരോ പ്രദേശങ്ങളിലെ ആവശ്യമനുസരിച്ച് മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ വ്യത്യാസം വരുത്തു ന്നതിന് കഴിയേണ്ടതാണ്.

സത്യഗ്രഹത്തിന്റെ ദ്വിമുഖദർശനം വളരെ ശ്രദ്ധേയമാണ്. ആധുനിക നാഗരികതയിൽ ഹിംസയുടെ രൂപം കാണുന്ന ഗാന്ധിജി അത് ഉയർത്തുന്ന നൈരന്തര്യ പ്രശ്നങ്ങളോട് പോരാടാമെങ്കിൽ വ്യക്തമായ ആത്മപരിശോ ധന ആവശ്യമാണെന്നു വിശ്വസിച്ചിരുന്നു. മറ്റൊരർഥത്തിൽ സത്യാഗ്രഹം സാമൂഹിക മാറ്റത്തിന് ഉപാധിയാകുമ്പോൾത്തന്നെ സത്യ ഗ്രഹി തന്റെ ചിന്തകളോടും ജീവിതരീതിക ളോടും യുദ്ധം പ്രഖ്യാപിച്ചേ മതിയാകൂ. ഇങ്ങനെ വ്യക്തമായ ആത്മപരിശോധനയി ലൂടെ ശക്തിയാർജിച്ചുകൊണ്ട് സാമൂഹിക മാറ്റ ത്തിന് സത്യഗ്രഹി തയാറാകുമ്പോൾ രചനാ ത്മക പദ്ധതി ലക്ഷ്യസാക്ഷാത്കാരത്തിനുള്ള സജീവമാർഗമായിത്തീരുന്നു. രചനാത്മക പദ്ധ തിയിലൂടെ സത്യഗ്രഹിക്ക് ശക്തമായ ബോധ വത്കരണം നടത്തുന്നതിനും ജനകീയ അടി ത്തറ കെട്ടിപ്പടുക്കുന്നതിനും നീതിപൂർവമായ ഒരു സാമൂഹിക ഘടനയ്ക്ക് രൂപംനൽകി തുട ക്കംകുറിക്കുന്നതിനും സാധിക്കുന്നു.

ചുരുക്കത്തിൽ സത്യഗ്രഹം ഒരു ജീവിത രീതിയാണ്. അത് ആത്മശുദ്ധീകരണത്തിനും അതിലൂടെ ആർജിക്കുന്ന ശക്തിയിലൂടെ സത്യത്തിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട് സാമൂഹിക സാമ്പത്തിക രാഷ്ട്രീയ ഘടനയിൽ ഉറച്ചുനിന്നുകൊണ്ട് നിരന്തരമായ സത്യാന്വേ ഷണം നടത്തുകയും ചെയ്യുമ്പോൾ സത്യ ഗ്രഹം അതിശക്തമായ ഊർജസ്രോതസായി മാറും.

സത്യഗ്രഹം അത് അനുഷ്ഠിക്കുന്നവരു ടെയും അതിനു കാരണക്കാരായവരുടെയും ദർശിക്കുന്നവരുടെയുമെല്ലാം മാനസിക പരി വർത്തനമാണ് ലക്ഷ്യമാക്കുന്നത്. കൂടാതെ പ്രശ്നപരിഹാരത്തിനായി വ്യക്തിതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സ്നേഹത്തിന്റെ അതുല്യശക്തിയെ സാമൂഹിക തലത്തിലേക്ക് സത്യഗ്രഹത്തിലൂടെ ഗാന്ധിജി ഉയർത്തി എന്നതും ശ്രദ്ധേയമാണ്. അസമത്വങ്ങളില്ലാത്ത നീതിയുള്ള ഒരു സാമൂഹികഘടന സത്യഗ്രഹ ത്തിന്റെ ആത്യന്തിക ലക്ഷ്യമാണെന്നുള്ള താണ് ഈ സിദ്ധാന്തത്തെ കാലാതീതമാക്കു ന്നത്. ■

> സത്യഗ്രഹം സംഘർഷനി വാരണമാർഗമായി ഗാന്ധിജി സ്വീകരിച്ചത് അടിസ്ഥാനപരമായി അത് സത്യത്തിനുവേണ്ടിയുള്ള അവിശ്രമമായ അന്വേ ഷണം എന്ന നിലയിലാണ്. അതിനുള്ള മാർഗം അഹിം സയാണ്. അഹിംസാമാർഗ ത്തിന്റെ അന്തഃസത്ത അത് ശത്രുക്കളെ അല്ല പ്രത്യുത ശത്രുത്വമാണ് ഇല്ലാതാ ക്കാൻ ശ്രമിക്കുന്നത് എന്നതാണ്.

# തിലകൻ അരങ്ങൊഴിഞ്ഞു



മലയാള സിനിമ-നാടകവേദികളിൽ ഇതിഹാസതാരമായിരുന്ന പത്മശ്രീ തിലകൻ (77) അരങ്ങൊഴിഞ്ഞു. 34 വർഷത്തെ നീണ്ട അഭിനയജീവിതത്തിനൊടുവിൽ ഹൃദയാഘാതത്തെത്തുടർന്ന് സെപ്റ്റംബർ 25 നായിരുന്നു അന്ത്യം സംഭവിച്ചത്.

അഭിനയം എന്ന കലയ്ക്ക് ജീവിതമെന്ന് നിർവചനം നൽകിയ പ്രതിഭയായിരുന്നു തിലകൻ. വില്ലൻ, ഹാസ്യനടൻ, സ്വഭാവനടൻ എന്നിങ്ങനെ അഭിനയമേഖലയുടെ അസുലഭ മുഹൂർത്തങ്ങൾ മായാത്ത ചിത്രമായി. *യവനിക, പെരുന്തച്ചൻ, കിരീടം, നാടോടിക്കാറ്റ്, ഋതുഭേദം, സന്താനഗോപാലം, ജാതകം, മൂന്നാംപക്കം, കണ്ണെഴുതി പൊട്ടുംതൊട്ട്* തുടങ്ങിയ ചിത്രങ്ങളിലൂടെ അഭിനയത്തിന്റെ നൂതന ഭാവങ്ങൾ അദ്ദേഹം സിനിമാ ലോകത്തിന് കാഴ്ചവച്ചു. 204 സിനിമകളെയും 900 ൽ അധികം നാടക വേദികളെയും ധന്യമാക്കിയ തിലകൻ 1935 ജൂലൈ 15 ന് പത്തനംതിട്ടയിലെ അയിരൂരാണ് ജനിച്ചത്. പി.എസ്. കേശവന്റെയും പി.എസ് ദേവയാനിയുടെയും മകനായി ജനിച്ച അദ്ദേഹം കുട്ടിക്കാലം മുതൽതന്നെ നാടക സമിതികളുമായി ബന്ധപ്പെട്ട് വേദികളിൽ പ്രതിഭ തെളിയിച്ചിരുന്നു.

തൃശൂർ സാരഥി തിയേറ്റേഴ്സ്, കൊല്ലം കാളിദാസ കലാകേന്ദ്രം തുടങ്ങി നിരവധി നാടക കമ്പനികളിൽ സജീവമായിരുന്നു തിലകൻ. പി.ജെ. ആന്റണിയുടെ *പെരിയാർ* എന്ന ചിത്രത്തിലൂടെയാണ് ഈ അഭിനയ പ്രതിഭ തിരശീലയിലെത്തിയത്. *യവനിക*യിലെ വേഷം അദ്ദേഹത്തിന് മികച്ച സ്വഭാവനടന്റെ സംസ്ഥാന പുരസ്കാരം നേടിക്കൊടുത്തു. 1990 ലും (*പെരുന്തച്ചൻ*), 1994 ലും (*ഗമനം, സന്താന ഗോപാലം*) മികച്ച സഹനടനുള്ള സംസ്ഥാന അവാർഡ് ലഭിച്ചു. 1988 ൽ *ഋതുഭേദം* അദ്ദേഹത്തിന് മികച്ച സഹനടനുള്ള ദേശീയ അവാർഡ് നേടിക്കൊടുത്തു. 2009 ൽ രാഷ്ട്രം പത്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചു. 2012 ൽ റിലീസായ *സിംഹാസന*മാണ് അവസാനമായി പുറത്തിറങ്ങിയ ചിത്രം. ■



# ഇന്ത്യയുടെ പാൽക്കാരൻ ഇനി ഓർമ

ഇന്ത്യയെ 'ഓപ്പറേഷൻ ഫ്ളഡ്' എന്ന ധവളവിപ്ലവപദ്ധതിയിലൂടെ ലോകത്തെ ഏറ്റവും വലിയ പാലുത്പാദക രാഷ്ട്രമാക്കിയ 'അമൂൽകുര്യൻ' എന്നറിയപ്പെടുന്ന ഡോ. വർഗീസ് കുര്യൻ (90) ഓർമയായി. ഗുജറാത്തിൽ നന്ദേഡിയിലെ മുൽജിഭായ് പട്ടേൽ യൂറോളജിക്കൽ ആശുപത്രിയിൽ സെപ്റ്റംബർ ഒമ്പതിനായിരുന്നു അന്ത്യം.

1921 നവംബർ 26 ന് കേരളത്തിൽ കോഴിക്കോട്ടാണ് വർഗീസ് കുര്യൻ ജനിച്ചത്. 1940 ൽ ചെന്നൈയിലെ ഗിണ്ടി എൻജിനീയറിങ് കോളേജിൽനിന്ന് ബിരുദമെടുത്തു. 1948 ൽ അമേരിക്കയിലെ മിഷിഗൺ സർവകലാശാലയിൽനിന്ന് ഡെയറി എൻജിനിയറിങ്ങിൽ മാസ്റ്റർ ബരുദമെടുത്തു. തുടർന്ന് ഇന്ത്യയിൽ തിരിച്ചെത്തിയ അദ്ദേഹം ഗുജറാത്തിലെ കെയ്റ ജില്ലാ സഹകരണക്ഷീര ഉത്പാദകയൂണിയന്റെ അധ്യക്ഷപദം ഏറ്റെടുക്കുന്നിടത്താണ് ലോകം അറിയപ്പെടുന്ന വിജയഗാഥയുടെ തുടക്കം.

നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് (എൻ.ഡി.ഡി.ബി) സ്ഥാപക ചെയർമാനായ അദ്ദേഹം 1965 മുതൽ 98 വരെ അവിടെ സേവനമനുഷ്ഠിച്ചു. ഇക്കാലയളവിൽ സഹകരണ സംഘങ്ങൾ കെട്ടിപ്പടുത്ത് പാലുത്പാദനരംഗത്ത് വിപ്ലവം സൃഷ്ടിച്ചു. അദ്ദേഹം നേതൃത്വം കൊടുത്ത 'അമൂൽ' സഹകരണ പ്രസ്ഥാനങ്ങൾക്ക് മാതൃക തീർത്തു.

ഇന്ത്യയുടെ പാൽക്കാരൻ എന്ന നിലയിൽ അന്താരാഷ്ട്രതലത്തിൽ പ്രശസ്തിയാർജിച്ച ഡോ. വർഗീസ് കുര്യന് 1999 ൽ രാഷ്ട്രം പത്മവിഭൂഷൺ നൽകി ആദരിച്ചു. പദ്മശ്രീ, പദ്മഭൂഷൺ പുരസ്കാരങ്ങൾക്കു പുറമെ സാമൂഹികനേതൃത്വത്തിനുള്ള മാഗ്സസെ പുരസ്കാരം, ലോകഭക്ഷ്യപുരസ്കാരം, കർണേജി വാട്ട്ലർ, ലോകസമാധാനപുരസ്കാരം എന്നിവയും അദ്ദേഹത്തെത്തേടിയെത്തി.

പ്രമുഖ സാമ്പത്തിക വിദഗ്ധനും മുൻ കേന്ദ്ര ധനമന്ത്രിയുമായ ജോൺ മത്തായിയുടെ മകനാണ് ഡോ. വർഗീസ് കുര്യൻ. മോളി കുര്യനാണ് ഭാര്യ. നിർമല (ചെന്നൈ) ഏക മകൾ. ■

മുഖത്തല ശ്രീരാജ്

# ചരിത്രം പറയുന്ന പൊലീസ് മ്യൂസിയം



ചരിത്രത്തിനൊപ്പം നടക്കുന്നവർക്കും വിദ്യാർഥികൾക്കും കൗതുകമായി ഒരു മ്യൂസിയം. കൊല്ലത്തെ സർദാർ വല്ലഭായി പട്ടേൽ മ്യൂസിയമാണ് സന്ദർശകർക്ക് അപൂർമായ കാഴ്ചയൊരുക്കുന്നത്. കൊല്ലം ജില്ലയ്ക്കുതന്നെ ഏറെ അഭിമാനമാണ് ഈ മ്യൂസിയം.

പൊലീസിന്റെ ചരിത്രം കോർത്തിണക്കിയ മ്യൂസിയം, ഇന്ത്യയിലെ പൊലീസ് സേനയുടെ അപൂർവതകളിലൊന്നാണ്. നഗരഹൃദയത്തിൽ കൊല്ലം ഈസ്റ്റ് പൊലീസ് സ്റ്റേഷനകത്താണ് മ്യൂസിയം പ്രൗഢിയോടെ നിലകൊള്ളുന്നത്. പഴമയും പൊലീസ് സേനയുടെ ചരിത്രവും കോർത്തിണക്കിയ മ്യൂസിയം 1999 മെയ് പത്തിനാണ് ആരംഭിച്ചത്. ഇന്ത്യയിലെ ആദ്യത്തെ പൊലീസ് മ്യൂസിയമെന്നതിനുപുറമെ ഏഷ്യയിലെ മൂന്നാമത്തെ പൊലീസ് മ്യൂസിയം കൂടിയാണിത്. 1999 ൽ ജില്ലാ പൊലീസ് സൂപ്രണ്ടിനെ ബി.സന്ധ്യയുടെ ശ്രമഫലമായാണ് മ്യൂസിയം പൂർണതയിലെത്തിയത്.

മ്യൂസിയത്തിലെത്തുന്ന ഓരോ സന്ദർശകനും അവിടെ സൂക്ഷിച്ചിരിക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി ആദ്യകാഴ്ചയിൽത്തന്നെ കാണാതെ മുന്നോട്ടു പോകാനാവില്ല.

പൊലീസ് സേനയുടെ ചരിത്രത്തെക്കുറിച്ചുള്ള എല്ലാ രേഖകളും മ്യൂസിയത്തിലുണ്ട്. ഏറ്റവും ചെറിയ പീരങ്കി മുതൽ റൈഫിളുകൾവരെ ഇവിടെയുണ്ട്. കൊല്ലം ഈസ്റ്റ് പൊലീസ് സ്റ്റേഷന്റെയും മ്യൂസിയത്തിന്റെയും ലഘുചരിത്രം 16 പനയോലകളിലാണ് ആലേഖനം ചെയ്തു സൂക്ഷിച്ചിരിക്കുന്നത്. അശ്വാരൂഢ പൊലീസിന്റെയും ദുരിതങ്ങളിൽ കർമനിരതരാകുന്ന സേനയുടെയും ചിത്രങ്ങളും ഇവിടെയുണ്ട്.

ഫോറൻസിക് ചിത്രങ്ങൾ, വെടിയുണ്ടകൾ, വിവിധതരം റൈഫിളുകൾ, പൊലീസ് അധികാര ചിഹ്നങ്ങൾ, കേരളത്തിലെ കുപ്രസിദ്ധരായ മോഷ്ടാക്കളുടെ ചിത്രങ്ങൾ, വിവിധ സംസ്ഥാനങ്ങളിലെ പൊലീസ് യൂണിഫോമുകളുടെ ചിത്രങ്ങൾ, പഴയകാലത്തെ പൊലീസ് തൊപ്പി, 117 യോഗാസനങ്ങളുടെ ചിത്രങ്ങൾ ഇവയെല്ലാം ശേഖരത്തിലുൾപ്പെട്ടിട്ടുണ്ട്. നിയമപാലകരും സൈനികരുമുൾപ്പെടെ നാലായിരത്തോളം ധീരന്മാരായ സേനാനായകരുടെ വിവരണങ്ങൾ മ്യൂസിയത്തിലെ ഒരു ഹാളിൽ ആലേഖനം ചെയ്തിട്ടുണ്ട്. മ്യൂസിയം വളപ്പിലെ കിണറ്റിൽനിന്ന് വളർന്നിറങ്ങിയ പേരാലും കൗതുകകാഴ്ചയാണ്. കിണർ മൂടിക്കൊണ്ടാണ് പേരാൽ വളർന്നിറങ്ങിയിട്ടുള്ളത്.

മ്യൂസിയം സന്ദർശിക്കാൻ സ്കൂളുകളിൽനിന്നുള്ള വിദ്യാർഥികളടക്കം നിരവധി പേരാണ് നിത്യവും എത്തുന്നത്. ആധുനിക ശാസ്ത്രസാങ്കേതികതയിലൂടെ നമ്മുടെ പൊലീസിന് സാധ്യമായ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ ഇവിടെനിന്ന് മനസ്സിലാക്കാൻ സാധിക്കും. കൊല്ലത്തെ പൊലീസിന് അഭിമാനിക്കത്തക്കതരത്തിൽ മ്യൂസിയം വളർത്താൻ ഇക്കാലമത്രെയും സേനയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നതുതന്നെ അതിന്റെ മാറ്റ് പതിന്മടങ്ങ് വർധിപ്പിക്കുന്നു. ■





# കലാമണ്ഡലം സാംസ്കാരിക നവോത്ഥാനത്തിന്റെ പ്രതീകം : ഡോ. മൻമോഹൻ സിങ്

**ലോ**കത്തിനുമുന്നിൽ രാജ്യത്തിന്റെ കലാപാരമ്പര്യം എത്തിക്കാൻ കലാമണ്ഡലത്തിനു കഴിഞ്ഞിട്ടുണ്ടെന്ന് പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്. എട്ടു കോടി രൂപ ചെലവിൽ നിർമിക്കുന്ന ദക്ഷിണേന്ത്യൻ രംഗകലാമ്യൂസിയത്തിന് തറക്കല്ലിടൽ ചടങ്ങിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. ഭാരതത്തിന്റെ ബഹുസ്വരതയെയും സംസ്കാരങ്ങളുടെ സമന്വയത്തെയും മ്യൂസിയത്തിനു കഴിയും. സാഹിത്യം, സംഗീതം നൃത്തം, കല തുടങ്ങിയ മേഖലകളെ പരിപോഷിപ്പിക്കുന്നതിന് രവീന്ദ്രനാഥ ടാഗോറും വള്ളത്തോളും നൽകിയ സേനവങ്ങളെ പ്രധാനമന്ത്രി പ്രകീർത്തിച്ചു. കഥകളി, മോഹിനിയാട്ടം, തുള്ളൽ തുടങ്ങിയ കലാരൂപങ്ങൾക്ക് കലാമണ്ഡലം നൽകുന്ന പ്രോത്സാഹനത്തിലൂടെ ഇവ സാംസ്കാരിക നവോത്ഥാന ശ്രമങ്ങളുടെ നൂറ്റാണ്ടുകളായി പിന്തുടരുന്ന മഹനീയ പാരമ്പര്യത്തെയാണ് സൂചിപ്പിക്കുന്നത്. വിവിധ തത്വചിന്തകളെ ബഹുമാനിക്കാനും മതസഹിഷ്ണുത പുലർത്താനും കഴിയുന്ന പാരമ്പര്യമാണിതിനു കാരണം. പരമ്പരാഗതകാലം തൊട്ടേ ഇവിടെയെത്തുന്ന സഞ്ചാരികൾക്കും കുടിയേറ്റക്കാർക്കും നൽകിയ സ്വീകരണം അതിന്റെ തെളിവാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.




**കേരള കലാമണ്ഡലത്തിൽ ദക്ഷിണേന്ത്യൻ രംഗകലാമ്യൂസിയത്തിന്റെ തറക്കല്ലിടൽ ചടങ്ങിൽ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് പ്രസംഗിക്കുന്നു**

ശക്തിപ്പെടുത്തുംവിധം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ സമ്പന്നമായ കലകളെ സംരക്ഷിച്ച് പ്രോത്സാഹിപ്പിക്കുന്ന കേന്ദ്രമായി കലാമണ്ഡലത്തിലെ രംഗകലാമ്യൂസിയം മാറുമെന്ന് അദ്ദേഹം പറഞ്ഞു.

അനുഷ്ഠാന-നാടൻ-ശാസ്ത്രീയ മേഖലകളിലായി വിന്യസിച്ചിരിക്കുന്ന ദക്ഷിണേന്ത്യൻ കലാരൂപങ്ങളെയും സംസ്കാരങ്ങളെയും ഫലപ്രദമായി മുന്നോട്ടു നയിക്കാൻ പ്രതീകമാകുകയും അന്തർദേശീയ പ്രശസ്തിയാർജിക്കുകയും ചെയ്തതായി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

യുനസ്കോയുടെ പ്രത്യേക പട്ടികയിൽ കേരളത്തിൽ നിന്നുള്ള കൂടിയാട്ടവും മുടിയേറ്റും ഇടംനേടിയകാര്യം പ്രധാനമന്ത്രി അനുസ്മരിച്ചു. ഇന്ത്യയിലെ ആദ്യത്തെ മുസ്‌ലീം, ക്രൈസ്തവ, ജൂത ദേവാലയങ്ങൾ കേരളത്തിലാണെന്നത് ഈ പ്രദേശം




സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് സ്വാഗതപ്രസംഗത്തിൽ മലയാളത്തിന് ശ്രേഷ്ഠ ഭാഷാപദവി നൽകാൻ പ്രധാനമന്ത്രി ഇടപെടണമെന്ന് അഭ്യർഥിച്ചു. മലയാളം നൂറ്റാണ്ടുകൾ പഴക്കമുള്ള ഭാഷയാണെന്നും മന്ത്രി ഓർമിപ്പിച്ചു. 'ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാകണമന്തരംഗം. കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ എന്ന മഹാകവി വള്ളത്തോളിന്റെ കവിതയിൽനിന്നുള്ള പ്രസക്തഭാഗം ഉദ്ധരിച്ചുകൊണ്ടാണ് മന്ത്രി സ്വാഗതപ്രസംഗം തുടങ്ങിയത്.

ഗവർണർ ഡോ. എച്ച്.ആർ. ഭരദ്വാജ് അധ്യക്ഷത വഹിച്ചു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മുഖ്യപ്രഭാഷണം നടത്തി. കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ, മാനവ വിഭവശേഷി സഹമന്ത്രി ഇ. അഹമ്മദ്, പി.സി. ചാക്കോ എം.പി., പി.കെ. ബിജു എം.പി., കെ. രാധാകൃഷ്ണൻ എം.എൽ.എ. എന്നിവർ സംബന്ധിച്ചു. കലാമണ്ഡലം വൈസ് ചാൻസിലർ ഡോ. പി.എൻ. സുരേഷ് നന്ദി പറഞ്ഞു. കലാമണ്ഡലം കൽപ്പിത സർവകലാശാല സിൻഡിക്കേറ്റ് അംഗം പന്തളം സുധാകരൻ പ്രധാനമന്ത്രിക്ക് കൃഷ്ണമുടി സമ്മാനിച്ചു.

***എം.എസ്. അലിക്കുഞ്ഞ്***
*ഇൻഫർമേഷൻ ഓഫീസർ, തൃശൂർ*

# പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി നടപ്പാക്കും: കെ.സി. ജോസഫ്




***മലപ്പുറം ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഉദ്ഘാടനം മന്ത്രി കെ.സി. ജോസഫ് നിർവഹിക്കുന്നു***

പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമെന്ന് സാംസ്കാരിക-ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. 2012 ലെ ബജറ്റിൽ ക്ഷേമനിധി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. സിവിൽ സ്റ്റേഷൻ ബി 3 ബ്ലോക്കിലേക്ക് പ്രവർത്തനം മാറിയ മലപ്പുറം ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കാനും ജനപ്രതികരണം സർക്കാരിലെത്തിക്കാനും വകുപ്പിനു കഴിയും. പുതിയ ഓഫീസിന്റെ അന്തരീക്ഷം ഇത്തരത്തിലുള്ളത് പ്രവർത്തനത്തിന് സഹായകമാവട്ടെയെന്ന് അദ്ദേഹം പറഞ്ഞു.

നഗരസഭാ ചെയർമൻ കെ.പി. മുഹമ്മദ് മുസ്തഫ അധ്യക്ഷനായി. ജില്ലാ ഇൻഫർമേഷൻ ഓഫീസ് തയാറാക്കിയ *ഉണർവ്* വികസന പുസ്തകം ഐ&പി.ആർ.ഡി ഡയറക്ടർ എ. ഫിറോസ് നഗരസഭാ ചെയർമാന് കൈമാറി പ്രകാശനം നിർവഹിച്ചു. മാധ്യമചലനങ്ങൾക്കനുസരിച്ച് പി.ആർ.ഡിയും മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് പുതിയ ഓഫീസ് സംവിധാനം. സർക്കാരിന്റെ പ്രതിച്ഛായ മികച്ചതാക്കാൻ പി.ആർ.ഡിയുടെ പ്രവർത്തനത്തിനു കഴിയുമെന്നും അതിനായി പ്രവർത്തിക്കണമെന്നും ഡയറക്ടർ പറഞ്ഞു.

വിവിധ കാലഘട്ടങ്ങളിൽ ജില്ലയിൽ ഇൻഫർമേഷൻ ഓഫീസർമാരായി സേവനമനുഷ്ഠിച്ച വി.കെ. മൊയ്തീൻ കോയ, ഇ.പി. ശ്രീനിവാസൻ, കെ.സി. വേണു, പി. അബ്ദുൾ റഷീദ്, പുത്തൂർമഠം ചന്ദ്രൻ എന്നിവരെയും ആദ്യകാല പത്രപ്രവർത്തകരായ മാത്യു കദളിക്കാട്, കെ. അബ്ദുള്ള, പാലൊളി കുഞ്ഞുമുഹമ്മദ്, ആളൂർ പ്രഭാകരൻ, വീക്ഷണം മുഹമ്മദ്, ഷെറീഫ് മണ്ണിശ്ശേരി തുടങ്ങിയവരെയും ചടങ്ങിൽ ആദരിച്ചു. എ.ഡി.എം എൻ.കെ. ആന്റണി, മലപ്പുറം പ്രസ് ക്ലബ് പ്രസിഡന്റ് സി. നാരായണൻ, സെക്രട്ടറി റഷീദ് ആനപ്പുറം, ആർക്കൈവിസ്റ്റ് സി.പി. അബ്ദുൾ മജീദ്, നഗരസഭാ വൈസ് ചെയർപേഴ്സൺ വി.എം. ഗിരിജ തുടങ്ങിയവർ പങ്കെടുത്തു. ഐ&പി.ആർ.ഡി മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പി. വിനോദ് സ്വാഗതവും ജില്ലാ ഇൻഫർമേഷൻ ഓഫീസർ വി.പി. സുലഭ നന്ദിയും പറഞ്ഞു.

## ആയിരങ്ങളെ ആകർഷിച്ച ചരിത്രപ്രദർശനം

ജില്ലാ ഇൻഫർമേഷൻ ഓഫീസ് പുതിയ കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയ ചരിത്രപ്രദർശനം സെപ്റ്റംബർ ആറിന് ജില്ലാ കളക്ടർ എം.സി. മോഹൻദാസ് ഉദ്ഘാടനം ചെയ്തു.

വിജ്ഞാനകുതുകികളെയും വിദ്യാർഥികളെയും ഏറെ ആകർഷിച്ച സമീപകാലഘട്ടത്തിൽ ജില്ലയിൽ നടന്ന ഏറ്റവും വിപുലമായ പ്രദർശനത്തിനാണ് മലപ്പുറം കളക്ടറേറ്റ് വേദിയായത്. 1831 നും 1851 നുമിടയിൽ മലബാർ ജില്ലയിലെ വിവിധ താലൂക്കുകളിലുണ്ടായിരുന്ന മുസ്ലീം പള്ളികളുടെയും മുസ്ലീങ്ങളുടെയും എണ്ണം, ഏറനാട്, വള്ളുവനാട് താലൂക്കുകളിലെ മാപ്പിളമാരെ സംബന്ധിച്ച് ജില്ലാ മജിസ്ട്രേറ്റ് എച്ച്.വി. കൊനോലിയുടെ റിപ്പോർട്ട്, മലബാർ കലാപ ബാധിത പ്രദേശമായ തിരൂരങ്ങാടിയിൽനിന്ന് സൈന്യത്തെ പിൻവലിക്കുന്നത് സംബന്ധിച്ചുള്ള രേഖ, 1873 ലെ കൊളത്തൂർ ലഹള സംബന്ധിച്ച് ജില്ലാ മജിസ്ട്രേറ്റിന്റെ നോട്ടീസ്, മലപ്പുറം നേച്ചർ സംബന്ധിച്ച് സയ്യിദ് അഹമ്മദ്ബിൻ മുഹമ്മദ് ഹൈദ്രോസ് മുത്തുകോയ തങ്ങൾ (മലപ്പുറം ഖാസി) മലബാർ കളക്ടർക്കയച്ച കത്ത്, താനൂരിൽ 1921 ൽ നടന്ന കലാപങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ട് തുടങ്ങിയവയ്ക്കൊപ്പം ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ പിടികൂടാൻ സഹായിക്കുന്നവർക്ക് ആയിരം രൂപ പാരിതോഷികം വാഗ്ദാനം ചെയ്യുന്ന വിജ്ഞാപനവും ചരിത്ര വിദ്യാർഥികൾക്ക് വിസ്മയം പകർന്നു.

രാവിലെ മുതൽ തന്നെ ജില്ലയിലെ നൂറു കണക്കിന് സ്കൂൾ-കോളേജ് വിദ്യാർഥികളും അധ്യാപകരും പ്രദർശനം കാണാനെത്തിയിരുന്നു. ചരിത്രരേഖകൾ കാണാൻ ഉദ്യോഗസ്ഥരും ക്യൂവിൽ അണിനിരന്നു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി 14 ജില്ലകളിലും നടത്തിയ ജനസമ്പർക്കപരിപാടിയുടെ ഫോട്ടോ പ്രദർശനവും ജില്ലയിലെ പ്രധാന വികസന ദൃശ്യങ്ങളും പ്രദർശനത്തിന്റെ ഭാഗമായി. സ്വതന്ത്രഭാരതത്തിന്റെ തുടക്കം മുതൽ പുറത്തിറക്കിയ തപാൽ സ്റ്റാമ്പുകളുടെയും അത്യപൂർവമായ നാണയങ്ങളുടെയും പ്രദർശനവും ഇതോടൊപ്പം സജ്ജമാക്കിയിരുന്നു.

## ജില്ലാ ഇൻഫർമേഷൻ ഓഫീസ് സിവിൽസ്റ്റേഷനിൽ പ്രവർത്തനമാരംഭിച്ചു

ഒരു വകുപ്പിന്റെ ജില്ലാതല ഓഫീസ് പുതിയ കെട്ടിടത്തിലേക്കു മാറുന്ന ചടങ്ങെന്നതിലുപരി മുതിർന്ന മാധ്യമ പ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും പുതുതലമുറയിലുള്ളവരുടെയും മറ്റു വകുപ്പിലെ ഉദ്യോഗസ്ഥരുടെയും സംഗമവേദികൂടിയായിരുന്നു ചടങ്ങ്. ജില്ലയിൽ മുൻകാലങ്ങളിൽ ജോലി ചെയ്തിരുന്ന ഡ്രൈവർമാർ, ടൈപ്പിസ്റ്റ്-ക്ലാർക്കുമാർ, മറ്റു ജീവനക്കാർ, തൊട്ടടുത്ത ജില്ലകളിലെ പി.ആർ.ഡി ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തത് ചടങ്ങ് ഹൃദ്യമാക്കി.

കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറേറ്റ് പുരാരേഖാ വകുപ്പിന്റെ സഹകരണത്തോടെ രണ്ടു ദിവസം മുമ്പുതന്നെ ഒരുക്കിയ പ്രദർശനം പരിപാടിക്ക് വൻ പ്രചാരണം നൽകി. പി.ആർ.ഡിയുടെ പുസ്തക

വിൽപ്പന സ്റ്റാളിൽനിന്ന് 3000 ൽ അധികം രൂപയുടെ പുസ്തകങ്ങൾ വിൽപ്പന നടത്തി. പുരാരേഖാ വകുപ്പിന്റെ സ്റ്റാളിൽ നിന്നും 7000 രൂപയിലധികം പുസ്തകങ്ങൾ വിൽക്കാനായി.

മലപ്പുറം സിവിൽ സ്റ്റേഷനിലെ ബിദ ബ്ലോക്കിലെ താഴത്തെ നിലയിൽ 2000 ചതുരശ്ര അടി വിസ്തൃതിയിലുള്ള സ്ഥലത്താണ് ഓഫീസ് പ്രവർത്തനം തുടങ്ങിയത്. പൊതുമരാമത്ത് കെട്ടിടവിഭാഗമാണ് ഫാബ്രിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയത്. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) നൽകിയ ഫർണീച്ചറിന് വകുപ്പിൽനിന്ന് 7,11,935 രൂപ അനുവദിച്ചിരുന്നു.

ആധുനിക രീതിയിലാണ് ഇൻഫർമേഷൻ സെന്ററിൽ റിസപ്ഷൻ കൗണ്ടർ സജ്ജീകരിച്ചിട്ടുള്ളത്. സർക്കാർ പ്രസിദ്ധീകരണങ്ങൾ പ്രദർശിപ്പിക്കുന്നതിന് പ്രത്യേകം ഡിസൈൻ ചെയ്ത ഡിസ്പ്ലെ റാക്ക്, വകുപ്പിന്റെ മാസികകളും വില്പനയ്ക്കുള്ള പുസ്തകങ്ങളും പ്രദർശിപ്പിക്കുന്നതിനുള്ള നോട്ടീസ് ബോർഡ്, സൗജന്യ പുസ്തകങ്ങൾ/ബ്രോഷറുകൾ എന്നിവ വെക്കുന്നതിനുള്ള സംവിധാനവുമൊരുക്കിയിട്ടുണ്ട്. സെന്ററിൽത്തന്നെ ലൈബ്രറി-റഫറൻസ് വിഭാഗവും സജ്ജമാക്കിയിട്ടുണ്ട്. ഇൻഫർമേഷൻ ഓഫീസർ, അസി. എഡിറ്റർ, അസി. ഇൻഫർമേഷൻ ഓഫീസർ എന്നിവർക്ക് പ്രത്യേക കാബിനുകളുണ്ട്. മിനിസ്റ്റീരിയൽ ഓഫീസ് പ്രത്യേക കാബിനിലാണ്. ഇവിടെതന്നെ മീഡിയ സ്പെയ്സ് - മാധ്യമ പ്രവർത്തകരുടെ അക്രഡിറ്റേഷൻ, പെൻഷൻ സംബന്ധിച്ച വിവരങ്ങൾ പ്രദർശിപ്പിക്കാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. ഫിലിം ഓപ്പറേറ്റർ, ഡ്രൈവർ, പി.ടി.എസ്. എന്നിവർക്കും ഇരിപ്പിട സൗകര്യങ്ങളുണ്ട്. പഴയ റെക്കോർഡുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യവും ഡൈനിങ്-റസ്റ്റ് റൂം, ടോയ്‌ലറ്റ് സൗകര്യങ്ങളുമുണ്ട്.




**പുരാരേഖ വകുപ്പിന്റെ ചിത്രപ്രദർശനം ജില്ലാ കലക്ടർ എം. സി. മോഹൻദാസ് നോക്കിക്കാണുന്നു**

***വി.പി. സുലഭ***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം*

# കാലം തുടിക്കുന്ന ക്യാമറ കാഴ്ചകൾ

ക്യാമറകളിൽ പതിയുന്നത് ചലനമറ്റ കാഴ്ചകളല്ല; സ്പന്ദിക്കുന്ന ജീവിതം തന്നെയാണ്. നാം കണ്ടിട്ടും കാണാതെ പോകുന്ന ജീവിത ചിത്രങ്ങൾ. അതിൽ കാലം തുടിച്ചുനിൽക്കുന്നു. ജീവിതത്തിന്റെ ദൈന്യവും വേദനയും ഏത് ദുരിതത്തോടും പൊരുതി നിൽക്കുന്ന മനുഷ്യന്റെ അടങ്ങാത്ത ജീവിതാസക്തിയും പ്രതീക്ഷയുമെല്ലാം ഒരു ഫ്രെയിമിൽ ഒപ്പിയെടുക്കുന്ന ഫോട്ടോഗ്രാഫിയുടെ മാന്ത്രികത. കണ്ണൂരിൽ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പും കണ്ണൂർ ഫോട്ടോ ജേർണലിസ്റ്റ് ഫോറവും ചേർന്ന് സാക്ഷ്യം 2012 എന്ന പേരിൽ ഒരുക്കിയ മൂന്നു ദിവസത്തെ ഫോട്ടോപ്രദർശനം കാഴ്ചയുടെ പുതിയ വർത്തമാനമായി.

നിത്യജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾ മുതൽ കണ്ണീരുണങ്ങാത്ത കണ്ണൂരിന്റെ കരളലിയിപ്പിക്കുന്ന കാഴ്ചകൾ വരെ. വെള്ളം ചുരത്താതെ ചിലന്തിവല മൂടിയ കുടിവെള്ള പൈപ്പുകൾ മൂകസാക്ഷിയായിരിക്കെ വറ്റിവരണ്ട തോടിനു മുകളിലൂടെ വെള്ളം ചുമന്ന് പോകുന്ന സ്ത്രീ. സാധാരണ മനുഷ്യന്റെ ജീവിതം പോലെ ഒരിടത്തും കൂട്ടിമുട്ടാതെ നീണ്ടുനിവർന്നുകിടക്കുന്ന നെടുംപാളത്തിലൂടെ വെള്ളം തേടിയുള്ള കുട്ടികളുടെ പ്രയാണം. ദുരമൂത്ത മനുഷ്യരുടെ യന്ത്രക്കൈകൾ ഇടിച്ചുനിരത്തുന്ന കുന്നുകൾ. തെരുവ് ബാല്യങ്ങളുടെ തീരാവേദനകൾ. രാഷ്ട്രീയ വൈരത്തിന്റെ കത്തിമുനകൾ അനാഥമാക്കിയ ഇവരുടെ നിലക്കാത്ത വിലാപം. അതിനിടയിൽ ഇനിയും മരിക്കാത്ത പ്രതീക്ഷയായി പ്രകൃതിയുടെ ചില വിസ്മയ കാഴ്ചകളും.

വിവിധ പത്രങ്ങളിലെ ഫോട്ടോഗ്രാഫർമാരുടെ തിരഞ്ഞെടുത്ത ഫോട്ടോകളാണ് പ്രദർശിപ്പിച്ചത്. സെപ്റ്റംബർ ഏഴിന് കണ്ണൂർ നഗരസഭാ ചെയർപേഴ്സൺ എം.സി. ശ്രീജയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കലക്ടർ ഡോ. രത്തൻ കേൽക്കറാണ് ഉദ്ഘാടനം നിർവഹിച്ചത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ.എ. സരള, ജെയിംസ് മാത്യു എം.എൽ.എ, പ്രസ് ക്ലബ് പ്രസിഡന്റ് കെ.എൻ. ബാബു, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.വി. സുഗതൻ, പി.പി. ശശീന്ദ്രൻ, സി. സുനിൽകുമാർ എന്നിവർ സംസാരിച്ചു. പബ്ലിക് റിലേഷൻസ് വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പി.പി. ചന്ദ്രൻ സ്വാഗതവും കെ. മോഹനൻ നന്ദിയും പറഞ്ഞു. കൃഷിവകുപ്പുമന്ത്രി കെ.പി. മോഹനൻ, വിവിധ രാഷ്ട്രീയ-സാംസ്കാരിക നേതാക്കൾ, ഐ.ജി.ബി. സന്ധ്യ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പ്രദർശനം കാണാനെത്തിയിരുന്നു.



**കണ്ണൂരിൽ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പും കണ്ണൂർ ഫോട്ടോ ജേർണലിസ്റ്റ് ഫോറവും ചേർന്ന് ഒരുക്കിയ ഫോട്ടോപ്രദർശനത്തിൽ മന്ത്രി കെ.പി. മോഹനൻ**

പ്രദർശനവേദിയിൽ സിനിമാ പ്രദർശനം, സംവാദം തുടങ്ങിയവയും നടന്നു.

***ഇ.കെ. പത്മനാഭൻ,***
*അസി. ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ*

■ ഉണ്ണികൃഷ്ണൻ ഉളിയക്കോവിൽ

യാത്രാവിവരണം
7

# ദേവഭൂമി ഉത്തരാഞ്ചൽ

## ബൈജൂനാഥ് - ബൈദ്യനാഥ് ക്ഷേത്രങ്ങൾ

കൗസാനിയിലേക്കുള്ള യാത്രാമധ്യേയാണ് ബൈജൂനാഥ്. കൗസാനിക്ക് 10 കിലോമീറ്റർ താഴെയാണ് ഈ ചെറുപട്ടണം. ബാഗേശ്വർ ജില്ലയിലെ ബൈജുനാഥ്, ബൈദ്യനാഥ് ക്ഷേത്രങ്ങൾ ഞങ്ങൾ സന്ദർശിച്ചു. ഒമ്പതാം നൂറ്റാണ്ടിൽ കത്തൂരി രാജാക്കന്മാർ പണിതീർത്തതാണ് ബൈജുനാഥ് ക്ഷേത്രം. ക്ഷേത്ര നിർമാണത്തിന് സിമന്റും കുമ്മായവും ഉപയോഗിച്ചിട്ടില്ല. ഇരുമ്പുകൊളുത്തുപയോഗിച്ച് കൽച്ചീളുകൾ പരസ്പരം കോർത്തുകെട്ടിയാണ് ചെറിയ ഗോപുരങ്ങളുടെ ആകൃതിയിലുള്ള ക്ഷേത്രങ്ങൾ നിർമിച്ചിട്ടുള്ളത്. ചെറുതും വലുതുമായ അനേകം ക്ഷേത്രങ്ങൾ ഈ സമുച്ചയത്തിലുണ്ട്. ക്ഷേത്രങ്ങൾക്കുള്ളിലെ വിഗ്രഹങ്ങളൊക്കെ എന്നോ കൊള്ളയടിക്കപ്പെട്ടു. ബൈദ്യനാഥ് ക്ഷേത്രം നിർമിച്ചത് 12 ാം നൂറ്റാണ്ടിലാണ്. പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള ഈ ക്ഷേത്രങ്ങളിൽ ഫോട്ടോഗ്രഫി നിരോധിച്ചിട്ടുണ്ട്.


ക്ഷേത്രത്തോടു ചേർന്നുള്ള നദിയിൽ പത്തും ഇരുപതും കിലോഗ്രാം വരെ വലിപ്പമുള്ള മത്സ്യങ്ങളെ കണ്ടു. ഇവയെ ആരും പിടിക്കാറില്ല. മത്സ്യങ്ങൾക്ക് തീറ്റകൊടുക്കുന്നത് ഇവിടെ ഒരു വഴിപാടാണ്.

ബൈജുനാഥ് ക്ഷേത്രപരിസരത്ത് വലിയ മുട്ടയുടെ ആകൃതിയിൽ ഒരു കല്ലുകിടപ്പുണ്ട്. രണ്ടുമൂന്നുപേർ ശ്രമിച്ചാൽ ഈ കല്ലുയർത്താനാവില്ല. എന്നാൽ ഒമ്പതുപേർ ചുറ്റിലുംനിന്ന് അവരുടെ ചൂണ്ടുവിരൽ കൊണ്ടുമാത്രം താങ്ങി നൗ നൗ എന്നുരുവിട്ടാൽ നാലരയടി ഉയരത്തിൽ ആ കല്ലുയർത്തുന്നത് അതിശയമുള്ള ഒരു കാഴ്ചയാണ്.

## കൗസാനി

ഹിമാലയ മലനിരകളിൽ ഉദയാസ്തമയങ്ങൾ കാണുന്നതിന് പ്രസിദ്ധമായ സ്ഥലമാണ് ബാഗേശ്വർ ജില്ലയിലെ മനോഹരമായ ഈ ഹിൽ സ്റ്റേഷൻ. സൂര്യാസ്തമയത്തിനുമുമ്പ് കൗസാനിയിലെത്തിയെങ്കിലും മൂടൽമഞ്ഞുകാരണം നിരാശരാകേണ്ടിവന്നു. എങ്കിലും അസ്തമയ സൂര്യന്റെ കിരണങ്ങൾതട്ടി മഞ്ഞുമലകൾ സ്വർണാഭമാകുന്ന ഏറ്റവും മനോഹരമായ കൗസാനി ദൃശ്യം ഞങ്ങൾ കണ്ടു.

മഹാത്മാഗാന്ധിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഹിമാലയ ഭൂഭാഗമാണ് കൗസാനി. ഗാന്ധിജി സ്ഥാപിച്ച കൗസാനിയിലെ ആശ്രമം-അനാസക്തി ആശ്രമം- പ്രകൃതിരമണീയമായ പശ്ചാത്തലത്തിൽ സ്ഥിതിചെയ്യുന്നു. മഹാത്മാഗാന്ധി 1929 ൽ ഏതാനും ദിവസങ്ങൾ ഈ ആശ്രമത്തിൽ താമസിച്ചിട്ടുണ്ട്. എല്ലാ ഭോഗാസക്തികളോടും





വിട എന്നതാണ് അനാസക്തി ആശ്രമത്തിന്റെ സന്ദേശം. പൈൻമരങ്ങൾ ഏറെയുള്ള ആശ്രമവളപ്പിൽ ഓറഞ്ചും ആപ്പിളും വിളഞ്ഞുകിടക്കുന്നത് ആരെയും ആകർഷിക്കും. ഈ ആശ്രമത്തിലെ ഗാന്ധിവിചാർ സ്വാദ്ധ്യായ കേന്ദ്രം, പ്രാർഥനാ ഹാൾ, ഗാന്ധിചിത്ര മ്യൂസിയം എന്നിവ പ്രസിദ്ധമാണ്. ചിത്ര മ്യൂസിയത്തിൽ ഗാന്ധിജിയുടെ കുട്ടിക്കാലം മുതൽ പകർത്തിയ ജീവിത മുഹൂർത്തങ്ങൾ ദർശിക്കാം. ആയുർവേദ ഔഷധങ്ങളും ഗാന്ധി സാഹിത്യവും ആശ്രമത്തിൽ വാങ്ങാൻകഴിയും.

മഹാകവി രവീന്ദ്രനാഥ ടാഗോറിന് ഗീതാഞ്ജലി രചിക്കാൻ പ്രചോദനമുണ്ടായത് അനാസക്തി ആശ്രമത്തിൽവച്ചാണെന്ന് പറയപ്പെടുന്നു.

ആശ്രമമുറ്റത്തുനിന്ന് ചുറ്റും നോക്കിയാൽ ചൗക്കമ്പ (7140 മീറ്റർ ഉയരം), നീൽകണ്ഠ് (6597 മീറ്റർ), നന്ദാഗുണ്ടി (6314 മീറ്റർ), ത്രിശൂൽ (7122 മീറ്റർ), മൃഗതുനി (6857 മീറ്റർ), നന്ദാദേവി (7818 മീറ്റർ), നന്ദാകോട്ട് (6863 മീറ്റർ), പഞ്ച്പുലി (6905 മീറ്റർ) എന്നീ മഞ്ഞുമൂടിയ പർവത ശൃംഗങ്ങൾ അനിർവചനീയമായ അനുഭൂതി പകരുന്ന കാഴ്ചയാണ്.

കൗസാനിയിലെ കാഴ്ചകൾ ചുറ്റിക്കണ്ട് രാത്രി ഹോട്ടലിലെത്തിയപ്പോൾ എട്ടുമണികഴിഞ്ഞിരുന്നു. കൗസാനിയിൽനിന്നും ഹിമാലയത്തിന്റെ താഴ്‌വരയിലേക്കുള്ള മടക്കയാത്രയാണ് വരും ദിവസങ്ങളിൽ. അതിനാൽ ഒരു ക്യാമ്പ്ഫയർ സംഘടിപ്പിക്കാൻ ഞങ്ങൾ നിശ്ചയിച്ചു. രാംദാസ് ഇതിനുവേണ്ട ഏർപ്പാടുകൾ ചെയ്തു. ഹോട്ടൽ ജീവനക്കാരും ചെണ്ടപോലുള്ള ഒരു വാദ്യോപകരണവുമായെത്തി ഗഢ്‌വാളി ഗാനങ്ങളാലപിച്ച് സന്തോഷത്തോടെ ഞങ്ങളോടൊപ്പം ചേർന്നു. ഗഢ്‌വാളി ഗാനങ്ങളും പഴയ ഹിന്ദി-മലയാളം സിനിമാപ്പാട്ടുകളും തമാശകളുമൊക്കെയായി പാതിരാവുവരെ ക്യാമ്പ്ഫയർ നീണ്ടു.

പത്താം ദിവസത്തെ പ്രഭാതം. അതിരാവിലെ ഉണർന്ന് ഹോട്ടൽ കെട്ടിടത്തിന്റെ ടെറസിൽകയറി. ആറേമുക്കാലിനാണ് സൂര്യോദയം. അന്തരീക്ഷത്തിന് കൊടും തണുപ്പ്. സംസാരിച്ചപ്പോൾ വായിൽനിന്നും പുകപോലെ മഞ്ഞിന്റെ അലകൾ പറക്കുന്നുണ്ടായിരുന്നു. നാലുചുറ്റും തൂമഞ്ഞിൽ കുളിച്ചുനിൽക്കുന്ന മലനിരകൾ മാത്രം. മൂടൽമഞ്ഞുകാരണം ഭാഗീകമായേ സൂര്യോദയം കാണാൻ ഞങ്ങൾക്കു കഴിഞ്ഞുള്ളു.

രാവിലെ ഒമ്പതിന് കൗസാനിയിൽനിന്നും യാത്രതിരിച്ചു. അടുത്ത ലക്ഷ്യം നൈനിത്താൾ.

കൗസാനിയിൽനിന്ന് 62 കിലോമീറ്റർ സഞ്ചരിച്ചാൽ റാണിഖേത്ത് എന്ന ഹിൽസ്റ്റേഷനായി. അനുപമമായ ഹിമാലയൻ കാഴ്ചകളുടെ കേന്ദ്രമാണ് റാണിഖേത്ത്. ഇന്ത്യൻ ആർമിയുടെ പരിശീലന കേന്ദ്രം, യുദ്ധസ്മാരകം, ഗോൾഫ് കോഴ്സ് തുടങ്ങിയവ റാണിഖേത്തിലെ ആകർഷണങ്ങളാണ്. പുരാതനമായ ചില ക്ഷേത്രങ്ങളും പട്ടാളക്കാരുടെ താമസസ്ഥലങ്ങളും റാണിഖേത്തിലുണ്ട്. റാണിഖേത്തിലെ യുദ്ധസ്മാരകത്തിൽ കാർഗിൽ യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

നൈനിത്താളിലേക്കുള്ള വഴിയിൽ ഞങ്ങൾ ഹൈഡാഖൻ വാലാ ബാബയുടെ ആശ്രമം സന്ദർശിച്ചു. നിഴലും വെളിച്ചവും ഇഴചേർന്ന് ചിത്രം വരയ്ക്കുന്ന പൈൻമരക്കാടുകൾ നിറഞ്ഞ ഹൈഡാഖാൻ എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന പൂർണമായും മാർബിളിൽ തീർത്ത ക്ഷേത്രം വളരെ മനോഹരമാണ്. ക്ഷേത്രത്തിനുമുകളിൽ നിൽക്കുമ്പോൾ കാണാൻ കഴിഞ്ഞ മഞ്ഞണിഞ്ഞ ഹിമവത് ശൃംഗങ്ങളുടെ മനോഹര ദൃശ്യം ഒരിക്കലും മറക്കാനാവില്ല. പരമഹംസ യോഗാനന്ദ തന്റെ 'ഓട്ടോ ബയോഗ്രഫി ഓഫ് എ യോഗി' എന്ന ആത്മകഥയിൽ ഹൈഡാഖൻ ബാബയെ ശ്രീപരമശിവന്റെ അവതാരമെന്ന് വിശേഷിപ്പിക്കുന്നുണ്ട്.

ആശ്രമത്തിന്റെ മേൽനോട്ടത്തിൽ റാണിഖേത്തിൽ ആധുനിക സൗകര്യങ്ങളുള്ള ആശുപത്രിയിൽ സൗജന്യ ചികിത്സ നൽകുന്നുണ്ട്. നിരവധി വിദേശ രാജ്യങ്ങളിൽ ആശ്രമത്തിന് ശാഖകളുണ്ട്.

## ഒരു ഉത്തരാഞ്ചൽ വിവാഹം

റാണിഖേത്തിൽനിന്നും ഒരു മണിക്കൂർ യാത്രചെയ്ത് കാഞ്ചിധാം എന്ന സ്ഥലത്തെത്തിയപ്പോൾ ഒരു വിവാഹപ്പാർട്ടിയുടെ വാഹനവ്യൂഹം ഞങ്ങളുടെ ബസ്സിനു മുന്നിൽ വഴിമുടക്കിനിന്നു. ബാന്റുമേളങ്ങളുടെ അകമ്പടിയോടെ വാഹനങ്ങളിൽനിന്നും പരമ്പരാഗത വർണവസ്ത്രങ്ങൾ ധരിച്ച സ്ത്രീകളും പുരുഷന്മാരും ഇറങ്ങുന്നതുകണ്ടു. ഞങ്ങൾ ബസിൽനിന്നിറങ്ങി അങ്ങോട്ടു നടന്നു. ഉത്തരാഞ്ചലിലെ ഒരു വിവാഹച്ചടങ്ങിൽ പങ്കെടുക്കാൻ ലഭിച്ച അവസരം ഞങ്ങൾ പാഴാക്കിയില്ല.

റോഡിൽനിന്നും അല്പം ഉയരത്തിലാണ് വധൂ ഗൃഹം. വരന്റെ ആൾക്കാർക്കൊപ്പം ഞങ്ങളും ചേർന്നു. അലങ്കരിച്ച ഒരു ചെറിയ കോൺക്രീറ്റ് വീട്. ഷാമിയാനകൊണ്ട് തണൽ വിരിച്ചിട്ടുണ്ട്. പരിസരം മുഴുവൻ വർണ ബൾബുകൾ പ്രകാശിക്കുന്നു. ഞങ്ങൾ വധുവിന്റെ ബന്ധുക്കളെ പരിചയപ്പെട്ടു. ഭാരതത്തിന്റെ തെക്കേ അറ്റത്തുള്ള കേരളത്തിൽനിന്നും വരികയാണെന്നു പറഞ്ഞപ്പോൾ അവർക്ക് അത്ഭുതം. അതിരറ്റ സന്തോഷം.

തിവാരി സമുദായത്തിൽപ്പെട്ടവരാണ് വധൂവരന്മാർ. വരൻ - ശൈലേന്ദ്ര, വധു- ആൽക്ക. പന്തൽ നിറയെ ആളുകൾ. സ്ത്രീകളാണ് കൂടുതൽ. നിറച്ചാർത്താർന്ന തൊങ്ങലുകളുള്ള പട്ടുവസ്ത്രങ്ങളും കഴുത്തിലും കാതിലും മൂക്കിലുമൊക്കെ പകിട്ടുള്ള ആഭരണങ്ങളുമണിഞ്ഞ അതീവ സുന്ദരികളായ സ്ത്രീകൾ. അന്തരീക്ഷത്തിന് മുല്ലപ്പൂവിന്റെ സുഗന്ധം. കല്യാണ മണ്ഡപത്തിൽ വധുവും വരനും നിന്നുകൊണ്ടാണ് ചടങ്ങുകൾ നടത്തിയത്. സ്വർണാഭരണങ്ങളേക്കാൾ കല്ലും സ്ഫടികവും പ്ലാസ്റ്റിക്കുംകൊണ്ടുള്ള ആഭരണങ്ങളാണ് കൂടുതൽപേരും ധരിച്ചിരുന്നത്. മൂക്കിൽ ദ്വാരമിട്ടു തൂക്കിയിട്ട വലിയ സ്വർണവളയം, ഒരേ ഡിസൈനിലുള്ള സ്വീക്വൻസുകൾ പിടിപ്പിച്ച സാരി, മുടിക്കെട്ടിൽ ചൂടിയ മുല്ലപ്പൂക്കൾ തുടങ്ങിയവ വരന്റെ കൂട്ടത്തിലെ സ്ത്രീകളെ വേറിട്ടറിയാൻ സഹായകമായി. വിവാഹച്ചടങ്ങ് കഴിഞ്ഞ് ഞങ്ങൾ മടങ്ങാനൊരുങ്ങിയപ്പോൾ വധുവിന്റെ ബന്ധുക്കൾ ഞങ്ങളെ സദ്യയ്ക്കു ക്ഷണിച്ചു. സ്നേഹപൂർവം നിരസിച്ച് ഞങ്ങൾ യാത്ര തുടർന്നു.

കാഞ്ചിധാമിലെ പ്രസിദ്ധമായ വൈഷ്ണോദേവി ക്ഷേത്രത്തിൽ ദർശനം നടത്തിയശേഷമാണ് ആ ഗ്രാമത്തോട് ഞങ്ങൾ വിടപറഞ്ഞത്. ഞങ്ങളുടെ അടുത്ത ലക്ഷ്യം നൈനിത്താളാണ്. സാഹിത്യകൃതികളിലും സിനിമകളിലും വായിച്ചും കണ്ടും മനസ്സുകുളിർപ്പിച്ച ഹിമാലയത്തിന്റെ മടിത്തട്ടിലെ തടാകങ്ങളുടെ നാട്. വിനോദസഞ്ചാരത്തിന് പേരുകേട്ട സ്ഥലം. ■

■ പി.സി. വിജയൻ

# ചരിത്രത്തിലൂടെ : ഒക്ടോബർ 2012

**1**
- മാവോ സേ തുങ് കമ്മ്യൂണിസ്റ്റ് റിപ്പബ്ലിക് ഓഫ് ചൈന പ്രഖ്യാപനം നടത്തി (1949)
- ആദ്യവൈദ്യുത ദീപനിർമാണം അമേരിക്കയിൽ ആരംഭിച്ചു (1880)
- ആന്ധ്രപ്രദേശ് സംസ്ഥാനം നിലവിൽവന്നു (1953)

**2**



- ഗാന്ധിജയന്തി
- തിരുവനന്തപുരം ആസ്ഥാനമായി പുതിയ റെയിൽവേ ഡിവിഷൻ നിലവിൽവന്നു (1979)
- കരസേനയിൽ ആദ്യ വനിതാ ജവാനായി ബംഗാളിയായ ശാന്തി ടിഗ്ഗ സ്ഥാനമേറ്റു (2011)

**3**
- ഇംഗ്ലീഷ് ഡിസൈനറും കവിയുമായ വില്യം മോറിസ് അന്തരിച്ചു (1834 - 1896)
- കിങ്ഡം ഓഫ് സെർബ്സ്, ക്രോയറ്റ്സ്, സ്ലോവൻസ് എന്നിവ കിങ്ഡം ഓഫ് യുഗോസ്ലാവ്യ എന്ന പേരു സ്വീകരിച്ചു (1929)

**4**
- ലോക മൃഗക്ഷേമ ദിനം. സംസ്ഥാന ഗജദിനം.
- അമേരിക്കൻ ഭൗതികശാസ്ത്രജ്ഞൻ ഇഡ്‌വേർസ്കി പൂഷിൻ ജനിച്ചു (1858 - 1935)



**5**
- മുംബെയിൽനിന്ന് രൂപയും പൈസയും നിർമിക്കാൻ ഇംഗ്ലണ്ട് രാജാവ് ഈസ്റ്റ് ഇന്ത്യാ കമ്പനിയെ ചുമതലപ്പെടുത്തി (1676)
- മീരാ സാഹിബ് ഫാത്തിമാ ബീവി സുപ്രീം കോടതിയിലെ പ്രഥമ വനിതാ ജഡ്ജിയായി (1989)

**6**
- വാർണർ സഹോദരന്മാരുടെ ജാസ്സിങർ ഇംഗ്ലണ്ടിൽ പ്രദർശിപ്പിച്ചു (1927).
- ആപ്പിൾ കംപ്യൂട്ടർ സ്ഥാപനങ്ങളുടെ തുടക്കക്കാരൻ സ്റ്റീവ് ജോബ്സ് അന്തരിച്ചു (1955 - 2011)
- ലോകത്തെ ഏറ്റവും വിലകുറഞ്ഞ ടാബ്‌ലറ്റ് കംപ്യൂട്ടറായ 'ആകാശ്' ഇന്ത്യ പുറത്തിറക്കി (2011).

**7**
- ചണ്ഡിഗഢ് പഞ്ചാബിന്റെ തലസ്ഥാനമായി (1953).
- ചാൾസ് വെഡ്ജ്‌വുഡ് കാർബൺ പേപ്പർ കണ്ടുപിടിച്ചു (1806).

**8**
- ശുക്രനെ ചുറ്റിയും ഓസോൺപാളിയുണ്ടെന്ന് കണ്ടെത്തി (2011). യൂറോപ്യൻ സ്പേസ് ഏജൻസിയാണ് അന്വേഷണത്തിനായി വീനസ് എക്സ്പ്രസ് എന്ന പേടകമയച്ചത്.
- ഇന്ത്യ - അമേരിക്ക ആണവക്കരാർ നിലവിൽവന്നു (2008).

**9**
- പാചക എണ്ണ ഉപയോഗിച്ച് ആദ്യ യാത്രാവിമാനം പറന്നു (2011).
- ആധുനിക മരുന്നുകളുടെ പിതാവ് എന്നറിയപ്പെടുന്ന ചാൾസ് റുഡോൾഫ് വാൽഗ്രീൻ ജന്മദിനം (1873 - 1939)



**10**



- ഗസൽ ഗായകൻ ജഗ്ജിത് സിങ് അന്തരിച്ചു (1941 - 2011)
- ലോക മാനസികാരോഗ്യ ദിനം

**11**
- നെപ്ട്യൂണിലെ ഒരു ദിനം 15 മണിക്കൂറും 57 മിനിട്ടും 59 സെക്കന്റുമാണെന്ന് കണ്ടുപിടിച്ചു (2011).
- ജർമൻ വാന നിരീക്ഷകനും ഭിഷഗ്വരനുമായ വിൽഹം ഒൽബേർസ് ജനിച്ചു (1758 - 1840)

**12**
- ഐക്യരാഷ്ട്ര രക്ഷാസമിതിയിൽ 19 വർഷത്തെ ഇടവേളയ്ക്കുശേഷം ഇന്ത്യയ്ക്ക് താത്കാലിക അംഗത്വം ലഭിച്ചു (2010)
- കാലാവസ്ഥാ നിരീക്ഷണരംഗത്ത് വൻ മാറ്റങ്ങൾക്കു വഴിയൊരുക്കുന്ന ഇന്ത്യ - ഫ്രാൻസ് സംയുക്ത ഉപഗ്രഹം മേഘാട്രോപിക്സ് ഐ.എസ്.ആർ.ഒ. ഭ്രമണപഥത്തിലെത്തിച്ചു (2011)

**13**
- അമേരിക്കൻ പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയായ വൈറ്റ് ഹൗസിന് തറക്കല്ലിട്ടു (1792).


**14**
- 82.5 ഏക്കർ വിസ്തൃതിയിൽ മൂന്നു മേഖലയായി നിലനിൽക്കുന്ന രാഷ്ട്രീയ ദലിത് പ്രേരണസ്ഥൽ ഗ്രീൻ ഗാർഡൻ ഉത്തർപ്രദേശിൽ തുറന്നു (2011)
- മെഹർ ജാതിക്കാരായ രണ്ടു ലക്ഷം അനുയായികളോടൊപ്പം അംബേദ്കർ ബുദ്ധമതം സ്വീകരിച്ചു (1956).
- മുഗൾ ഭരണാധികാരി ബഹദൂർഷാ ഒന്നാമൻ ജനിച്ചു (1643 - 1712).

**15**
- പോപ്പ് ഗ്രിഗോറി XIII ാമൻ കലണ്ടറിൽനിന്ന് 10 ദിവസങ്ങളെ ഒഴിവാക്കി (1582). ഗ്രിഗോറി കലണ്ടർ നിലവിൽവന്നു.
- ലോക അന്ധദിനം

**16**
- ജനന നിയന്ത്രണ പ്രസ്ഥാനസ്ഥാപിക മാർഗരറ്റ് സങർ ന്യൂയോർക്കിലെ ബ്രൂക്ക്‌ലിനിൽ ജനനനിയന്ത്രണ ക്ലിനിക് തുടങ്ങി (1916)

**17**
- ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി താഷ്കെന്റിൽ രൂപീകൃതമായി (1920)
- ജബൽപൂരിൽ വൻ ഭൂകമ്പം (2000). 38 മരണം, 350 പേർക്ക് പരിക്ക്.

**18**
- ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കോർപറേഷൻ ലിമിറ്റഡ് സ്ഥാപിതമായി (1922)
- തോമസ് ആൽവ എഡിസൺ ചരമദിനം (1847 - 1931)



**19**



- കാക്കനാടൻ അന്തരിച്ചു (1935 - 2011)
- ദേശീയ ഹരിത ട്രൈബ്യൂണൽ നിലവിൽവന്നു (2010). പരിസ്ഥിതി സംബന്ധിച്ച തർക്കങ്ങളിൽ തീർപ്പുകല്പിക്കുക ഈ ട്രൈബ്യൂണലാണ്.

**20**
- ലിബിയൻ ഏകാധിപതി മുഅമ്മർ ഗദ്ദാഫി 69 ാം വയസ്സിൽ വിമതരുടെ വെടിയേറ്റു മരിച്ചു (2011).
- മക്‌മോഹൻ രേഖ ലംഘിച്ച് ചൈന ഇന്ത്യയെ ആക്രമിച്ചു (1962)
- ബംഗളൂരു മെട്രോയുടെ ആദ്യലൈൻ മഹാത്മാഗാന്ധി റോഡ് മുതൽ ബയപ്പനഹള്ളിവരെ കമ്മിഷൻ ചെയ്തു (2011).

**21**
- ഡോ. ശ്യാമപ്രസാദ് മുഖർജി ഭാരതീയ ജൻസംഘ് സ്ഥാപിച്ചു (1951)
- സുഭാഷ് ചന്ദ്രബോസ് സ്വതന്ത്ര ഇന്ത്യയ്ക്കായി താത്കാലിക ഗവൺമെന്റ് സിംഗപ്പൂരിൽ സ്ഥാപിച്ചു (1943).
- അമേരിക്കൻ കവിയും നിരൂപകനും ചിന്തകനുമായ സാമുവൽ ടെയ്‌ലർ കോളറിഡ്ജ് ജനിച്ചു (1772 - 1834).

**22**
- സ്റ്റീഫൻ മോർടൺ ബാബ്കോക് ജനിച്ചു (1843 - 1931). പാലിൽ തൈരിന്റെ അനുപാതം കണ്ടെത്തിയത് ബാബ്കോക്കാണ്.
- ലെവ് ഇവോനോവിച്ച് യാഷിൻ ജനിച്ചു (1929 - 1990). സോവിയറ്റ് മുൻ ഫുട്ബോൾ ഗോളിയായി മികച്ച പ്രകടനം കാഴ്ചവച്ചു.

**23**
- അന്താരാഷ്ട്ര മോൾ ദിനം

**24**
- ഇന്ത്യയുടെ ആദ്യ അണ്ടർ ഗ്രൗണ്ട് റെയിൽവേ സിസ്റ്റമായ മെട്രോ റെയിൽ കൊൽക്കത്തയിൽ ആരംഭിച്ചു (1984).
- സാറാ ജോസഫ് ഹാലി ജനിച്ചു (1788 - 1879). ആദ്യമായി റിക്കാർഡ് ചെയ്യപ്പെട്ട ശബ്ദമായ Mary had a little lamp രചിച്ചത് ഹാലിയാണ്.

**25**
- ലോകത്തിലാദ്യമായി റെയിൽവേ ടൈംടേബിൾ പ്രസിദ്ധീകരിച്ചു (1839). പേര്: ബ്രാഡ്ഷോസ് റെയിൽവേ കമ്പാനിയൻ. സ്ഥലം: മാഞ്ചസ്റ്റർ.

**26**
- ഈഗോർ സിക്കോർസ്കി എന്ന റഷ്യൻ വംശജനായ അമേരിക്കൻ എയറോനോട്ടിക്കൽ എൻജിനീയർ ആദ്യമായി ഹെലികോപ്റ്റർ വികസിപ്പിച്ചെടുത്തു (1939).

**27**
- ഐസക് മെറിറ്റ് സിങർ ജന്മദിനം (1811 - 1875). തയ്യൽ മെഷീൻ വികസിപ്പിച്ചത് സിങറാണ്
- ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനി ജതീന്ദ്രനാഥ് ദാസ് ജനിച്ചു (1904 - 1929)

**28**
- പോളിയോ രോഗത്തിനെതിരായ മരുന്നു കണ്ടുപിടിച്ച ജോനാസ് ഇ - സാൽക്ക് ജനിച്ചു (1914 - 1995)
- എലിഫലറ്റ് റെമിങ്ടൺ ജന്മദിനം (1793 - 1861). റെമിങ്ടൺ ആംസ് കമ്പനി സ്ഥാപിച്ചത് ഇദ്ദേഹമാണ്.

**29**
- ജീൻ ഹെന്റി ഡ്യൂനാന്റ് റെഡ് ക്രോസ് സൊസൈറ്റി സ്ഥാപിച്ചു (1863)
- തിരുവനന്തപുരത്ത് ആദ്യമായി വിമാനമെത്തി (1935).
- പെരിയാർ ലീസ് എഗ്രിമെന്റ് എന്നറിയപ്പെടുന്ന മുല്ലപ്പെരിയാർ ജലം തമിഴ്നാടിനു നൽകാനുള്ള കരാർ നിലവിൽവന്നു (1886).

**30**
- ഇന്ത്യയിൽ ആദ്യ ഫോർമുല വൺ കാറോട്ടം നടന്നു (2011).
- ഇന്ത്യയിലെ ആദ്യ 5 - സ്റ്റാർ ഡീലക്സ് ഹോട്ടലായ അശോക ന്യൂഡൽഹിയിൽ തുറന്നു (1956).
- ടി.എം. ജേക്കബ് അന്തരിച്ചു (1950 - 2011).



**31**



- ഇന്ദിരാഗാന്ധി രക്തസാക്ഷി ദിനം (1917 - 1984).
- കാൽനടയാത്രക്കാർക്കായി ലോകത്തിലാദ്യമായി സീബ്രാ ക്രോസിങ് സമ്പ്രദായം ഇംഗ്ലണ്ടിലെ ബെർക്ക്ഷെയറിൽ ആരംഭിച്ചു (1951)



■ സതീഷ് പൂവത്തൂർ

# ബഹിരാകാശത്ത് ഇന്ത്യയുടെ നൂറാമത്തെ വിജയം



**ബ**ഹിരാകാശപര്യവേഷണത്തിൽ ഇന്ത്യ ചരിത്രം സൃഷ്ടിച്ചു. നൂറാമത്തെ ദൗത്യവുമായി സതീഷ് ധവാൻ സ്പേസ് സെന്ററിൽനിന്ന് സെപ്റ്റംബർ ഒമ്പതിന് കുതിച്ചുയർന്ന പി.എസ്.എൽ.വി.സി-21 റോക്കറ്റ് രണ്ടു വിദേശ ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിൽ വജയകരമായി എത്തിച്ചാണ് ഈ അഭിമാനകരമായ നേട്ടം കൈവരിച്ചത്.

ഫ്രാൻസിന്റെ സ്പോട്ട്-6 ഉം ജപ്പാന്റെ പ്രോയിട്ടേഴ്സുമാണ് നൂറാം ദൗത്യത്തിനായി ഇന്ത്യ ഏറ്റെടുത്തത്. രാവിലെ 9.53 ന് കുതിച്ചുയർന്ന റോക്കറ്റ് പതിനെട്ടു മിനിട്ടുകൾകൊണ്ട് ലക്ഷ്യം കണ്ടു. വിക്ഷേപണത്തിനുശേഷം ഉപഗ്രഹങ്ങളിൽനിന്ന് സന്ദേശങ്ങൾ ലഭിക്കുന്നതായി ഐ.എസ്.ആർ.ഒ ചെയർമാൻ കെ. രാധാകൃഷ്ണൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഇന്ത്യയ്ക്ക് ചുരുങ്ങിയ കാലയളവിൽ ബഹിരാകാശ ഗവേഷണത്തിൽ ഇത്രയും വലിയ കുതിപ്പ് സാധ്യമായത് അഭിമാനകരമാണെന്ന് ഈ ചരിത്രമുഹൂർത്തത്തിന് സാക്ഷിയായ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് അഭിപ്രായപ്പെട്ടു.

ഇന്ത്യ ഇതുവരെ സ്വന്തമായി 37 റോക്കറ്റുകളും 62 ഉപഗ്രഹങ്ങളും ബഹിരാകാശ ദൗത്യത്തിനുശേഷം തിരിച്ചുവരുന്ന ഒരു പേടകവും (സ്പേസ് റിക്കവറി മോഡ്യൂൾ) വിക്ഷേപിച്ചു. ഐ.എസ്.ആർ.ഒയുടെ പടക്കുതിര എന്നു വിശേഷിപ്പിക്കുന്ന പി.എസ്.എൽ.വി റോക്കറ്റിന്റെ തുടർച്ചയായ ഇരുപത്തിയൊന്നാമത്തെ വിക്ഷേപണമാണിത്. ചന്ദ്രനിലേക്കും ചൊവ്വയിലേക്കുമുള്ള ഇന്ത്യയുടെ പുതിയ ദൗത്യങ്ങൾക്ക് കരുത്തേകുന്നതാണ് ഈ വിജയം.

# നവംബറിൽ വിശ്വമലയാള മഹോത്സവം

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും പവിത്രതയും അന്തസ്സും പരിരക്ഷിക്കുന്നതിന് അനിവാര്യമായ പല ക്രിയാത്മക നടപടികൾക്കും സംസ്ഥാന സർക്കാർ തുടക്കംകുറിച്ചു. അതിന്റെ ഭാഗമായി ഒക്ടോബർ 30, 31 നവംബർ ഒന്ന് തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന വിശ്വമലയാളമഹോത്സവം വമ്പിച്ച ജനകീയപങ്കാളിത്തത്തോടെ നടത്തുമെന്ന് സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് പറഞ്ഞു.

സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് ചെയർമാനും ഔദ്യോഗിക ഭാഷാ കമ്മിഷൻ ചെയർമാൻ പാലൊളി രവി എം.എൽ.എ കോ-ചെയർമാനും പെരുമ്പടവം ശ്രീധരൻ വർക്കിങ് ചെയർമാനും ശശി തരൂർ എം.പി., എം.എൽ.എ മാരായ കെ. മുരളീധരൻ, വി. ശിവൻകുട്ടി, ചീഫ് സെക്രട്ടറി കെ. ജയകുമാർ, സാംസ്കാരിക വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി സാജൻ പീറ്റർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം.ആർ. തമ്പാൻ, സർവ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. തുമ്പമൺ തോമസ്, സംഗീതനാടക അക്കാദമി ചെയർമാൻ സൂര്യ കൃഷ്ണമൂർത്തി, ഭാരത് ഭവൻ മെമ്പർ സെക്രട്ടറി സതീഷ്ബാബു പയ്യന്നൂർ, കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് ബാലചന്ദ്രൻ വടക്കേടത്ത്, കേരള സാഹിത്യ അക്കാദമി മെമ്പർ ഡോ. ഡി. ബെഞ്ചമിൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ആർ.ഒ. ടി.പി. രാജീവൻ, കേരള സാഹിത്യ അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറി ഡോ. വിളക്കുടി രാജേന്ദ്രൻ, ബുക് മാർക്ക് സെക്രട്ടറി ബാബു കുഴിമറ്റം എന്നിവർ അംഗങ്ങളും ജോൺ സാമുവൽ കൺവീനറുമാണ്.



കാസർഗോഡ് നടന്ന തുളു ഫെസ്റ്റിവൽ മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

■ എസ്.എസ്. താര




# ഓർമയിൽ ഒരു ദിവസം

കൂട്ടുകുടുംബ വ്യവസ്ഥയിൽനിന്ന് അണുകുടുംബത്തിലേക്കുള്ള മാറ്റംമൂലം ഏറ്റവും കൂടുതൽ നഷ്ടപ്പെടുത്തലുകൾക്ക് വിധേയരായവർ സ്ത്രീകളാണ്. ഒരു പെൺകുട്ടിയുടെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും അമ്മയും, മുത്തശ്ശിയും കുഞ്ഞമ്മമാരും അപ്പച്ചിമാരുമടങ്ങുന്ന ഒരു വലിയ വൃന്ദംതന്നെ അവൾക്കു ചുറ്റും എപ്പോഴുമുണ്ടായിരിക്കും. അതിൽനിന്നുള്ള മാറ്റം സ്ത്രീയെ ഏകാന്തതയുടെ തുരുത്തുകളിൽ ഒറ്റപ്പെടുത്തുകയാണ് പലപ്പോഴും ചെയ്യുന്നത്. ഇങ്ങനെയുള്ള അണുകുടുംബത്തിൽനിന്ന് വിവാഹിതയായി അന്യകുടുംബത്തിൽ ചെന്നശേഷം ഭർത്താവും ഭാര്യയും മാത്രമടങ്ങുന്ന ജീവിതമായിരിക്കും മിക്കവർക്കും. ഇത്രയും പറഞ്ഞത് ഇതേ അവസ്ഥയിൽ വിവാഹജീവിതം ആരംഭിച്ച വ്യക്തിയാണ് ഞാനും എന്ന നിലയ്ക്കാണ്.

വിവാഹശേഷം വിരലിലെണ്ണാവുന്ന ദിവസങ്ങൾ മാത്രം ഭർതൃഗൃഹത്തിൽ ചെലവഴിച്ചശേഷം, അദ്ദേഹത്തിന്റെ ജോലിസ്ഥലത്ത് താമസമാക്കിയ എനിക്ക് സ്വാഭാവികമായിത്തന്നെ ഒറ്റയ്ക്ക് ജീവിതാവസ്ഥകളെ തരണം ചെയ്യേണ്ടതായിവന്നു. ഭർത്താവിന്റെ തിരക്കുപിടിച്ച ഔദ്യോഗിക ജീവിതത്തിൽ പലപ്പോഴും എന്നെ കൂടുതലായി പരിപാലിക്കാനോ ശ്രദ്ധിക്കാനോ കഴിഞ്ഞിരുന്നില്ല. ഇത്തരം അവസ്ഥകളെ പഠിത്തത്തിൽ ശ്രദ്ധവച്ചും പുസ്തകങ്ങൾ വായിച്ചും ഒരു പരിധിവരെ ഇല്ലാതാക്കാൻ ശ്രമിച്ചിരുന്നു. ഒരു സ്ത്രീ സ്വന്തം ജീവിതത്തിൽ ഏറ്റവും തിരക്കാവുന്നത് പ്രസവശേഷമാണ്. ആദ്യത്തെ കുഞ്ഞിന്റെ ജനനം എന്നെയും ഉത്തരവാദിത്വബോധമുള്ള തിരക്കുപിടിച്ച വീട്ടമ്മയാക്കിത്തീർത്തു. എന്റെ ഏകാന്തതകളെ അവന്റെ കരച്ചിലും ശാഠ്യങ്ങളും സജീവമാക്കി. ഇനിയാണ് എന്റെ ജീവിതത്തിലെ മറ്റൊരു സംഭവബഹുലമായ ഒരധ്യായം ആരംഭിക്കുന്നത്.

ആകസ്മികമായി ഞാൻ രണ്ടാമതും ഗർഭവതിയായി. കുഞ്ഞിന് ഒരു വയസുപോലും തികയാത്തതും ആദ്യത്തെ സിസേറിയനും പാതിവഴിയിൽ മുടങ്ങിക്കിടന്ന പി.എച്ച്.ഡിയും രണ്ടാമത്തെ കുഞ്ഞ് എന്നിൽ പരിഭ്രാന്തിയുണ്ടാക്കി. ഗർഭമൊരു രോഗവസ്ഥയല്ലായെന്നുള്ളതും സ്വാഭാവികമായിത്തന്നെ അതു സംഭവിക്കുമെന്നുമുള്ള വിശ്വാസം ഡോക്ടർകൂടിയായ ഭർത്താവിന് ആത്മധൈര്യം നൽകി. രണ്ടുപേരും ഒരുമിച്ച് വളർന്ന് ഞാൻ വേഗം ഫ്രീയായി, വീണ്ടും പഠിത്തം തുടരാമെന്നും ജോലിക്കു പോകാമെന്നുമുള്ള കണക്കുകൂട്ടലിൽ രണ്ടാമത്തേതിനും തയാറെടുത്തു. വീട്ടിൽ ഞങ്ങൾ മൂന്നാളും മാത്രമാണ് അപ്പോഴുമുണ്ടായിരുന്നത്.

ആദ്യത്തെ മാസങ്ങളിൽ സാധാരണയിൽകവിഞ്ഞ യാതൊരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. എന്നാൽ നാലും അഞ്ചും മാസങ്ങളായപ്പോഴേക്ക് സാമാന്യം വലിയ വയറും അത്യധികമായ ക്ഷീണവും എന്നിൽ ഭയം നിറച്ചു. മറ്റു ശാരീരിക ബുദ്ധിമുട്ടുകൾ ഒന്നുമില്ലാതിരുന്നതിനാൽ മരുന്നുകൾ കഴിക്കുകയല്ലാതെ സ്കാനിങ് ചെയ്തിരുന്നില്ല. അദ്ദേഹത്തിന്റെ തിരക്കുകൾ വർധിക്കുകയും ഇടയ്ക്കിടെ ദൂരയാത്രകൾ വേണ്ടിവരികയും ചെയ്തു. ഇതിനിടയിൽ സൗകര്യപൂർവം മാറ്റിവച്ചത് സ്കാനിങ്ങായിരുന്നു. കുഞ്ഞിന്റെ കാര്യങ്ങൾ നോക്കലും പാചകവുമൊക്കെയായി ധാരാളം ജോലികൾ ചെയ്യുകയും ചെയ്തു. പതിവില്ലാത്തവിധം വലുതായ വയർ എല്ലാവരിലും ആശങ്കയുളവാക്കി. അപ്പോഴേക്കും ആറുമാസമായിക്കഴിഞ്ഞിരുന്നു.

ഇരട്ടക്കുട്ടികളായിരിക്കുമെന്ന തോന്നൽ അദ്ദേഹത്തിനുണ്ടായി. അങ്ങനെ സ്കാൻ ചെയ്യാൻ തീരുമാനിച്ചു. എന്നാൽ ഓരോ കാരണങ്ങൾ കൊണ്ട് വീണ്ടും അത് മാറിപ്പൊയ്ക്കൊണ്ടിരുന്നു. ആയിടയ്ക്ക് ഭർത്താവിന് ഡൽഹിയിൽ ഒരു യാത്രപോകേണ്ടതായി വന്നു. അന്ന് ഒരുമിച്ച് വീട്ടിൽനിന്നിറങ്ങി എന്നെ ഡോക്ടറെ കാണിച്ച് ഡ്രൈവറുടെ കൂടെ തിരിച്ചയക്കുകയും അദ്ദേഹത്തിന് ഡൽഹിക്ക് പോവുകയും ചെയ്യാമെന്ന് ഞങ്ങൾ തീരുമാനിച്ചു. പോകുന്ന ദിവസം രാവിലെ എല്ലാ ഒരുക്കങ്ങളും നടത്തി മൂത്ത മകനെയും കൂട്ടി ആദ്യം സ്കാനിങ് സെന്ററിലേക്ക് യാത്രയായി. ഞാൻ ആ ഡ്രൈവറെ ആദ്യമായി കാണുകയായിരുന്നു. പ്രത്യേകതകളൊന്നുമില്ലാത്ത സാധാരണ പയ്യൻ. അങ്ങോട്ടുള്ള യാത്രയിൽ അയാൾ ഒന്നും സംസാരിക്കുന്നുണ്ടായിരുന്നില്ല.

11.30 നാണ് ഭർത്താവിന് പുറപ്പെടേണ്ട വണ്ടി. വഴിയിലുള്ള ട്രാഫിക് ബ്ലോക്കുകളിൽനിന്ന് രക്ഷപെട്ട് സ്കാനിങ് സെന്ററിൽ ചെല്ലുമ്പോൾത്തന്നെ പതിനൊന്നാകാറായി. അടുത്ത സുഹൃത്തുകൂടിയായ സ്കാനിങ് സെന്ററിലെ ഡോക്ടറുടെ അടുത്ത് എന്നെ ഏൽപ്പിച്ച് അദ്ദേഹം റെയിൽവേ സ്റ്റേഷനിലേക്ക് പോയി. ആ ഒരു നിമിഷത്തിൽ ഞാനും എന്റെ കുഞ്ഞും ഈ ലോകത്തിൽ കുറച്ചു നിമിഷത്തേക്ക് ഒറ്റയ്ക്കായപോലെ തോന്നി. അവന്റെ നിർത്താതെയുള്ള കരച്ചിലും ശാഠ്യവും എന്നെ കൂടുതൽ ധർമസങ്കടത്തിലാക്കി. എന്നെ സ്കാൻ ചെയ്യുന്ന സമയത്ത് അവിടത്തെ നേഴ്സുമാർ അവനെ എടുത്തുകൊണ്ടു നടക്കുകയും കളിപ്പിക്കുകയും ചെയ്തു.

സ്കാനിങ് മെഷീനുമുന്നിലെ നീളൻ മേശയിൽ കിടന്ന് ഞാൻ പുറത്തെ അവന്റെ കരച്ചിലിന്റെ ആരോഹണാവരോഹണങ്ങളെക്കുറിച്ച് ആകുലതപ്പെട്ടുകൊണ്ടിരുന്നു. എന്റെ ശ്രദ്ധമുഴുവൻ വെളിയിലായിരുന്നു. വയറിനു മുകളിലൂടെ അരിച്ചരിച്ചു നീങ്ങുന്ന ഉപകരണം വയറിനുള്ളിലെ ആളനക്കങ്ങളെ സ്ക്രീനിലെ വെള്ളിവെളിച്ചത്തിൽ കൂടിക്കുഴഞ്ഞ് മിന്നിച്ചുകൊണ്ടിരുന്നു. ഓരോ പ്രാവശ്യവും പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുന്ന വിധത്തിലാണ് ഭ്രൂണ ചലനങ്ങൾ.

അദ്യം അമ്പരപ്പും പിന്നീടത് അത്ഭുതവുമായി പരിണമിച്ചുകൊണ്ടിരുന്നു. ഡോക്ടർ പറഞ്ഞു ഒരാളല്ല രണ്ടുപേരുണ്ട്. രണ്ടു തലകൾ, നാലു കാലുകൾ, നാലു കയ്യുകൾ, കൃത്യമായി വേർതിരിക്കുമ്പോൾ കണക്കു പിന്നെയും തെറ്റുന്നു. കൂടുതൽ അംഗങ്ങൾ മിന്നിമായുന്നു. രണ്ടല്ല മൂന്നു പേരുണ്ടു കേട്ടോ... ഡോക്ടറുടെ സന്തോഷം നിറഞ്ഞ വാക്കുകളിൽ ആശങ്കയും നിറഞ്ഞിരുന്നു. ആരൊക്കെയോ ഓടിവന്ന് സ്ക്രീനിൽ സാകൂതം നോക്കുന്നു, ചിരിക്കുന്നു. എനിക്ക് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല. പുറത്ത് അവന്റെ കരച്ചിൽ കേൾക്കുന്നുണ്ടോയെന്നതായിരുന്നു എന്റെ ശ്രദ്ധ. അവിടെയിരുന്നുതന്നെ ഡോക്ടർ ഭർത്താവിനെ വിളിച്ചു. വണ്ടി പുറപ്പെട്ടു കഴിഞ്ഞിരുന്നു. വണ്ടിയുടെ ഇരമ്പലിനിടയിൽ മൂന്നോ നാലോ പ്രാവശ്യം പറഞ്ഞതിനുശേഷം മാത്രമാണ് ഡോക്ടർക്ക് ഭർത്താവിനെ കാര്യം ധരിപ്പിക്കാൻ കഴിഞ്ഞത്. അദ്ദേഹം എന്നിൽനിന്ന് വളരെ അകലത്തിലേക്ക് പോവുകയായിരുന്നു അപ്പോൾ.

ഡ്രസ് നേരെയാക്കി മേശയിൽനിന്നെഴുന്നേറ്റു മോനെയെടുത്തു. അപ്പോഴും അവൻ നിർത്താതെ കരയുകയായിരുന്നു. സങ്കടം വന്നെന്നെ പൊതിഞ്ഞു. എന്തു ചെയ്യണമെന്നറിയാതെ കുറച്ചുനേരം പകച്ചു നിന്നു. ചുറ്റുപാടുള്ളതൊന്നും ഞാനറിയുന്നുണ്ടായിരുന്നില്ല. ഞാനും എന്റെ കുഞ്ഞും മാത്രം. അവന്റെ കൈ എന്റെ ചെറുവിരലിൽ മുറുകെ പിടിച്ചിരുന്നു. അതെനിക്ക് വല്ലാത്തൊരു ധൈര്യവും സുരക്ഷിതത്വവും നൽകി. പെട്ടെന്ന് ആരോ കുഞ്ഞിനെ എടുക്കാൻ ശ്രമിക്കുന്നു. തിരിഞ്ഞു നോക്കിയപ്പോൾ ആ ഡ്രൈവർ. ചിരിച്ച മുഖം. കുഞ്ഞിനെയെടുത്ത് കളിപ്പിച്ചു. എന്നെ കാറിൽ കൊണ്ടിരുത്തി. ഡോക്ടർ അയാളെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. എന്റെ റിസൽട്ട് കിട്ടുന്നതുവരെ കാത്തുനിന്ന് മേടിച്ചുകൊണ്ടു വന്നു. എന്റെ ആരോ എന്നപോലെ ഓടിനടന്ന് കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഞാൻ കണ്ണടച്ച് പിൻസീറ്റിൽ ചാരിയിരുന്നു. ഒരു കരച്ചിൽ തൊണ്ടയിൽവന്നു കുരുങ്ങി പിടഞ്ഞു. വീട്ടിലേക്കുള്ള യാത്രയിൽ അയാൾ നിർത്താതെ സംസാരിച്ചുകൊണ്ടിരുന്നു. പേടിക്കണ്ടെന്നും ഇതിൽ വലിയ കാര്യമൊന്നുമില്ലെന്നും മറ്റുമൊക്കെ. കൂടാതെ വലിയ ഭാഗ്യമാണ് വരുന്നതെന്നു പറഞ്ഞ് സന്തോഷിപ്പിക്കാനും ശ്രമിച്ചു. ഞാൻ നിർവികാരയായി എല്ലാം കേട്ടു പുഞ്ചിരിച്ചു. കുഞ്ഞ് അയാളെ പുറകിൽനിന്ന് പിടിച്ചുവലിക്കുകയും അവന്റെ ഭാഷയിൽ സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്നു. അയാളുടെ വർത്തമാനങ്ങളും ആശ്വസിപ്പിക്കലും എനിക്ക് താത്കാലികമായ സമാധാനവും ധൈര്യവും നൽകി. സുരക്ഷിതയായി എന്നെ വീട്ടിലെത്തിച്ച് ഫോൺനമ്പരും തന്ന് എപ്പോൾ വിളിച്ചാലും ഓടിവരാമെന്നു പറഞ്ഞാണ് അയാൾ പോയത്.



വീട്ടിലെത്തിയ ഞാൻ ഒരു വലിയ പൊട്ടിക്കരച്ചിലിലൂടെയാണ് ആ ഭയത്തെ മറികടന്നത്. പിന്നീട് അച്ഛൻ, അമ്മ, അമ്മായിഅമ്മ, സുഹൃത്തുക്കൾ തുടങ്ങി ധാരാളം പേർ എന്റെ ഗർഭാവസ്ഥയിൽ കൂടെ നിൽക്കുകയും ധൈര്യം പകരുകയും ചെയ്തു. ആ സ്നേഹവും പരിചരണവുമാണ് ആ കാലയളവിൽ എനിക്ക് കരുത്തായി തീർന്നതെന്ന് പൂർണ ബോധ്യമുണ്ടെങ്കിലും സ്കാനിങ് സെന്ററിനു വെളിയിൽ മൂന്നു കുഞ്ഞുങ്ങൾ വയറ്റിലും ഒരാൾ കയ്യിലുമായി നിസഹായയായി നിന്ന എനിക്ക് ആരുമല്ലാത്ത ഒരാൾ നൽകിയ സ്നേഹവും കരുണയുമാണ് ഏറ്റവും വിലപ്പെട്ടതെന്ന് നന്ദിയോടെ ഓർക്കാറുണ്ട് പലപ്പോഴും. പിറ്റേ ദിവസം ആശുപത്രിയിൽ അഡ്മിറ്റാകാൻ പോയപ്പോൾ കൂടെ വന്നതും ആ ഡ്രൈവറാണ്. പിന്നീടിതുവരെ ഞാനയാളെ കണ്ടിട്ടില്ല. പലരും ഇന്നും എന്നോട് ചോദിക്കാറുണ്ട് ആ ഗർഭകാലത്തെപ്പറ്റി. അപ്പോഴാദ്യം ഓർമവരുന്നത് ആ ചെറുപ്പക്കാരന്റെ മുഖമാണ്. ഇന്ന് ആറരവയസ്സായ മോനും അഞ്ചു വയസ്സായ ത്രിമൂർത്തികളും എന്നെ ഒരു നേരം പോലും ഏകാന്തതയെന്തെന്നറിയിക്കാറില്ല. നമ്മുടെ അടുത്ത് എപ്പോഴും ഉണ്ടാകുമെന്ന് നമ്മൾ കരുതുന്നവരായിരിക്കില്ല ജീവിതത്തിന്റെ ചില സങ്കീർണാവസ്ഥകളിൽ നമുക്ക് താങ്ങായി നിൽക്കാനുണ്ടാവുകയെന്ന ഒരു വലിയ സത്യംകൂടിയാണ് ഈ അനുഭവത്തിൽനിന്ന് ഞാൻ പഠിച്ചത്. ■

## ഭാരതീയ കലാചരിത്രം




നമ്മുടെ ചിത്ര-ശില്പകലകൾ ആഗോള സാന്നിധ്യമായിക്കൊണ്ടിരിക്കുന്ന സമകാലിക കലാചരിത്ര സന്ദർത്തിൽ *ഭാരതീയ കലാചരിത്രം* പുസ്തകത്തിന് വളരെയധികം പ്രസക്തിയുണ്ട്. ഭാരതീയ കലാചരിത്രം രേഖപ്പെടുത്തുകയെന്നത് അത്ര ലളിതമായ കാര്യമല്ല. വൈവിധ്യങ്ങളാൽ സമൃദ്ധമായ നമ്മുടേതുപോലൊരു സാംസ്കാരിക ഭൂമികയിൽ നിന്നുകൊണ്ട് പുരാതന കലാരേഖകൾ മുതൽ ആധുനികകാല കലാപ്രവർത്തനങ്ങൾ രേഖപ്പെടുത്തുവാനുള്ള ശ്രമം തന്നെ അഭിനന്ദനാർഹമാണ്. കലാവിമർശകനായ വിജയകുമാർ മേനോൻ തയാറാക്കിയ ഈ പുസ്തകം സാഹിത്യ അക്കാദമിയാണ് പ്രസിദ്ധീകരിച്ചത്. ഗുഹാകാലം മുതൽ ആധുനികോത്തരത വരെ പ്രതിപാദിക്കുന്ന ഭാരതീയ കലാചരിത്രം മലയാളത്തിലെ സാംസ്കാരിക പഠന ശേഖരത്തിൽ പ്രധാന കണ്ണിയാണ്.

ഭാരതീയ കലാചരിത്രം
വിജയകുമാർ മേനോൻ
പ്രസാധനം : കേരള സാഹിത്യ അക്കാദമി
വില: 400 രൂപ

## ഉറുമ്പു പുരാണം




ഉറുമ്പുകളെ കണ്ടിട്ടില്ലാത്തവർ ആരുമുണ്ടാവില്ല. അവയുമായി ചങ്ങാത്തംകൂടാത്തവർ അല്ലെങ്കിൽ കലഹിക്കാത്തവർ ഒരിക്കലെങ്കിലും ഉറുമ്പിനെ കൊന്നിട്ടില്ലാത്തവർ ആരുമുണ്ടാവില്ല. ഉറുമ്പുകളുടെ ജീവിതത്തെക്കുറിച്ച് നാം എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഈ കുഞ്ഞന്മാരുടെ ചരിത്രമെന്താണ്? ജീവിതമെങ്ങനെയാണ്? *ഉറുമ്പുപുരാണം* ഇതിനൊക്കെ ഉത്തരം നൽകുന്നു. ഡോ. വേണു തോന്നയ്ക്കൽ ഉറുമ്പിനെക്കുറിച്ച് രചിച്ച സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസാദനം ചെയ്ത ഈ പുസ്തകം എല്ലാവർക്കും നവ്യമായ ഒരു വായനാനുഭവം നൽകുന്നു.

കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വിജ്ഞാനപ്രദമായ ഈ പുസ്തകം 26 അധ്യായങ്ങളിലായി ഉറുമ്പുകളുടെ ജന്മം മുതൽ അവയെക്കുറിച്ചുള്ള ചൊല്ലുകൾവരെ പുസ്തകത്തിൽ വിവരിക്കുന്നു. പലതരം ഉറുമ്പുകൾ ഉണ്ടല്ലോ. അവയുടെ ഗോത്രങ്ങളും ഗണങ്ങളും സവിശേഷതകളും ആകൃതി, ഭക്ഷണം, സഞ്ചാര രീതികൾ എന്നിവ ലളിതമായ ഭാഷയിൽ വിവരിക്കുന്നു

ഉറുമ്പു പുരാണം
ഡോ. വേണു തോന്നയ്ക്കൽ
പ്രസാധനം : കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
വില: 100 രൂപ

## ചതുരംഗം




...ഇത്രയും വലിയൊരു പൊസിഷൻ കിട്ടിയാൽ ആരാണ് ഗമയെടുക്കാത്തത്? ഇനിയും ദിവസങ്ങൾ നീണ്ടാൽ ഞാൻ ചിലപ്പോൾ എന്റെ ഭാര്യയെയും കുട്ടികളെയും വരെ തിരിച്ചറിയാൻ കഴിയാത്തവനായേക്കും. തെരുവിലിറങ്ങി നാലുംകൂടും കവലയിലെത്തി എന്റെ വീട്ടിലേക്ക് പോകുന്ന വഴി ചോദിക്കുന്ന പുരോഗതിയിലെത്തുമോ ഞാൻ? ... എം.ആർ.മനോഹരവർമ്മയുടെ *ചതുരംഗം* എന്ന കഥാസമാഹാരത്തിൽ ജീവിതം ഒരു കറുത്ത ഫലിതത്തിന്റെ കൊളാഷ് പ്രദർശനമായി വായനക്കാരന് അനുഭവവേദ്യമാവുന്നു. വ്യത്യസ്തവും അപൂർവവുമായ പശ്ചാത്തലങ്ങളിൽ നിന്ന് കടന്നുവരുന്ന കഥാപാത്രങ്ങൾ, വിചിത്രവും അപ്രതീക്ഷിതവുമായ വഴികളിലൂടെ വായനക്കാരെ നയിക്കുന്നു. ലളിതവും പക്വവുമായ ഭാഷ സമാഹാരത്തിലെ 20 കഥകൾക്കും കൂടുതൽ തിളക്കമേകുന്നു. *ചതുരംഗം, മുയലുകളുടെ ഉദ്യാനം, സാഹസികമായ ചില അന്വേഷണങ്ങൾ, ഓ,ഡൽഹി, രാത്രി വണ്ടി, ഒരു പെൺകുട്ടി മനശാസ്ത്രജ്ഞനെഴുതിയ കത്തുകളും അവയ്ക്കുള്ള മറുപടിയും* തുടങ്ങിയ കഥകൾ സമാഹാരത്തിൽ ഉൾപ്പെടുന്നു.

ചതുരംഗം
എം.ആർ. മനോഹരവർമ്മ
പ്രസാധനം: പൂർണ പബ്ലിക്കേഷൻസ്
വില: 100

## തിരഞ്ഞെടുത്ത കവിതകൾ




ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തെ കരതലാമലകം പോലെ വീക്ഷിക്കുകയും അതിന്റെ പരിപാവനത പൂർണമായി ഉൾക്കൊണ്ട് കാവ്യസപര്യ നടത്തുകയും ചെയ്ത കവിയാണ് പാലാ നാരായണൻ നായർ. നഷ്ടപ്രതാപങ്ങളുടെ പിന്നടയാളങ്ങളെ മിക്ക കവിതകളിലും കവി സംവഹനം ചെയ്യുന്നുണ്ട്. ഗ്രാമീണമായ ലാളിത്യവും ആന്തരിക ശുദ്ധിയും കവിതയുടെ മുഖമുദ്രയായി മാറുന്നു. നാഗരികമായ ആധുനിക ജീവിതത്തിന്, ഒരു കാട്ടുപൊയ്കയിൽ നീന്തുന്ന കുളിർ മയാണ് പാലാ കവിത സമ്മാനിക്കുന്നത്.

തിരഞ്ഞെടുത്ത കവിതകൾ - പാലാ നാരായണൻ നായർ
എരുമേലി പരമേശ്വരൻ പിള്ള
പ്രസാധനം : കേരള സാഹിത്യ അക്കാദമി
വില: 325 രൂപ

■ എസ്. പി.

## വിഴിഞ്ഞം ലൈറ്റ് ഹൗസ് ഇനി പൈതൃക പട്ടികയിലേക്ക്



വർഷങ്ങളായി പായ്ക്കപ്പലുകൾ മുതൽ പത്തേമാരികൾക്കു വരെ വഴികാട്ടിയ വിഴിഞ്ഞം വിളക്കുമാടത്തെ ദേശീയ പൈതൃകസ്വത്തുപട്ടികയിലേക്ക് ഉയർത്തുന്നു.

എമർജിങ് കേരളയുടെ സമാപന ദിനത്തിൽ പോർട്സ് ആൻഡ് ഷിപ്പ് ബിൽഡിങ് സെഷനിൽ പങ്കെടുത്ത് സംസാരിക്കവെ കേന്ദ്രതുറമുഖ മന്ത്രി ജി.കെ. വാസനാണ് വിഴിഞ്ഞം ലൈറ്റ് ഹൗസിനെ രാജ്യാന്തര പ്രാധാന്യമുള്ള ടൂറിസ്റ്റ് കേന്ദ്രമാക്കാൻ പദ്ധതി തയാറാക്കിക്കഴിഞ്ഞതായി അറിയിച്ചത്. വിഴിഞ്ഞം ലൈറ്റ് ഹൗസിനുപുറമെ തമിഴ്നാട്ടിലെ കടലൂർ പോയിന്റ് ലൈറ്റ് ഹൗസും ലോക പൈതൃകമൂല്യമുള്ള ടൂറിസ്റ്റ് കേന്ദ്രത്തിന്റെ പട്ടികയിൽ ഇടംനേടും.

കോവളം ലൈറ്റ് ഹൗസ് എന്നും വിഴിഞ്ഞം ലൈറ്റ് ഹൗസ് എന്നും വിളിക്കുന്ന പ്രകാശഗോപുരം 1960 കളിലാണ് കമ്മിഷൻ ചെയ്തത്. നവീകരിക്കുന്നതോടെ ഹെറിട്ടേജ് മൂല്യമുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഇത് മാറും. 57 മീറ്റർ ഉയരമുള്ള ഈ വിളക്കുമാടത്തിൽനിന്നും പ്രസരിക്കുന്ന പ്രകാശത്തിന് ഇരുപത്തിയെട്ടര കിലോമീറ്റർ അകലെക്കൂടി പോകുന്ന ജലയാനങ്ങൾക്കുവരെ ദിക്കറിയിക്കാനാകും.


## സുനിത വില്യംസ് ബഹിരാകാശ നിലയത്തിന്റെ മേധാവി

ഇന്ത്യൻ വംശജയായ ബഹിരാകാശ സഞ്ചാരി സുനിത വില്യംസ് രാജ്യാന്തര ബഹിരാകാശ നിലയത്തിന്റെ (ഇന്റർനാഷണൽ സ്പേസ് സ്റ്റേഷൻ) ചുമതല ഏറ്റെടുത്തു. ഈ സ്ഥാനമലങ്കരിക്കുന്ന രണ്ടാമത്തെ വനിതയാണ് സുനിത വില്യംസ്. 16 ാമത് ദൗത്യത്തിൽ 2007 ലും 2008 ലും ഈ ചുമതല വഹിച്ച പെഗ്ഗി വിറ്റ്സാണ് ആദ്യ വനിത.

ബഹിരാകാശകേന്ദ്രത്തിൽ 123 ദിവസമായി പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്ന ജോ അകാമ്പ (യു.എസ്.) ജെന്നഡി പഡാൽക, സെർജി റെവിൻ (റഷ്യ) എന്നിവർ സോയൂസ് പേടകത്തിൽ ഭൂമിയിൽ മടങ്ങിയെത്തി. ഇപ്പോൾ റഷ്യയുടെ യുറിമലെ ചെങ്കോ, ജപ്പാന്റെ അകിഹികോ ഹോഷിഡെ എന്നിവരാണ് സുനിത വില്യംസിനൊപ്പമുള്ളത്. ബഹിരാകാശനിലയത്തിൽ കഴിയുന്ന ഇവർ മുപ്പതോളം ശാസ്ത്രപരീക്ഷണങ്ങൾകൂടി പൂർത്തിയാക്കും.

ബഹിരാകാശത്ത് ഏറ്റവും കൂടുതൽ കാലം (195 ദിവസം) ചെലവഴിച്ച വനിതയെന്ന റിക്കോർഡ് സുനിതയുടെ പേരിലാണ്. ബഹിരാകാശ സഞ്ചാരം (ആറെണ്ണം) ബഹിരാകാശനടത്തത്തിൽ കൂടുതൽ സമയം (44 മണിക്കൂർ രണ്ടു മിനിട്ട്) എന്നീ റിക്കോർഡുകളും സുനിത വില്യംസിന്റെ പേരിലാണ്.




## ഇനി കൃത്യതയാർന്ന സൗരദൂരം

ഭൂമിയിൽ നിന്നും സൂര്യനിലേക്കുള്ള സൗരദൂരത്തെ (Astronomical Units) 1,49,59,78,70,700 മീറ്ററായി രാജ്യാന്തര ജ്യോതിശാസ്ത്രജ്ഞർ പുനർനിർണയിച്ചു. ചൈനയിലെ ബെയ്ജിങ്ങിൽ നടന്ന സമ്മേളനത്തിലായിരുന്നു തീരുമാനം. നേച്ചർ മാസികയിലാണ് ഇതുസംബന്ധിച്ച റിപ്പോർട്ട് വന്നത്.

പ്രകാശവേഗമാണ് പുതിയ സൗരദൂരത്തിന് അടിസ്ഥാനമെന്നും ലേസർ, റഡാർ, ബഹിരാകാശവാഹനങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് ഇത് അളക്കാമെന്നും ജ്യോതിശാസ്ത്രജ്ഞർ വ്യക്തമാക്കി. സൗരയൂഥവുമായി ബന്ധപ്പെട്ട കണക്കുകൂട്ടലുകളുടെ കൃത്യതയ്ക്ക് ഇനി പുതിയ ദൂരമായിരിക്കും ഉപയോഗിക്കുക. ഇത് ജ്യോതിശാസ്ത്രമേഖലയിൽ വലിയ മാറ്റത്തിന് കളമൊരുക്കുമെന്ന് ശാസ്ത്രജ്ഞർ പ്രത്യാശിച്ചു.

1672 ൽ കോണീയ വ്യത്യാസമുപയോഗിച്ചും 1976ൽ ജർമൻ ശാസ്ത്രജ്ഞനായ കാൽ ഫ്രെഡറിക് ഗോസിന്റെ പേരിലറിയപ്പെടുന്ന പിണ്ഡത്തെ അടിസ്ഥാനമാക്കിയും സൗരദൂരം കണക്കാക്കിയിരുന്നു.

ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)



# പ്രതിബദ്ധതയോടെ പ്രവാസി ക്ഷേമം

എല്ലാ വിരുദ്ധ സാഹചര്യങ്ങളേയും അതിജീവിക്കുവാൻ നമ്മൾ മലയാളികൾക്ക് ഒരു പ്രത്യേക ചാതുര്യംതന്നെയുണ്ട്. എപ്പോഴും സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് എന്തു ത്യാഗം സഹിക്കുന്നതിനും നാം തയാറാണ്. അതുകൊണ്ടാണ് മലയാളികളുടെ വലിയൊരു പ്രവാസി സമൂഹം ഇന്ന് ലോകമെമ്പാടും ചിതറിക്കിടക്കുന്നത്.

ഇത് ഗൾഫ് പ്രവാസത്തിന്റെ അമ്പതാം വർഷമാണ്. നമ്മുടെ സാമൂഹിക-സാസ്കാരിക -സാമ്പത്തിക മണ്ഡലങ്ങളുടെയാകെ മുഖഛായ മാറ്റിയ പ്രവാസമാണ് ഗൾഫ് സമ്മാനിച്ചത്. മലയാളികളിൽ പത്തിലൊരാൾ കേരളത്തിനു പുറത്താണെന്നാണ് കണക്ക്. ഒരു തലമുറയുടെ ധീരമായ സഞ്ചാരത്തിൽ ജീവിതം നട്ടുപിടിപ്പിച്ച മലയാളി ഇന്ന് നമ്മുടെ രാജ്യത്തിന്റെ വിദേശനാണ്യശേഖരത്തിലേക്ക് പ്രതിവർഷം നൽകുന്നത് അമ്പതിനായിരം കോടി രൂപയാണ്. അവരുടെ വിയർപ്പിന്റെ വില.

എന്നാൽ വിദേശത്ത് ജീവിതം ഹോമിക്കുന്ന മലയാളിക്ക് ചിലതൊക്കെ തിരിച്ചുനൽകുവാനും നാം ബാധ്യസ്ഥരാണ്. വിദേശത്ത് നിയമക്കുരുക്കിൽപ്പെടുന്നവരെ സഹായിക്കുന്നതിന് പ്രവാസി ലീഗൽ എയ്ഡ്സെൽ തുടങ്ങി. 2012-13 ലെ ബജറ്റിൽ 3.9 കോടി രൂപ വകയിരുത്തി. നാട്ടിലേക്കു മടങ്ങുന്നതിന് 'സ്വപ്നസാഫല്യം' പദ്ധതി നടപ്പിലാക്കി.

പ്രവാസികളുടെ പുനരധിവാസത്തിന് രണ്ടു കോടിരൂപ വകയിരുത്തി. മരണാനന്തര ചടങ്ങുകൾ, കാൻസർ, ഹൃദയസംബന്ധമായ ഓപ്പറേഷൻ, ഗുരുതരമായ വൃക്കരോഗങ്ങൾ, പരാലിസിസ്, ഗുരുതരമായ അംഗവൈകല്യം എന്നിവയ്ക്ക് 'സാന്ത്വന' പദ്ധതി നടപ്പാക്കി. വിദേശത്ത് മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് കാരുണ്യ പദ്ധതിയും ആരംഭിച്ചു. മാത്രമല്ല, ഗൾഫ് മലയാളികളുടെ മക്കൾക്ക് വിവാഹധനസഹായ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. അപകട ഇൻഷുറൻസ് പദ്ധതിയും ആരംഭിച്ചു.

വിദേശത്ത് തൊഴിൽ നേടാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ നിർദേശം നൽകുന്നതിനും അനുയോജ്യമായ തൊഴിൽ സംരംഭകരെ കണ്ടെത്തുന്നതിനും ജോബ് പോർട്ടൽ ആരംഭിച്ചു. 25 ലക്ഷം രൂപ ഇതിന് വകയിരുത്തിയിട്ടുണ്ട്. വിദേശരാജ്യങ്ങളിലെ സമയക്രമവുമായി താദാത്മ്യപ്പെടുത്തി പ്രവാസികളുടെ സംശയങ്ങൾക്ക് ഏതുസമയത്തും മറുപടി നൽകുന്നതിന് ഒരു കോൾ സെന്റർ നോർക്ക ഓഫീസിൽ പ്രവർത്തനം ആരംഭിച്ചു.

ഗൾഫ് മലയാളികൾ ഇപ്പോൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിമാനസർവീസാണ്. അടിക്കടി വിമാനങ്ങൾ റദ്ദാക്കുക, വിമാന ടിക്കറ്റ് നിരക്ക് ഭീമമായി കൂട്ടുക തുടങ്ങിയവ ഗൾഫ് മലയാളികൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. സംസ്ഥാനസർക്കാർ ഇക്കാര്യങ്ങളിലൊക്കെ സജീവമായ ഇടപെടൽ നടത്തുകയും കുറെയൊക്കെ പരിഹാരം കണ്ടെത്തുകയും ചെയ്തു. എങ്കിലും ശാശ്വതപരിഹാരം കേരളത്തിന്റെ സ്വന്തം വിമാനസർവീസ് പദ്ധതിയായ എയർ കേരള എത്രയും വേഗം ആരംഭിക്കുയെന്നതാണ്. പതിനായിരം രൂപ നിരക്കിലാണ് എയർ കേരള ഓഹരി നൽകുന്നത്. എയർ കരള, ജനങ്ങളുടെ വിമാനമായിരിക്കും. ഇത് സഫലമാക്കാൻസർക്കാർ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവരുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് സംഭവിക്കുന്നുണ്ടെന്നാണ് പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനർഥം അവിടുത്തെ അവസരങ്ങൾ കുറഞ്ഞുവരുന്നതായും സംസ്ഥാനത്തു തൊഴിൽ ചെയ്തു ജീവിക്കുന്നതിനുള്ള സാഹചര്യം മെച്ചപ്പെട്ടുവരുന്നുവെന്നുമാണ്. സ്വന്തം നാട്ടിൽ തൊഴിൽ ചെയ്ത് കുടുംബത്തോടൊപ്പം സന്തോഷത്തോടെ ജീവിക്കുകയെന്നത് ഓരോ മനുഷ്യന്റെയും സ്വപ്നമാണല്ലോ. നമ്മുടെ നാടും അതിന് അനുയോജ്യമായി തീരുന്നുവെന്നതിൽ സന്തോഷമുണ്ട്.

നമ്മുടെ നാടിന്റെ വികസനത്തിന് നിർണായക സംഭാവനകൾ നൽകുന്ന പ്രവാസി സമൂഹത്തിന് ഒരു സർക്കാരിന് കഴിയുന്നിടത്തോളം ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രമിക്കുന്നുണ്ട്. നമ്മുടെ സാമ്പത്തിക വികസനത്തിൽ വിദേശമലയാളികളുടെ സ്ഥാനം വളരെ നിർണായകമാണ്. അവരുടെ ക്ഷേമകാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കേണ്ടത് നാം ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ■